The Kerala Agrarian Relations Bill, 1957 (*contd.*)

ശ്രീ. മീനത്തേത്തു ഗോപിനാഥപിള്ള: ഈ രാജ്യത്തു പുരോഗമനപരമായ കാർഷിക പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനെ എതിർക്കുന്ന ഒരു കൂട്ടം ആളുകളാണ് കോൺഗ്രസ്സുകാരെന്നുള്ള എന്റെ സുഹൃത്തു ശ്രീ. ഇ. പി. ഗോപാലന്റെ അഭിപ്രായത്തിനു ഏതാണ്ടു ഒരു മറുപടി പറഞ്ഞാണ് ഞാൻ ഇന്നലെ അവസാനിപ്പിച്ചതു്. കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം 1917 മുതൽ നാഗപ്പൂർ സമ്മേളനം വരെ ചെയ്തിട്ടുള്ള തീരുമാനങ്ങളുടെയും കോൺഗ്രസ്സ് വിവിധ സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള പരിഷ്കാരങ്ങളുടെയും ഒരു നീണ്ട പട്ടിക ഇവിടെ വയ്ക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. നാഗപ്പൂർ സമ്മേളന തീരുമാനത്തിനുശേഷം ഈ നയത്തെപ്പററിയുള്ള കോൺഗ്രസ്സിന്റെ അവസാനത്തെ നിലപാടു ഞാൻ ചെറുതായി പ്രതിപാദിക്കാമെന്നാണ് വിചാരിക്കുന്നതു്.

"The recommendations of the A. I. C. C. Agricultural Production Sub Committee's report and the contents of the resolution as finally adopted may be grouped under the following heads:

(i) abolition of the intermediary estatedars or non-ryotwari tenures mostly;

(ii) concept of personal cultivation, giving security of tenure, fixation of rents, prevention of ejectment of tenants and their restoration, etc. and an interim arrangement;

(iii) abolition of tenancy itself and transforming tenants into owners;

(iv) ceilings on current and future holdings on area and not on income basis;

(v) strengthening rural institutions and vesting of land in the village panchayats;

(vi) cultivation of surplus lands, etc., by co-operative farming societies and landless labour;

(vii) establishment of service co-operatives;

(viii) encouragement of joint co-operative farming in the future agrarian pattern and its expansion; and

(ix) other measures as improving crop yields per acre, fixing floor prices of crops and State trading in food grains.''

ഇത്രയും ആണ് അഖിലേന്ത്യാടിസ്ഥാനത്തിൽ കോൺഗ്രസ്സ് ഗവണ്മെന്റുകൾ മിക്കവാറും എല്ലാ സംസ്ഥാനങ്ങളിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതു്. അപ്പോൾ എന്റെ സുഹൃത്തുക്കൾ വിചാരിച്ചതു് ശരിയാണോ എന്നാണ് നോക്കേണ്ടതു്. അതു അടിസ്ഥാനരഹിതമാണെന്നു ഇൻഡ്യയിലെ കാർഷികരംഗത്തെ സൂക്ഷ്മമായി വീക്ഷിച്ചുകൊണ്ടിരിക്കുന്ന ആളുകൾ വളരെവേഗം സമ്മതിക്കുന്ന ഒരു കാര്യമാണ്. ഈ ബില്ലിന്റെ ഉദ്ദേശകാരണവിവരണത്തിൽ ഇങ്ങനെയാണ് ഒന്നാമത്തെ ഖണ്ഡികയിൽ പറയുന്നതു്.

"It is considered necessary to enact a measure fixing a ceiling for the extent of holdings."

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. മാധവത്തു ഗോപിനാഥപിള്ള]

ബില്ലിന്റെ ഉദ്ദേശം ഹോൾഡിംഗിനു് ഒരു സീലിംഗ് നിശ്ചയിക്കുക എന്നുള്ളതാണു്. ആ തത്വം കോൺഗ്രസ്സ് ഇന്നും ഇന്നലെയും സ്വീകരിച്ചിട്ടുള്ളതല്ല. ഇവിടത്തെ പി. എസ്സ്. പി. ഗവണ്മെന്റിന്റെ ബില്ലുകളെ വിമർശിച്ചുകൊണ്ടു ഇന്നു ആഭ്യന്തരമന്ത്രിയായിരിക്കുന്ന ശ്രീ. അച്യുതമേനോൻ എഴുതിപ്രസിദ്ധീകരിച്ച ഒരു ചെറിയ ലേഖനത്തിൽ തന്നെ കോൺഗ്രസ്സ് ഉപരിധി നിർണ്ണയത്തിനു് വളരെ കാലംമുമ്പു മുതൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ടെന്നു സമ്മതിക്കുന്നുണ്ടു്. അങ്ങനെ ഈ വിഷയത്തിൽ കോൺഗ്രസ്സ് വഹിച്ചിട്ടുള്ള പങ്കു് അതിൽ പ്രതിപാദിക്കുന്നുണ്ടു്. അപ്പോൾ ഞങ്ങളാരും സീലിംഗ് നിശ്ചയിക്കുന്നതിനു് എതിരല്ലെന്നു കാണാം. പിന്നെ ഉദ്ദേശകാരണവിവരണത്തിൽ പറഞ്ഞിട്ടുള്ളതു് ഇങ്ങനെയാണു്:

"and regulating and defining the rights and obligations of all categories of tenants including cultivators on various types of precarious tenures and arrangements."

കൃഷിക്കാർക്കുള്ള അവകാശങ്ങളും ബാദ്ധ്യതകളും ക്രമീകരിക്കുകയും അവക്കെല്ലാം ഫിക്സിറ്റി നൽകുകയും വേണമെന്നാണു് അവസാനഭാഗത്തു പറയുന്നതു്. ഈ ബില്ലിൽ കൃഷിക്കാർക്കു ശാശ്വതമായ സംരക്ഷണം നൽകുന്നതിനു് കുറെ വ്യവസ്ഥകൾ ഉണ്ടു്. സീലിംഗിനെ സംബന്ധിച്ചും കുറെ വ്യവസ്ഥകൾ ഉണ്ടു്. കോൺഗ്രസ്സ് അതിപ്രധാനമായി ചൂണ്ടിക്കാണിച്ചിട്ടുള്ളതും ഈ രാജ്യത്തെ കാർഷികപ്രശ്നങ്ങൾ പഠിച്ചിട്ടുള്ള ആളുകൾ ഏകകണ്ഠമായി ചൂണ്ടിക്കാണിച്ചിട്ടുള്ളതുമായ ഭൂമി തുണ്ടുതുണ്ടാകുന്നതിനെ തടയാനുള്ള യാതൊരു വ്യവസ്ഥയും ഈ ബില്ലിൽ ഇല്ലെന്നു ഞാൻ ചൂണ്ടിക്കാണിക്കുകയാണു്. പ്രത്യേകിച്ചും കേരളത്തിലെ കൂട്ടുടമ കൈവശ വ്യവസ്ഥയുടെ പശ്ചാത്തലത്തിൽ അതു വളരെ പ്രാധാന്യം അർഹിക്കുന്നതാണു്. അങ്ങനെ കൃഷിക്കാർക്കു അനുഗുണമായ ഒരു നിയമനിർമ്മാണംവഴി ഉപരിധി നിർണ്ണയിക്കുന്നതിനെ ഈ സഭയിലെ ആരുംതന്നെ എതിർത്തിട്ടില്ലെന്നു ആവർത്തിച്ചാവർത്തിച്ചു് ഞാൻ പ്രഖ്യാപിക്കുകയാണു്. അപ്പോൾ ഇതിനകത്തു പുതിയ എന്തെങ്കിലും കാര്യങ്ങൾ കൊണ്ടുവന്നിട്ടുണ്ടോ എന്നാണു് നാം നോക്കേണ്ടതു്. പുതിയതായി താത്വികമായി ഒന്നുംതന്നെ ഈ ബില്ലിൽ ഇല്ല. കമ്മ്യൂണിസ്റ്റു പാർട്ടിയുടെ വിശ്വാസപ്രമാണങ്ങൾ അനുസരിച്ചുള്ള ഒരു കാഴ്ചപ്പാടിൽ അല്ല ഇതെന്നു ഞാൻ വ്യക്തമാക്കാതെതന്നെ ഗവണ്മെന്റു സമ്മതിക്കുമെന്നാണു് വിശ്വസിക്കുന്നതു്. ഗവണ്മെന്റുതന്നെ ആവർത്തിച്ചാവർത്തിച്ചു പറഞ്ഞിട്ടുണ്ടു് കോൺഗ്രസ്സിന്റെ നയപരിപാടികൾ നടപ്പിലാക്കാൻ വേണ്ടി പ്ലാനിംഗ് കമ്മീഷന്റെ നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ടാണു് ഈ ബിൽ കൊണ്ടുവന്നതെന്നു്.

ആ കാര്യത്തെ സംബന്ധിച്ചു് തെററിദ്ധരിപ്പിക്കുന്ന പ്രസ്താവനകൾ ചെയ്യാതിരിക്കാൻ വേണ്ടിമാത്രം ഇത്രയും പറഞ്ഞതാണു്. എന്റെ പരാതി ഈ ബില്ലിനെപ്പററി ആലോചിക്കുന്നതിനുമുമ്പുതന്നെ ഉ ബോധങ്ങൾ ശരിയായി കണക്കിലെടുത്തുകൊണ്ടല്ലാ, ഈ നിയമനിർമ്മാണം ഇവിടെ കൊണ്ടുവന്നതു് എന്നാണു്. 1959-നകം സീലിംഗിനെപ്പററിയുള്ള വ്യവസ്ഥ ഇൻഡ്യയിൽ നടപ്പിലാക്കണമെന്നു കോൺഗ്രസ്സ് അഭിപ്രായപ്പെട്ടിരിക്കുമ്പോൾ സീലിംഗിനെപ്പററി ഇവിടത്തെ കോൺഗ്രസ്സുകാർ ഒന്നും പറഞ്ഞിട്ടില്ലെന്നു പറയുന്നതു് ശരിയല്ല. സീലിംഗ് മാത്രമല്ലാ, ഈ നിയമനിർമ്മാണം എന്നു നമുക്കറിയാം. ഈ നിയമനിർമ്മാണത്തെപ്പററി ആലോചിക്കാൻ തുടങ്ങുന്നതിനുമുമ്പു് ഇവിടത്തെ ഒരു ലാൻഡ് സെൻസസ് എടുക്കണമെന്നു ഞങ്ങൾ ആവർത്തിച്ചാവർത്തിച്ചു ആവശ്യപ്പെട്ടിട്ടുള്ളതാണു്. എന്നാൽ അതിനെ സംബ

LIBRARY ARCHIVES Kerala Legislative Assembly

ന്ധിച്ച് ഗവണ്മെന്റ് യാതൊന്നും ചെയ്തിട്ടില്ല. ഈ ഭൂനയബില്ലുകൊണ്ട് ആർക്കെല്ലാം ഗുണമുണ്ടാകും, അല്ലെങ്കിൽ അവസാനിക്കാത്ത ദോഷമുണ്ടാകുമെന്നു വിശ്വസിക്കത്തക്ക യാതൊരു രേഖയും ഇല്ലാതെയാണല്ലോ ഇപ്പോൾ ഈ ബില്‍ കൊണ്ടുവന്നിരിക്കുന്നത്. അതിനാൽ ഈ ബില്ലുകൊണ്ട് ഗുണം ആർക്കാണ്, ദോഷം ആർക്കാണ് എന്ന് നിർണ്ണയിക്കാൻ തരമില്ല. ഒരു മാതിരി പൊട്ടന്റെ മാവേറുപോലെ കുറെയാളുകളുടെ അടുക്കൽനിന്നും ഭൂമി എടുക്കുക, കുറെയാളുകൾക്ക് കൊടുക്കുക എന്ന ആശയം മാത്രം മനസ്സിൽ വച്ചുകൊണ്ട് കൊണ്ടുവന്നിട്ടുള്ള ഒരു ബില്ലാണ് ഇത്. കമ്മ്യൂണിസ്റ്റ് പാർട്ടിതന്നെ, ഗവണ്മെന്റില്ലാതിരുന്ന കമ്മ്യൂണിസ്റ്റുകക്ഷിതന്നെ തിരുവിതാംകൂർ-കൊച്ചിയിൽ കൃഷി ചെയ്യുന്ന ഭൂമി ആകെ മുപ്പത്തിനാലു ലക്ഷത്തിൽ കുറവാണെന്ന് 1959 സെപ്റ്റംബറിൽ പുറപ്പെടുവിച്ച ഒരു പ്രസ്താവനയിൽ പറയുന്നുണ്ട്. അപ്പോൾ ആളൊന്നുക്ക് മൂന്നിലൊന്ന് ഏക്കർ മാത്രമാണുള്ളത്. ഇൻഡ്യയിൽ ആകെ ആളൊന്നുക്ക് ഏഴരയേക്കറാണെങ്കിൽ, തിരുവിതാംകൂർ-കൊച്ചിയിലേത് 2.11 ഏക്കറും, ഹൈദ്രാബാദിലേത് 14.01 ഏക്കറും ആകുന്നു. മററു പല സ്റ്റേറ്റുകളിലും ഉള്ളതുപോലെയുള്ള നാടുവാഴി സമ്പ്രദായമോ, സെമിന്ദാരി സമ്പ്രദായമോ തിരുവിതാംകൂർ-കൊച്ചിയിൽ ഇല്ല. ആ സമ്പ്രദായത്തോട് അടുത്തുനിൽക്കുന്നത്, തിരുവിതാംകൂറിൽ ശ്രീപാദം, ശ്രീപണ്ടാരവക ഇവയും, കൊച്ചിയിൽ പുറവകയും മാത്രമാണ്. തിരുവിതാംകൂറിൽ ഭൂവുടമയുള്ളവരിൽ എഴുപതു ശതമാനം ഭൂമിയും പണ്ടാരവകഭൂമികളാണ്. ഞാൻ ഇത്രയും ചൂണ്ടിക്കാണിച്ചത് കമ്മ്യൂണിസ്റ്റുകാർ അധികാരത്തിൽ വന്നതിനുശേഷം കൊണ്ടുവന്നിരിക്കുന്ന നിയമനിർമ്മാണത്തിൽ ഈ വക സവിശേഷതകൾ പ്രത്യേകമായി കണക്കിലെടുത്തുകൊണ്ട് അങ്ങനെയുള്ള പ്രത്യേകതകൾമൂലം സാധാരണ പൊതുജനങ്ങൾക്ക് ദോഷമുണ്ടാകാതിരിക്കത്തക്കവിധത്തിൽ എന്തെല്ലാം വ്യവസ്ഥകളാണ് ഈ ബില്ലിനകത്ത് ഉൾപ്പെടുത്തിയിട്ടുള്ളതെന്നു കാണിക്കാൻവേണ്ടിയാണ്. ടെനൻറ്സിന് ഫിക്സിററി ഓഫ് ടെനച്വർ കൊടുക്കുന്നതിനോടു ഞങ്ങൾ എതിരല്ല. എന്നാൽ കൊടുത്തിരിക്കുന്ന വിധം തെററിപ്പോയി എന്നു ഞങ്ങൾ പറഞ്ഞിട്ടുണ്ട്. ഇവിടെ ഭേദഗതികളുടെ ഒരു പരമ്പരതന്നെ കാണാവുന്നതാണ്. ഗവണ്മെൻറു ഭാഗത്തുനിന്നും അനവധി ഭേദഗതികൾ കൊണ്ടുവന്നിട്ടുണ്ട്. ഈ ബില്ലിനകത്ത് ടെനൻറ്സിന്റെ കൂട്ടത്തിൽ വാരംദാരെയും ഉൾപ്പെടുത്തിയിട്ടുണ്ട്. വാരംദാരെയും ടെനൻറായി അംഗീകരിക്കുന്നതിൽ ഞാൻ എതിരല്ല. പക്ഷെ, എല്ലാ വാരംദാരന്മാരേയും ടെനൻസായി അംഗീകരിച്ചാൽ പാവപ്പെട്ട ഭൂവുടമസ്ഥന്മാർക്ക് വിഷമമുണ്ടാകുമെന്ന് ഈ രാജ്യത്തെ സാധാരണക്കാരോട് ഉത്തരവാദിത്വമുള്ള ഒരു രാഷ്ട്രീയ പാർട്ടി എന്ന നിലയിൽ പറയാതെ തരമില്ല. അതുകൊണ്ട് ഞങ്ങൾ പറയുന്നത്, കുറഞ്ഞപക്ഷം ആറു കൊല്ലമെങ്കിലും കൈവശമുള്ള ആളുകളെ മാത്രമേ വാരംദാരായി ഗണിക്കാവൂ എന്നാണ്. അത്രയും കൊല്ലമെങ്കിലും, ഭൂമി കൈവശം വച്ച് പേഴ്സണൽ കൾട്ടിവേഷൻ നടത്തുന്നയാളുകൾക്കുമാത്രമേ ടെനൻസി അനുവദിക്കാവൂ എന്നുള്ളതാണ് വാരംദാരെ സംബന്ധിച്ചുള്ള ഞങ്ങളുടെ പാർട്ടിയുടെ അടിസ്ഥാനതത്വം. പൂനം കൾട്ടിവേഷനേയും ടെനൻസിയുടെ കൂട്ടത്തിൽ ഗണിച്ചിരിക്കുകയാണ്. അതിനെപ്പററിയും ഞങ്ങൾക്ക് വളരെ ആക്ഷേപങ്ങൾ ഉണ്ട്. മറെറാന്ന്, അഭിപ്രായവ്യത്യാസമുള്ള കാര്യമാണ്, ഭൂബന്ധബില്ലിന്റെ പരിഗണനയിൽനിന്നും ടെനൻസി പരിഗണനയിൽനിന്നും ഇവിടത്തെ മോർട്ടുഗേജുകളെയെല്ലാം മാററിനിറുത്തിയിരിക്കുകയാണ്. യൂസുഫ്രക്ച്വർ മോർട്ടുഗേജുപോലും ഇതിൽനിന്നും ഒഴിച്ചുനിറുത്തിയിരിക്കുന്നു. ഒററിപ്പണയം, ഇറക്കിപ്പണയം മുതലായവയെല്ലാം ഒഴിവാക്കിയിരിക്കുകയാണ്. വച്ചുപകുതിയുടെ കാര്യത്തെപ്പററി പ്രത്യേകം പറയേണ്ടതുണ്ട്. ഈ രാജ്യത്തെ ഭൂബന്ധങ്ങളെ സംബന്ധിച്ച് ഇതിനുമുമ്പ് ശ്രീ. കോമാട്ടിൽ അച്യുതമേനോൻ അദ്ധ്യക്ഷനായി ഒരു കമ്മിററിയെ നിയമിച്ച് ചില അന്വേഷണങ്ങൾ നടത്തുകയുണ്ടായി. ആ കമ്മിററി ഒരു റിപ്പോർട്ടും സമർപ്പിച്ചിട്ടുണ്ടായിരുന്നു. ആ റിപ്പോർട്ടിൽ 60-ാമത്തെ പേജിൽ 99-ാമത്തെ ഖണ്ഡിക ഇങ്ങനെയാണ് തുടങ്ങുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. മാലേത്ത് ഗോപിനാഥപിള്ള.]

"The case of what is known as an 'otti' grant deserves separate treatment. These ottis, we find from the evidence, take various forms. They are now treated as mortgages for purposes of redemption" "Vechupakuthi ottis" look like reclamation contracts. These are again ottis, accompanied by payment of michavarom to the landlord." (Land Policy Committee Report by Shri Komatil Atchutha Menon). വച്ചുപാതി ഒററികളാണെന്നു ഇതിൽ പറഞ്ഞിരിക്കുന്നു. അതിനെ സംബന്ധിച്ച് കോടതികളിൽ എന്തെല്ലാം ഉണ്ടാകാൻപോകുന്നു എന്നു കണ്ടുതന്നെ അറിയണം. വച്ചുപാതി ഒററിയായി കണക്കാക്കണമെന്നു കാണിച്ച് ഞാൻ ഭേദഗതി അയച്ചിരുന്നു. എന്നാൽ തക്കസമയത്തു് ഞാൻ ഇവിടെ ഇല്ലായിരുന്നതുകൊണ്ടു് മൂവുചെയ്യാൻ സാധിച്ചില്ല. അതു് ഒററിയായി പരിഗണിക്കാതിരുന്നതു് ശരിയായില്ല.

അടുത്തതു്, ഫെയർ റെൻറിനെപ്പററിയാണ്. ഫെയർറെൻറ് വേണമെന്നുള്ളതു് ഞങ്ങളെല്ലാവരും അംഗീകരിക്കുന്ന ഒരു തത്വമാണ്. പക്ഷേ, ഫെയർ റെൻറ് നിശ്ചയിക്കുന്നതു് ഈ രാജ്യത്തെ ഇപ്പോൾ നടപ്പിലിരിക്കുന്നതും, തലമുറതലമുറയായി ജന്മിക്കും, കുടിയാനും ദോഷമില്ലാത്ത രീതിയിൽ നടന്നുകൊണ്ടിരുന്നതും ആയ റെൻറായിരിക്കണം. ആ തത്വം ഈ ബില്ലിൽ സ്വീകരിച്ചിട്ടില്ല. കമ്മ്യൂണിസ്ററുകാർ ഇന്നു ഭരിക്കുന്നു എന്നുള്ള നിലയിലല്ല, നാളെ ഈ രാജ്യത്തെ ഭരണം വേണമെങ്കിൽ ഉത്തരവാദിത്വത്തോടുകൂടി ഏറെറടുത്തു നടത്തുവാൻ തയാറുള്ള ഒരു പാർട്ടിയെന്ന അടിസ്ഥാനത്തിൽ നിന്നുകൊണ്ടു് ഞങ്ങൾ പറയുന്നു, ഫെയർ റെൻറിനു ഇപ്പോൾ വസ്തുവുമായി യാതൊരു ബന്ധവുമില്ല എന്നു്. സർ, ഞാൻ ഇതിലെ ഷെഡ്യൂളിലേക്കു് അങ്ങയുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. ഫെയർ റെൻറ് കുറച്ചതു കാരണം, അതിനെ അടിസ്ഥാനമാക്കി പിന്നീടുവരുന്ന എല്ലാ കാര്യങ്ങൾക്കും കുഴപ്പമുണ്ടായിട്ടുണ്ട്. ഫെയർറെൻറിൻെറ അടിസ്ഥാനത്തിലാണ് കാമ്പൻസേഷൻ നിശ്ചയിക്കുന്നതു്. ഫെയർറെൻറ് മാന്യമായ ഒന്നായിരുന്നെങ്കിൽ കാമ്പൻസേഷനും മാന്യമായിരുന്നേനേ. ഫെയർറെൻറ സാധാരണക്കാർക്ക് നഷ്ടംവരുത്തുന്ന ഒന്നായിരുന്നില്ലെങ്കിൽ ആ കുഴപ്പം ഉണ്ടാകുമായിരുന്നില്ല. ഏഴും, പതിനഞ്ചും വകുപ്പുകളിൽ റിസംപ്ഷൻ റൈററ് കൊടുക്കുന്നുണ്ട്. എന്തുകൊണ്ടാണ റിസംപ്ഷൻ റൈററ് എല്ലാ പാർട്ടിക്കാരും അംഗീകരിച്ചതു്. സാധാരണ ചെറുകിടകൃഷിക്കാരായ ജന്മികളെ സംബന്ധിച്ചിടത്തോളം അവർക്കു ജീവിക്കുന്നതിനുള്ള അവസരം കൊടുക്കണം. ജന്മികളും, കുടിയാന്മാരും രണ്ടാളുകളല്ലെന്നും, അവർ തമ്മിൽ യാതൊരു വ്യത്യാസവുമില്ലെന്നും ഉള്ള അടിസ്ഥാനത്തിലാണ് റിസംപ്ഷൻ റൈററ് കൊടുത്തിരിക്കുന്നതു്. എന്നാൽ ഇവിടെ കൊടുത്തിരിക്കുന്നതു് വെറും ഒരു കൽഹാരകുസുമമാണ്. ഇവിടെ കൊടുത്തിരിക്കുന്ന ഏഴും, പതിനഞ്ചും വകുപ്പുകൾകൊണ്ട് ഇവർ ഉണ്ടാക്കിയിരിക്കുന്ന ലാൻഡ് ട്രിബ്യൂണൽ കയറിയിറങ്ങിവരുമ്പോൾ പിന്നെ എന്തുണ്ടാകുമെന്നു കണ്ടുതന്നെ അറിയേണ്ടിയിരിക്കുന്നു. കാമ്പൻസേഷൻ വളരെ കുറഞ്ഞുപോയി. സീലിംഗിനെപ്പററി ഞങ്ങൾ പറഞ്ഞതു്, അതു വിസ്തീർണ്ണത്തിൻെറ അടിസ്ഥാനത്തിൽത്തന്നെയായിരിക്കണമെന്നു്, അങ്ങനെ വിസ്തീർണ്ണമൊക്കെ കണക്കാക്കുമ്പോൾ കുറെയൊക്കെ ആദായവും കണക്കാക്കണം എന്നുമാണ്. അതനുസരിച്ച് ചില ഭേദഗതികളും ഞങ്ങൾ ഹാജരാക്കി. ഇതൊക്കെ ഞങ്ങൾ പറയുമ്പോൾ നാഗപ്പൂർ പ്രമേയത്തെയും, ആ പ്രമേയത്തിലെ അവസാന വാചകത്തെയും മററും എടുത്തു ഉദ്ധരിച്ചുകൊണ്ട് ഞങ്ങളെ തിരിച്ചടിക്കുകയല്ലാ വേണ്ടതു്. കമ്മ്യൂണിസ്റ്റുകാർതന്നെ ഒരാണ്ടിൽ കുടുംബത്തിനു 3600 രൂപ ആദായം കണക്കാക്കിയാണ് ഭൂമിയൊക്കെ സീലിംഗ് ഏർപ്പെടുത്തിയിട്ടുള്ളതെന്നു പറയുകയുണ്ടായി. ആ വകുപ്പിനെപ്പററി ഞങ്ങൾ പറഞ്ഞപ്പോൾ രാജസ്ഥാനിലെ ചില ക്ലാസ്സിഫിക്കേഷൻ കാണി

LIBRARY ARCHIVES Kerala Legislative Assembly

ക്കുകയുണ്ടായി. ഭൂമിയെ രണ്ടുമൂന്നു ക്ലാസ്സുകളായി തിരിച്ചുകൊണ്ട് ഏക്കറേജിന്റെ അടിസ്ഥാനത്തിൽ സീലിംഗ് നിശ്ചയിക്കണമെന്നാണ് ഞങ്ങൾ പറഞ്ഞതു്. ഒന്നാംക്ലാസ്സ് ഭൂമിക്ക് പതിനഞ്ചേക്കർ സീലിംഗ് വേണമെന്നു കമ്മ്യൂണിസ്റ്റുപാർട്ടി പറഞ്ഞപ്പോൾ പത്തേക്കർ മതി എന്നാണ് ഞങ്ങൾ പറഞ്ഞതു്. ശ്രീ. ഇ. പി. ഗോപാലന്റെ ഭാഷയിൽ പറഞ്ഞാൽ, ഈ രാജ്യത്തെ സാമാന്യജനങ്ങളുടെ ശത്രുവായ കാൺഗ്രസ്സുപാർട്ടി പത്തേക്കർ സീലിംഗ് ഏർപ്പെടുത്തണമെന്നു പറഞ്ഞപ്പോൾ പുരോഗമനക്കാരായ, വളരെക്കാലമായി സാധാരണക്കാരുടെ മച്ചമ്പിമാരായ കമ്മ്യൂണിസ്റ്റുകാർ പറയുന്നതു് പതിനഞ്ചേക്കർ വേണമെന്നാണ്. ആരാണ് മൂരാച്ചികൾ, ആരാണു മച്ചമ്പിമാർ എന്നു ജനങ്ങൾതന്നെ വിധി കല്പിച്ചുകൊള്ളട്ടെ.

ലാൻഡ് ട്രിബ്യൂണലിനെപ്പററി ഇവിടെ ധാരാളം പറഞ്ഞുകഴിഞ്ഞു. ട്രിബ്യൂണൽ ഒരു ആഫീസ്സറായിരിക്കണമെന്ന് ഈ ഭാഗത്തുനിന്നും കട്ടായമായി പറഞ്ഞിട്ടുള്ളതാണ്. ഇതു് വയററപ്പാട്ടിന്റെ കാര്യമാണ്. ആയിരമായിരം പെണ്ണുങ്ങളുടേയും, ആണുങ്ങളുടേയും, കുഞ്ഞുകുട്ടികളുടേയും കാര്യമാണ്. ലാൻഡ് ട്രിബ്യൂണൽ 12-ാം സെക്ഷൻ അനുസരിച്ചു് പറഞ്ഞിരിക്കുന്നതു്, അതു രണ്ടു പഞ്ചായത്തു മെമ്പറന്മാരും, മൂന്നുകൊല്ലത്തിൽ കൂടുതൽ പ്രാക്ടീസുള്ള ഒരു കൊച്ചുവക്കീലും കൂടിച്ചേർന്ന ഒന്നാണെന്നാണ്. അതു കഴിഞ്ഞു് അപ്പീൽക്കോടതിയായി ഒരു സബാർഡിനേററ കോടതിയേയും അംഗീകരിച്ചിട്ടുണ്ട്. അങ്ങനെയൊക്കെയാണെങ്കിലും, ഈ ബില്ലിനകത്തു്, ഒരു സിവിൽക്കോടതിയുടെ എല്ലാ അധികാരങ്ങളും, സിവിൽക്കോടതിയുടെ സാങ്കേതികത്വത്തിന്റെ അക്ഷരമാലപോലുമറിവില്ലാത്ത ആളുകൾക്ക് എല്ലാ അധികാരങ്ങളും കൊടുത്തിരിക്കുകയാണ്. വലിയ അനീതിയായിട്ടുള്ള ഒരു കാര്യമാണ് അതു്.

ഇനി എനിക്കു കുടികിടപ്പുകാരെക്കുറിച്ചു് ഒരു വാക്കു പറയുവാനുണ്ട്. ശ്രീ. കെ. ആർ. നാരായണൻ ഇന്നലെ ഇവിടെ പ്രസംഗിച്ചുകൊണ്ടു നിന്നപ്പോൾ, ചില കോടതികളിൽ വിദഗ്ദ്ധന്മാരായ വക്കീലന്മാർ ക്രോസ്സ് ചെയ്യുന്നതുപോലെ, ആ ഭാഗത്തുനിന്നും രണ്ടുമൂന്നു സ്നേഹിതന്മാർ ചില കാര്യങ്ങൾ ചോർത്തിച്ചോർത്തി ചോദിക്കുന്നതായി കേട്ടു. അഞ്ചു സെന്റിനുവേണ്ടിയല്ലാ, ശ്രീ. കെ. ആർ നാരായണൻ വാദിച്ചതു്. രാജ്യത്തു് നീതി നടക്കണമെന്നുള്ള വിചാരത്തോടുകൂടി സാമാന്യജനങ്ങളോടു ഉത്തരവാദിത്വമുള്ള ഒരു പാർട്ടിയിലെ ഒരംഗമെന്ന നിലയിൽ അദ്ദേഹം പറയുകയായിരുന്നു. ഈ ഭൂനയബിൽ നോക്കിയാൽ അതു ഇംപ്ലിമെന്റു ചെയ്യണമെന്നുള്ള ബാദ്ധ്യതകൂടി കണക്കിലെടുത്തുകൊണ്ടാണ ഞങ്ങൾ ഭേദഗതികൾ വരുത്തണമെന്നു ആവശ്യപ്പെടുന്നതു് എന്നാൽ ഇന്നത്തെ ഭരണകക്ഷിക്കു എങ്ങനെയെങ്കിലും ഇതു പാസ്സാക്കണമെന്നുള്ളതിൽക്കവിഞ്ഞു്, അതു ഇംപ്ലിമെന്റു ചെയ്യണമെന്നുള്ള വിചാരലേശംപോലും ഇല്ലെന്നു തോന്നിപ്പോകുന്നു. ബിൽ എങ്ങനെയെങ്കിലും പാസ്സായിക്കഴിഞ്ഞാൽ ആരെങ്കിലും തങ്ങളെ ഇറക്കിവിട്ടുകൊള്ളുമെന്നു പറഞ്ഞിരിക്കുകയാണ്. ചില കാരണവന്മാർ കുടുംബം നശിപ്പിച്ചതിനു ശേഷം അനന്തരവന്മാർ എന്തുവേണമെങ്കിലും ചെയ്യട്ടെ എന്നു കരുതിക്കൈയും കെട്ടിയിരിക്കുന്നതുപോലെ ഇരിക്കുകയാണ്. ഇംപ്ലിമെന്റു ചെയ്യുന്നവരുടെ തലയിൽ ഈ കീറാമുട്ടി കൊണ്ടുവച്ചിട്ട് പോകാമെന്നാണു വിചാരിക്കുന്നതു്.

ടെനന്റിനു ഏലിനേഷൻ കൊടുക്കണമെന്നു ഞങ്ങൾ പറഞ്ഞു. അതു പറഞ്ഞപ്പോൾ പറയുകയാണ്, ടെനന്റ്സിനു കൊടുക്കുന്ന ഭൂമിയെല്ലാം അവർക്കു കൊടുക്കാതിരിക്കുവാൻവേണ്ടി പറയുകയാണെന്നു്. ഞങ്ങൾ എല്ലാവർക്കും ഭൂമി കൊടുക്കാൻ പോകുന്നു, കിടപ്പാടം കൊടുക്കാൻ പോകുന്നു, എന്നാണു പറയുന്നതു്. ആയിരമായിരം പുലയരും, പറയരും കമ്മ്യൂണിസ്റ്റുകാരുടെകൂടെ നിന്നു ഇങ്ക്വിലാബ് വിളിച്ചിട്ടുണ്ട്. എന്നാൽ ഈ ബില്ലുകൊണ്ടു് അവർക്കാർക്കും അരക്കാശിന്റെ ഗുണം കിട്ടാൻപോകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. മാലേത്തു ഗോപിനാഥപിള്ള]

ഒരു കാര്യംകൂടി പറഞ്ഞുകൊണ്ടു് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കാം. അതു് പുതിയ ക്ലാസിനെപ്പററിയാണു്. പുതിയ 75-ാമത്തെ ക്ലാസിനെപ്പററിയാണു ഞാൻ പറയുന്നതു്. ശ്രീ. കെ. കെ. വിശ്വനാഥൻ സൂചിപ്പിച്ചതുപോലെ ആണു് ഞാനും അതിനെപ്പററി വിചാരിക്കുന്നതു്. അവസാനത്തെ നിമിഷത്തിൽ വകുപ്പു വകുപ്പായിട്ടു് അനവധി ഭേദഗതികൾ ഇവിടെ ഹാജരാക്കി പാസ്സാക്കിയെടുക്കുകയുണ്ടായി. ഇപ്പോൾ പുതിയ ഒരു ക്ലാസ്സു് കൊണ്ടുവന്നിരിക്കുകയാണു്.

75. Special provision relating to leases for com ercial or industrial purposes. — Notwithstanding anything contained in this Act or in any other law or in any contract or order or decree of court where on any land leased for commercial or industrial purpose the lessee has constructed buildings for such commercial or industrial purpose before the 18th December 1957, he shall not be liable to be evicted from such land but shall be liable to pay rent under the contract of tenancy. Such rent shall be liable to be varied every twelve years on the notion of the lessor or the lessee, in such manner as may be prescribed. അതിലെ ഹെഡ്ഡിംഗ് തന്നെ ഒന്നു നോക്കേണ്ടതാണു്. ഇന്നലെ ശ്രീ. ജോസഫ് ചാഴിക്കാട്ടു് പറഞ്ഞതുപോലെ ഈ ബിൽ ഇവിടെ കൊണ്ടുവന്നിരിക്കുന്നതു് അഗ്രേറിയൻ റിലേഷൻസ് ബിൽ എന്ന പേരിലാണു്. കാർഷിക ഭൂമിയെ സംബന്ധിച്ചു് ഈ രാജ്യത്തു് എങ്ങനെ നിയമനിർമ്മാണം നടത്തണമെന്നതിനെപ്പററി ആലോചിക്കുവാൻ വിവിധ രാഷ്ട്രീയ പാർട്ടിക്കാരും ഉത്തരവാദിത്വമുള്ള ഇതര ജനങ്ങളുമുണ്ടു്. കാർഷിക ബന്ധബില്ലിൽ എവിടെയോ കിടക്കുന്ന രണ്ടോ മൂന്നോ മുതലാളിമാരെ പ്രീണിപ്പിക്കുവാൻവേണ്ടി അവസാന നിമിഷം യാതൊരധികാരവുമില്ലാത്ത ഈ മന്ത്രിമാർ പുതിയ ഒരു വകുപ്പുമായി വന്നിരിക്കുകയാണു്. എന്താണു് കമേഴ്സ്യൽ പ്രശ്നവും, ഇൻഡസ്ട്രിയൽ പ്രശ്നവും, കാർഷികപ്രശ്നവും ബന്ധമെന്നു ഞാൻ ചോദിക്കുകയാണു്. ഇതിൽ പറഞ്ഞിരിക്കുന്നതു്:

75. Special provision relating to leases for commercial or industrial purposes.—Notwithstanding anything contained in this Act are in any other law or in any contract or order or decree of court, where on any land leased for commercial or industrial purpose the lessee has constructed buildings for such commercial or industrial purpose before the 18th December 1957, he shall not be liable to be evicted from such land but shall be liable to pay rent und r the contract of tenancy. Such rent shall be liable to be varied every twelve years on the notion of the lessor or the le see, in such manner as may be prescribed. അനുസരിച്ചു് ടെനൻസിനു സ്ഥിരാവകാശം കൊടുത്തിരിക്കുകയാണു്. മട്ടാഞ്ചേരി മുതലായ പ്രദേശങ്ങളിൽ കപ്പലും മററും സ്വന്തമായുള്ള മുതലാളികൾക്കാണു് ഇതുകൊണ്ടു ഗുണം ഉണ്ടാകുന്നതു്. സാധാരണക്കാർക്കു വേണ്ടി കൊണ്ടുവന്നിട്ടുള്ള നിയമത്തിൽ വലിയ വലിയ ജന്മികളുടെ കാര്യമാണു പറഞ്ഞിരിക്കുന്നതു്. ചെറിയ കെട്ടിടങ്ങളുണ്ടാക്കി അതു പാട്ടത്തിനു കൊടുത്തു കിട്ടുന്ന ആദായംകൊണ്ടു് കുഞ്ഞുങ്ങളെ രക്ഷിച്ചുവരുന്ന പാവങ്ങളുമുണ്ടു്. ഏതെങ്കിലും പാവങ്ങൾ ഇങ്ങനെ വീടുകൾ കെട്ടി പാട്ടത്തിനു കൊടുത്തിട്ടുണ്ടെങ്കിൽ 1957 ഡിസംബർ 18-നു മുമ്പു് ഈ പാവപ്പെട്ട ആളുകളെ കബളിപ്പിച്ചുകൊണ്ടു് ഈ മുതലാളിമാർ ആ സ്ഥലം ഏറെറടുത്തിട്ടുണ്ടെങ്കിൽ അവർക്കു ടെനൻസി റൈററു കൊടുക്കാമെന്നു എഴുതിച്ചേർത്തിരിക്കുകയാണു്. ആരോടോ കൈക്കൂലി വാങ്ങിക്കൊണ്ടു ഇങ്ങനെയൊരു വകുപ്പു എഴുതിച്ചേർത്തിരിക്കുകയാണു്. അല്ലെ

LIBRARY ARCHIVES Kerala Legislative Assembly

കിൽ ആരെയോ പ്രീണിപ്പിക്കുന്നതിനുവേണ്ടിയാണ് ഇങ്ങനെയുള്ള വ്യവസ്ഥകൾ ഇതിൽ ചേർത്തിരിക്കുന്നതു്. അതുകൊണ്ട് ഈ ബിൽ ആകെ മാററിയെഴുതണമെന്നാണ് എൻെറ അഭിപ്രായം. ഗോപിനാഥപിള്ള ബില്ലിനെ എതിർക്കുന്നു എന്നു പറയുന്നുണ്ട്. ഞാൻ വാസ്തവത്തിൽ ബില്ലിനെ എതിർക്കുന്നില്ല. ഇതിലുള്ള വകുപ്പുകളെയാണ് ഞാൻ എതിർക്കുന്നതു്. സ്മാൾ ഹോൾഡർ എന്നുള്ള ഡെഫനിഷൻെറ ഫലത്താണ് വലിയ കള്ളത്തരം വരുന്നതു്. സ്മാൾ ഹോൾഡർ എന്നുള്ളതു 5 ഏക്കർവരെ കൈവശവും, ഉടമാവകാശവും ഉള്ളവരാണ്. അപ്പോഴും അയാളുടെ കൈവശം വസ്തു ഉണ്ടാകണം. ആകെക്കിലും ഉടമാവകാശം ഉണ്ടെങ്കിൽ അവയെല്ലാം ഇതിൽ പറഞ്ഞപ്രകാരം ഇലഞ്ഞിരിക്കുകയാണ്. ഞങ്ങൾ ഇതിനെപ്പററി വളരെ ഭേദഗതികൾ അയച്ചിരുന്നു. എന്നാൽ ആ ഭേദഗതികളൊന്നും സ്വീകരിക്കാതെ മുതലാളികളുടെ സേവപിടിക്കുന്നതിനുവേണ്ടി, അവരെ സഹായിക്കുന്നതിനുവേണ്ടി ചില വകുപ്പുകൾ ഇതിലെഴുതി ചേർക്കുകയാണ് ചെയ്തതു്. ഈ രാജ്യത്തെ കുടിയാന്മാർക്കു ഗുണം കിട്ടുന്നതായ വളരെ പരിമിതമായ വകുപ്പുകളേ ഇതിൽ ഉള്ളൂ. ഇവിടത്തെ നില കണക്കിലെടുക്കാതെ രാജ്യത്തു കുഴപ്പമുണ്ടാക്കുവാൻവേണ്ടി ഒരു ഭൂനിയമം കൊണ്ടുവന്നിരിക്കുകയാണ്. ഈ ബിൽ പാസ്സാക്കുന്നതിൽ കൂടുതലായി തങ്ങൾക്കു ചുമതല ഇല്ലെന്ന ബോധ്യത്തോടുകൂടിയാണ് അതിവിടെ പാസ്സാക്കുന്നതു്. ശ്രീ. ഇ. പി. ഗോപാലൻ ഇന്നലെ പറഞ്ഞു, ഞങ്ങൾ ധാരാളം എതിർപ്പുകൾ കണ്ടിട്ടുണ്ടെന്നു്. ഈ രാജ്യത്തെ കർഷകരെ രക്ഷിച്ചിട്ടുള്ളതു ഞങ്ങളാണെന്നു പറഞ്ഞു. പാവപ്പെട്ട ആളുകളുടെ പേരും പറഞ്ഞു് നിങ്ങൾ വളരെ രക്ഷപ്രാപിച്ചിട്ടുണ്ട്. ഈ ബില്ലിൻെറ തത്വത്തെ ഞങ്ങളാരും എതിർക്കുന്നില്ല. ഈ രാജ്യത്തെ ബഹുജനങ്ങൾക്കു സ്വീകാര്യമായ ഭേദഗതികൾ ഇവിടെ സ്വീകരിച്ചിരുന്നെങ്കിൽ ആരും ഇതിനെ എതിർക്കുകയില്ലായിരുന്നു. ഞങ്ങളിവിടെ അവതരിപ്പിച്ച ഭേദഗതിയിൽ ഞങ്ങൾ അടിയുറച്ചു നിൽക്കുവാൻ പോകുകയാണ്. ഞങ്ങളുടെ ഭേദഗതികൾ സ്വീകരിക്കാതെ പാസ്സാക്കിയിട്ടുള്ള ഈ ബിൽ നടപ്പിലാക്കുവാൻ വിചാരിക്കുന്നതു മഠത്തരമാണ്. എൻെറ നാട്ടിൽ ജനിച്ചു വളർന്ന ശ്രീ. ടി. വി. തോമസിനോടു ഞാൻ ചോദിക്കുകയാണ് ഈ രാജ്യത്തെ ബഹുജനങ്ങൾക്കു സ്വീകാര്യമല്ലാത്ത ഈ ബിൽ ഇവിടെ നടപ്പിലാക്കുവാൻ സാധിക്കുമോ എന്നു് ?

ശ്രീ. ടി. വി. തോമസ്: അപ്പോൾ ഈ ബിൽ നടപ്പിലാക്കുവാൻ സാധിക്കുകയില്ലെന്നാണോ പറയുന്നതു് ?

ശ്രീ. മാവേലിത്തു ഗോപിനാഥപിള്ള: ഞങ്ങളുടെ ഭേദഗതി ഈ ബില്ലിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി ഞങ്ങൾ വാദിക്കും. ഞങ്ങളുടെ ഭേദഗതികൾ സ്വീകരിച്ചിരുന്നെങ്കിൽ ഇതു നടപ്പിലാക്കുവാൻ ഞങ്ങളുംകൂടി ഉണ്ടാകുമായിരുന്നു. സർ, ഈ അവസാനനിമിഷത്തിൽ ഈ ബില്ലിനെപ്പററി ഇത്രയും പറയുന്നതിനു അവസരംതന്നതിൽ അങ്ങയോടു ഞാൻ കൃതജ്ഞനാണ്.

ശ്രീ. സി. എച്ച്. കണാരൻ: സർ, കാർഷിക പരിഷ്കരണനിയമം യാതൊരാൾക്കും വിഷമമില്ലാതെ, എല്ലാവരേയും തൃപ്തിപ്പെടുത്തിക്കൊണ്ട് പാസ്സാക്കുവാൻ സാധിക്കുമെന്നു ആരും വിശ്വസിക്കുന്നില്ല. കാരണം കാലാകാലങ്ങളായി അനുഭവിച്ചുവന്ന ചില അവകാശങ്ങളെ നിഷേധിക്കുകയും മററു ചില അവകാശങ്ങളെ സ്ഥാപിക്കുകയും ചെയ്യുമ്പോൾ തീർച്ചയായിട്ടും അതിൽ പ്രതിഷേധമുണ്ടാകും. അതുപോലെ അതിനോടുള്ള ആനുകൂല്യങ്ങളും ഈ രാജ്യത്തുണ്ടാകും. ഇതുപോലെയുള്ള നിയമം പാസ്സാക്കുമ്പോൾ തീർച്ചയായിട്ടും ന്യായമായ ചില സംഗതികൾ കണക്കിലെടുത്തിട്ടുണ്ടോ എന്നു പരിശോധിക്കേണ്ടതുണ്ട്. ഭൂമിയിൽ കൃഷിചെയ്തുവന്നിട്ടുള്ള കർഷകർക്ക് അവരുടെ അവകാശങ്ങൾ ഉറപ്പിക്കുന്നതിനും, കൂടുതൽ അവകാശങ്ങൾ കൊടുക്കുന്നതിനും, അതേ സമയത്തു് വളരെ പാവപ്പെട്ട ചെറിയ ജന്മികളുടെ കാര്യങ്ങൾ കണക്കിലെടുക്കുന്നതിനും ആവശ്യമായ ഒരു തത്വം ഈ ബില്ലിൽ അംഗീകരിച്ചിട്ടുണ്ടോ എന്നു നോക്കണം. തീർച്ചയായും അങ്ങനെയുള്ള തത്വം കണക്കിലെടുത്തിട്ടുണ്ട്. ചെറുകിട ജന്മികളെ സംബന്ധിച്ചും, അവരും കുടിയാനും തമ്മിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. എച്ച്. കണാരൻ]

ബന്ധത്തെ സംബന്ധിച്ചും ഈ ബില്ലിൽ പറഞ്ഞിട്ടുള്ള ചില വ്യവസ്ഥകൾ ബാധകമാക്കീട്ടില്ല. അതു ബാധകമാക്കാതിരുന്നിട്ടുള്ളതു അതു ബാധകമാക്കിയാലുള്ള ദോഷത്തെ ഓർത്തിട്ടാണ്. അതു മാത്രമല്ല, ചെറുകിട ജന്മികൾക്ക് അവരുടെ കുടിയാന്മാർ കൊടുക്കേണ്ട പ്രതിഫലത്തെ സംബന്ധിച്ച് നോക്കുകയാണെങ്കിൽ പാട്ടത്തിന്റെ 12 ഇരട്ടിയാണ് നിശ്ചയിച്ചിരിക്കുന്നതു്. അതു് ഒരു ചെറിയ സംഖ്യയല്ല. സാധാരണ നാട്ടിൽ പല സ്ഥലങ്ങളിലും ഇന്നു കൊടുക്കുന്ന പാട്ടത്തിന്റെ പത്തിരട്ടി കൊടുത്താൽ ഭൂമി വിലയ്ക്കു വാങ്ങിക്കുവാൻ സാധിക്കും. ചില സ്ഥലത്തു 16 ഇരട്ടി നിശ്ചയിച്ചിട്ടുണ്ട്. 12 ഇരട്ടി എന്നു നിശ്ചയിച്ചിട്ടുള്ളതും, അതു രൊക്കമായിട്ട് കൊടുക്കുക എന്നു നിശ്ചയിച്ചിട്ടുള്ളതും ചെറു ജന്മികളെ സംബന്ധിച്ചിടത്തോളം വലിയൊരു രക്ഷയാണ്. ഒരു ചെറിയ സംഖ്യ കിട്ടേണ്ട സ്ഥാനത്തു വലിയൊരു സംഖ്യ അവരും പ്രതീക്ഷിക്കുമെന്നു വിചാരിക്കുവാൻ ന്യായമില്ല. ചെറുകിട ജന്മികളെ സംബന്ധിച്ചിടത്തോളം അവർക്ക് ബുദ്ധിമുട്ടുണ്ടാകാത്ത ഒരു നിലയാണ് ഈ ബില്ലിൽ അംഗീകരിച്ചിട്ടുള്ളതു്. ചെറുകിട ജന്മികളെ സംബന്ധിച്ചിടത്തോളം അവർക്ക് സ്വീകാര്യമായ ഒരു നിലപാടാണ് സ്വീകരിച്ചിട്ടുള്ളതു്.

ഇതു മാത്രമല്ല സ്ഥിരാവകാശം കിട്ടാത്ത കുടിയാന്മാരെ സംബന്ധിച്ചിടത്തോളം. മറ്റൊരു വ്യവസ്ഥകൂടി ഈ ബില്ലിലുണ്ട് അതായതു സ്ഥിരാവകാശം കിട്ടാത്ത കുടിയാന്മാരെ സംബന്ധിച്ചിടത്തോളം പകുതി ഒഴിഞ്ഞു കൊടുക്കുക എന്നുള്ള വ്യവസ്ഥയാണ്. സ്ഥിരാവകാശം കിട്ടാത്ത കുടിയാന്മാരെ എപ്പോഴും ഒഴിപ്പിച്ചേക്കാം എന്നുള്ളതു ഒരാപത്താണ്. പക്ഷേ അതേ സമയത്തു ഈ കൃഷിക്കാരൻ വളരെക്കാലമായി ആ ഭൂമിയിൽ കൃഷിചെയ്തുവരുന്ന ആളാണെന്നും അതുകൊണ്ട് ഇന്നതു തനിക്കു് ഒഴിഞ്ഞുകൊടുക്കേണ്ടിവരികയില്ലെന്നും ഒരു വിചാരം അവനുണ്ടാകാം. ഒഴിഞ്ഞുകൊടുക്കേണ്ട, അതല്ലെങ്കിൽ കുറച്ചെങ്കിലും തനിക്കു കിട്ടണം എന്നുള്ള ആഗ്രഹം ഉണ്ടാകാം. അതു നോക്കുമ്പോൾ വാസ്തവത്തിൽ ഇതൊരു മദ്ധ്യസ്ഥ വ്യവസ്ഥയാണ്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: തിരുവിതാംകൂറിൽ കൊടുക്കുന്ന അവകാശം മലബാറിൽ അനുവദിച്ചുകൊടുക്കുന്നതിനെന്താണ് വിഷമമുള്ളതു്?

ശ്രീ. സി. എച്ച്. കണാരൻ: ആദ്യമായിട്ട് മലബാറിൽ ഉണ്ടായിരുന്ന വ്യവസ്ഥ തിരുവിതാംകൂറിൽ ഉണ്ടായിരുന്നെങ്കിൽ കൊള്ളാമായിരുന്നു. ഇന്നിപ്പോൾ അതല്ല. അതു മാറീട്ടുണ്ട്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഈ മലബാർ, കൊച്ചി തിരുവിതാംകൂർ എന്നുള്ള ഭേദം വച്ചുതുകൊണ്ടാണ്. അതല്ലെങ്കിൽ എല്ലാം ഒരുപോലെയാണ്.

ചെയർമാൻ: മലബാറിൽ സ്ഥിരാവകാശം കിട്ടാത്ത കുടിയാന്മാരുണ്ട്.

ശ്രീ. സി. എച്ച്. കണാരൻ: മലബാറിൽ ഇപ്പോഴും സ്ഥിരാവകാശം കിട്ടാത്ത കുടിയാന്മാരുള്ളതുകൊണ്ട് ഒഴിപ്പിച്ചേക്കാനുള്ള അവകാശം എപ്പോഴുമുണ്ടെന്നു് ഒരു ബോധം ജന്മിക്കും കുടിയാനും ഉള്ളതുകൊണ്ട് അതുകൂടി കണക്കിലെടുത്തുകൊണ്ട് അതേ സമയം കുറച്ചൊരു ഭൂക്കം കുടിയാന്റെ വശത്തേക്കു വച്ചിട്ടുണ്ടെന്നേ മാത്രമേയുള്ളൂ. അതുകൊണ്ടാണ് പകുതി പകുതി എന്നുള്ള വ്യവസ്ഥ ചെയ്തിരിക്കുന്നതു്; ബാക്കിയുള്ള പകുതിയെ സംബന്ധിച്ചിടത്തോളം മര്യാദപ്പാട്ടത്തിന്റെ പതിനാറിരട്ടി അല്ലെങ്കിൽ കരാർ പാട്ടത്തിന്റെ എഴുപത്തിയഞ്ചു ശതമാനം എന്നുവച്ചിരിക്കുന്നതു്. അതുകൊണ്ട് ചെറുകിട ജന്മിമാരെ സംബന്ധിച്ചിടത്തോളം അന്യോന്യം സഹിച്ചു എന്നുവരും. എന്നാൽ കാൺഗ്രസ്സുകാരുടെ ഭേദഗതിയെ സംബന്ധിച്ചിടത്തോളം ഒരേക്കർ ഭൂമിയിൽ കുറവുള്ളവരെ ഒഴിപ്പിക്കാൻ പാടില്ലാ എന്നുള്ളതാണ്. ഈ രാജ്യത്തെ ചെറുകിട ജന്മിമാരെ രക്ഷിക്കുന്നതിനായിട്ടാണ് ഇവർ ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളതെന്നു് ആവർത്തിച്ചാവർത്തിച്ച് പറയുന്നതു് എന്തിനുവേണ്ടിയാണ്. അതു

LIBRARY ARCHIVES Kerala Legislative Assembly

ഒരു ഭേദഗതി ബാധകമാകുന്ന എത്ര ആളുകൾ കാണുമെന്ന് ഇവർ ആലോചിച്ചിട്ടുണ്ടോ? ഒരേക്കറിൽ കുറഞ്ഞ ചെറുകിട ജന്മിമാർ വളരെ അധികം കാണുകയില്ല. അതിന്റെ ഫലം തീരെ ഒഴിപ്പിക്കാൻ സാധിക്കാത്ത വളരെ അധികം വരുന്ന ഒരു പരിതഃസ്ഥിതിയാണ് ഈ രാജ്യത്തുള്ളത്. ചെറുകിട ജന്മിമാരെ രക്ഷിക്കുവാൻ വേണ്ടി ഞങ്ങൾ വളരെ അധികം ചെയ്തിട്ടുണ്ടെന്നു പറയുന്നവരെല്ലാം യാഥാർത്ഥ്യങ്ങളെ മറച്ചുവച്ചുകൊണ്ടാണ് പറയുന്നത്. അവർ ഈ രാജ്യത്തെ സ്ഥിതി ശരിക്കു മനസ്സിലാക്കിയിട്ടില്ല. വാസ്തവത്തിൽ ചെറുകിട ജന്മിയും കുടിയാനും രക്ഷപ്പെടത്തക്കവണ്ണമുള്ള വ്യവസ്ഥകൾ ഈ ബില്ലിൽ പെടുത്തിയിട്ടുണ്ട്. വിശേഷിച്ചും മാദ്ധ്യസ്ഥമായ രീതിയിൽ പകുതി ഒഴിഞ്ഞുകൊടുക്കുക, പകുതി എടുക്കുക അല്ലെങ്കിൽ നല്ല ഒരു പ്രതിഫലം കൊടുത്തു ചെറുകിട ജന്മിയെ ആശ്വാസപ്പെടുത്തുക എന്നുള്ള ഒരു പ്രത്യേക വ്യവസ്ഥയാണ് ഈ ബില്ലിനെ സംബന്ധിച്ചിടത്തോളമുള്ളത്. അതുകൊണ്ട് പലതരത്തിലും പ്രയോജനമുണ്ടാകുന്നതായ ബില്ലിന് അവസാന രൂപം കൊടുക്കുന്ന ഈ ഘട്ടത്തിൽ നല്ലനിലയിൽ അതു പാസ്സാക്കി എടുക്കണമെന്നാണെന്റെ അഭിപ്രായം.

അടുത്ത തിരഞ്ഞെടുപ്പു വരുന്നതിനുള്ളിൽ ബഹു ഭൂരിപക്ഷം വരുന്ന ഒരു ജനവിഭാഗത്തിനു അങ്ങേയറ്റം രക്ഷ കൊടുക്കണമെന്നുള്ളതൊരാവശ്യമാണ്. കുടികിടപ്പുകാർക്കും, കുടിയിരുപ്പുകാർക്കും ഭൂമിയിൽ സ്ഥിരാവകാശം കൊടുക്കുക എന്നുള്ളതു വളരെ പുരോഗമനമാണെന്നു പറയുന്നവരുണ്ട്. അങ്ങനെ പറയുന്നതു കുറേ മേലെ കിടയിലുള്ള ആളുകളും നേതാക്കന്മാരുമെല്ലാമായിരുന്നു. പൊതുവെ ഈ രാജ്യത്തു ആ ഒരു നിലപാടു ഇന്നുവരെയുണ്ടായിരുന്നതുകൊണ്ടാണ് കുടികിടപ്പുകാരും കുടിയിരുപ്പുകാരുമായ അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിന് മതിയായ രക്ഷാവ്യവസ്ഥ ഭൂമിയെ സംബന്ധിച്ചിടത്തോളം കൊടുക്കാതിരുന്നത്. അങ്ങനെ അവർക്ക് സ്ഥിരാവകാശം കൊടുത്താൽ ഈ രാജ്യത്തിന് ആപത്താണ് എന്നൊരു താക്കീത് കാൺഗ്രസ്സിന്റെ ഭാഗത്തുനിന്നും വന്നിട്ടുണ്ട്. ഇവർ അക്രമികളും വിശ്വസിക്കാൻ കൊള്ളാത്തവരും ആണെന്നായിരുന്നു കാൺഗ്രസ്സുകാരുടെ നില. എന്നാൽ അവസാനം ഈ കാര്യത്തിൽ അങ്ങനെ യഥാർത്ഥത്തിൽ നാം ഒരു മനോഭാവം എടുക്കരുത്. ഈ അദ്ധ്വാനിക്കുന്ന കുടികിടപ്പുകാരെ കാണുമ്പോൾ നമുക്കുതന്നെ ഒരു വിഷമം തോന്നുന്നില്ലേ. വാസ്തവത്തിൽ നമുക്ക് വളരെയധികം വിഷമം തോന്നുന്നുണ്ട്. എന്നാൽ ഈ ഗാന്ധിഭക്തന്മാരായ ഇവർക്ക് അവരോടു യാതൊരു സഹതാപവും തോന്നുന്നില്ല. അവർക്ക് യാതൊന്നും കൊടുക്കാതെ അവർ എന്നും ആ രീതിയിൽത്തന്നെ കഴിഞ്ഞുകൊള്ളട്ടെ, അവർ ഒരു ശപിക്കപ്പെട്ട വർഗ്ഗമായി കഴിഞ്ഞുകൂടണം എന്ന രീതിയിലാണ് അവർ പ്രസംഗിക്കുന്നത്. അതു ശരിയല്ലാ എന്നാണ് ആ കാര്യത്തെ സംബന്ധിച്ച് എനിക്ക് പറയാനുള്ളത്.

മറ്റൊന്ന് ഒഴിപ്പിക്കൽ. ആകെ ഈ രാജ്യത്ത് ഭൂമി വളരെ കുറച്ചേയുള്ളു. യഥാർത്ഥ ചെറുകിട ജന്മിമാരെക്കഴിഞ്ഞാൽ പിന്നെ വളരെ അധികമില്ല. വാരക്കാരെ സംബന്ധിച്ചിടത്തോളം പകുതി ഒഴിപ്പിക്കാം എന്ന വ്യവസ്ഥയാണ്. അവർക്കും സ്ഥിരാവകാശം കൊടുക്കുന്നുണ്ട്. വാരക്കാരെ സംബന്ധിച്ചിടത്തോളം കാൺഗ്രസ്സ് ഭാഗത്തുനിന്നും കൊണ്ടുവന്നിട്ടുള്ള ഭേദഗതി ആറു കൊല്ലക്കാലം തുടർച്ചയായി കൈവശം വച്ചുകൊണ്ടിരിക്കണമെന്നും, അതല്ലെങ്കിൽ ഒരു കൊല്ലമെങ്കിലും കൈവശം വച്ചിരിക്കണമെന്നായിരുന്നു. ഇതെല്ലാം കണക്കിലെടുക്കുകയാണെങ്കിൽ ആറു കൊല്ലം പോയിട്ട് ഒരു കൊല്ലമെങ്കിലും തെളിയിക്കാൻ ഇവർക്ക് സാദ്ധ്യമല്ല. ഈ വാദഗതികളെല്ലാം ഇവർ കൊണ്ടുവരുന്നത് കുടികിടപ്പുകാരന് സ്ഥിരാവകാശം കൊടുക്കരുതെന്നും അവരെ ഒഴിപ്പിക്കണം എന്നുമുള്ള ധാരണയിൽ മാത്രമാണ്. വാരക്കാരുടെ കൈവശാവകാശം തെളിയിക്കാൻ സാദ്ധ്യമല്ല. അതു മാത്രമല്ല കൂടുതൽ കൊല്ലം പറഞ്ഞാൽ യാതൊരു വിധത്തിലും തെളിയിക്കാൻ സാഹചര്യമുണ്ടാകരുതെന്നും അത് ഒഴിപ്പിച്ചെടുക്കാൻ കഴിയും എന്നുള്ളതാണ് ഫലം എന്നു മന

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. എച്ച്. കണാരൻ]

സ്ലീഷാക്കാതിരിക്കാൻ നിവൃത്തിയില്ല. എന്നിരുന്നാലും ആ അവകാശം മററുള്ള വിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം അഞ്ചേക്കർ മുതൽ താഴോട്ടുള്ള വിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം അവർക്ക് ഒഴിപ്പിച്ചെടുക്കാനുള്ള അവകാശമുണ്ട്. ഇതു കൂടാതെ കുടിയാനും ജന്മിയും കൂടി യോജിപ്പിൽ എത്തിക്കൊണ്ട് പാട്ടം വാങ്ങിച്ചുകൊണ്ട് അവർക്ക് എല്ലാ അവകാശങ്ങളും കൊടുക്കാമെന്നുമുണ്ട്. ഇത്രയുമെല്ലാം അനാക്രമമായ വ്യവസ്ഥകൾ ഇതിൽ ഉൾക്കൊള്ളിച്ചിരുന്നിട്ടും വാസ്തവത്തിൽ പ്രതിപക്ഷങ്ങൾ ഈ ബില്ലിനെ എതിർക്കുകയാണ്. പിന്നെ കുടിയാന് ഭൂമി കൊടുക്കുന്നതിന് അവൻ ജന്മിക്ക് കുറെ പ്രതിഫലം കൊടുക്കണം. അതിനു ചില തത്വങ്ങളെല്ലാം ഈ ബില്ലിൽ അംഗീകരിച്ചിട്ടുണ്ട്. അതിനു കാരണമുണ്ട്. ചെറുകിടജന്മിമാർക്കാണെങ്കിൽ മററു വരുമാനങ്ങൾ കാണും. അതേ സമയം ഭൂമി കൈവശം വച്ച് കൃഷിചെയ്തുവരുന്ന കുടിയാന്റെ കയ്യിൽനിന്നും ഭൂമി പിടിച്ചെടുക്കണമെന്നു പറയുന്നതും ശരിയല്ല. ചെറുകിട ജന്മിമാരെ സംബന്ധിച്ചിടത്തോളം വളരെ ചുരുങ്ങിയ രീതിയിൽമാത്രം ഒഴിപ്പിച്ചെടുക്കാൻ അവകാശം കൊടുത്താൽ മതിയെന്നാണ് ബില്ലിൽ പറഞ്ഞിരിക്കുന്നതു്. എന്നാൽ ഇതിനെ സംബന്ധിച്ച് അസംബ്ലിയിൽ വളരെ വളരെ ഘോഷമായിട്ടുള്ള അഭിപ്രായങ്ങളാണ് വന്നിട്ടുള്ളതു്. കോൺഗ്രസ്സ് പാർട്ടിയിലെ ഒരു ഉന്നതനായ നേതാവ് മി. രാഘവമേനോൻതന്നെ പറഞ്ഞിട്ടുള്ളതു് ഈ ചെറുകിട ജന്മിമാരെ വഴിയിൽ തെണ്ടിനടക്കുവാൻവിട്ടിട്ട് അവരുടെ ഭൂമി പിടിച്ചെടുക്കുവാൻ വന്നിരിക്കുകയാണെന്നാണ്. അതുമാത്രമല്ല പി. എസ്. പി. യുടെ നേതാവായ ശ്രീമാൻ ചാഴികാടൻ പറയുന്നതു് ഞങ്ങളുടെ ഭൂമി എല്ലാം ഈ അക്രമികളും കൊള്ളക്കാരും കുടിയാന്മാർക്കുവേണ്ടി പിടിച്ചെടുക്കാൻ ഒരു ബിൽ കൊണ്ടുവന്നിരിക്കുന്നു എന്നാണ്. കോൺഗ്രസ്സ് ബെഞ്ചുകളിൽ നിന്നും അങ്ങനെയുള്ള അഭിപ്രായങ്ങൾ വന്നിട്ടുണ്ട്. ഏതായാലും സീലിംഗിനെ സംബന്ധിച്ച് എത്രയോ ശക്തിയായ അഭിപ്രായങ്ങൾ ഞങ്ങൾ പ്രതീക്ഷിച്ചിരുന്നു. ആദായത്തിന്റെ അടിസ്ഥാനത്തിൽ പരിധി നിർണ്ണയിക്കണമെന്നു പറയുന്നതിൽ യാതൊരു വിവേചനവുമില്ല. അതേസമയം ഇപ്പോൾ വ്യവസ്ഥചെയ്തിരിക്കുന്നതുപോലെ ഒന്നര ഏക്കർ, രണ്ടര ഏക്കർ എന്നെല്ലാം വച്ചിരിക്കുന്നതും ശരിയാണെന്നു എനിക്ക് അഭിപ്രായമില്ല. ഒരേക്കർ തെങ്ങിൻതോട്ടം എന്നു പറയുന്നതു് ഇക്കരെ ഒരു മാതിരി ആയിരിക്കും, അക്കരെ ഒരുമാതിരിയായിരിക്കും ആദായം കിട്ടുന്നതു്. അതുകൊണ്ട് അതു ഒരിക്കലും ശരിയായിട്ട് എടുക്കുക തികച്ചും ശാസ്ത്രീയമായിട്ട് എടുക്കുക എന്നുള്ളതു് ആരുവിചാരിച്ചാലും സാധിക്കുകയില്ല. അതിൽ ഒരു സാമാന്യതത്വം അംഗീകരിച്ചിട്ടുണ്ട്. ഫലവൃക്ഷങ്ങൾ ഇന്നതിന്നതായിരിക്കും എന്നൊരു സാമാന്യതത്വം അംഗീകരിച്ചിട്ടുണ്ട്. അതത്രമാത്രം ശരിയായിരിക്കുകയുമില്ല. അതോടൊപ്പം ഓരോപറമ്പുംനോക്കി പരിശോധിക്കണമെന്നുള്ളതും സാദ്ധ്യമാകുന്നതല്ല. അപ്പോൾ അതിൽ വളരെ വിവേചനമുണ്ടെന്നു പറയുന്നതു് യഥാർത്ഥത്തിൽ ശരിയല്ല. നാഗപ്പൂർ സമ്മേളനത്തിൽ, കോൺഗ്രസ്സ് പാസാക്കിയ പ്രമേയത്തിലും ഏരിയാ അല്ലാതെ ഓരോ പറമ്പിന്റെ ആദായം കണക്കാക്കി നിശ്ചയിക്കുന്നതു ശരിയല്ല എന്നും പറഞ്ഞിട്ടുണ്ട്.

ശ്രീ. ഇ. പി. പൗലോസ്: നാഗപ്പൂർ പ്രമേയത്തിൽ സീലിംഗ് ഏരിയാ ലിമിററ് എത്രയാണെന്നു പറയാമോ?

ശ്രീ. സി. എച്ച്. കണാരൻ: ഓരോ ഏക്കറിലുമുള്ള ആദായംനോക്കി എടുക്കണമെന്നല്ല പറഞ്ഞിട്ടുള്ളതു്.

ശ്രീ. കെ. കെ. വിശ്വനാഥൻ: ഓരോ സ്ഥലത്തിന്റെയും ആദായം നോക്കി എടുക്കണമെന്ന് ആരെങ്കിലും പറഞ്ഞിട്ടുണ്ടോ?

ശ്രീ. സി. എച്ച്. കണാരൻ: അച്ചടിച്ച് വന്നിട്ടുള്ളതാണ്. 250 രൂപ.

LIBRARY ARCHIVES Kerala Legislative Assembly

മുതൽ 350 രൂപാവരെ ആദായം കണക്കാക്കി അതിനുള്ള ഏക്കറേജ് അനുസരിച്ച് പരിധി നിർണ്ണയിക്കണമെന്ന്. അതാണ് നമ്മുടെ സീലിംഗിനെ സംബന്ധിച്ചു നിശ്ചയിച്ചിരുന്നതെങ്കിൽ യഥാർത്ഥത്തിൽ സീലിംഗ് നടക്കാത്ത ഒരു സ്ഥിതിയാണ്. അങ്ങനെയായിരുന്നെങ്കിൽ മിച്ചഭൂമിയിൽനിന്നും കുറച്ചെങ്കിലും എടുത്തു കൊടുക്കുവാൻ സാധിക്കുകയില്ല.

അതുപോലെതന്നെ വളരെ പ്രധാനപ്പെട്ടതാണ് ട്രിബ്യൂണൽ വകുപ്പ്. അതിനെയും എതിർക്കുകയാണ്. ആ എതിർപ്പ് ഐകകണ്ഠ്യേന ആണെന്നൊല്ലാം പറഞ്ഞു. സെലക്റ്റ് കമ്മിററിയിലുണ്ടായ വാദപ്രതിവാദങ്ങൾ കണ്ടാൽ ഈ ട്രിബ്യൂണൽ വേണമെന്നുള്ള വ്യവസ്ഥ തെററാണോ എന്നു ഞങ്ങൾക്കെല്ലാം തോന്നിപ്പോയി. ഏതായാലും ട്രിബ്യൂണൽ എന്നു പറയുന്നതു് പഞ്ചായത്തിലെ രണ്ടു തെരഞ്ഞെടുക്കപ്പെട്ട മെമ്പറന്മാരും ഗവണ്മെൻറു നിശ്ചയിക്കുന്ന ഒരു മെമ്പറും കൂടിയാണ്. ഞങ്ങൾ മുപ്പത്തഞ്ചു ശതമാനമല്ലേയുള്ളു. അറുപത്തഞ്ചു ശതമാനം ആ ഭാഗത്താണല്ലോ ഉള്ളതു്. നിങ്ങൾ ഈ അറുപത്തഞ്ചു ശതമാനക്കാർ എന്താണ് മുപ്പത്തഞ്ചുശതമാനക്കാരെ ഭയപ്പെടുന്നതു്. എന്നാലും ഒരു ഭയം ഈ മുപ്പത്തഞ്ചു ശതമാനക്കാർ ഇനിയും വല്ല കുഴപ്പവും ഉണ്ടാക്കുമോ എന്ന്.

കാൺഗ്രസ്സ് ആയാലും ശരി, പി. എസ്സ്. പി. ആയാലും ശരി, കമ്മ്യൂണിസ്റ്റായാലും ലീഗായാലും ശരി ഈ രാജ്യത്തെ ജന്മികളുടെ പക്ഷത്തുനിന്നു വാദിക്കുന്ന ആളുകൾക്കു ഇനി രക്ഷയുണ്ടാകയില്ല. അവർക്കു നിൽക്കാൻ സാധിക്കുകയില്ല. രാഷ്ട്രീയപാർട്ടിയെ ആരെയെടുത്താലുംശരി പഞ്ചായത്തു തിരഞ്ഞെടുപ്പു വരുമ്പോൾ അത്തരക്കാരെ—ജന്മിപക്ഷപാതമുള്ള ആളുകളെ തിരഞ്ഞെടുത്താൽ അവർ അപകടത്തിലാകുമെന്ന് ബോധമുണ്ടാകും. കൃഷിക്കാരെ സഹായിക്കുന്ന ആളുകൾ ആരെന്നുനോക്കി അവരെ അവർ തിരഞ്ഞെടുക്കും. അതുകൊണ്ട് ഈ 65 ശതമാനത്തിൻെറ കാര്യമൊന്നും പറയേണ്ട—ഞങ്ങൾക്കു 35 ശതമാനമേയുള്ളു എന്നു പറയുന്നവർക്കറിയാം 65 അല്ല എൺപത്തഞ്ചുമല്ല, 95 ആയി വർദ്ധിക്കുമെന്ന്. ട്രിബ്യൂണലിനെയാണ് എതിർക്കുന്നതെങ്കിൽ, അതറിഞ്ഞുകഴിഞ്ഞാൽ, അതിൻെറ അടിസ്ഥാനം ജനങ്ങൾ ചിന്തിച്ചു കഴിഞ്ഞാൽ തീർച്ചയായിട്ടും കാൺഗ്രസ്സായാലും, പി. എസ്സ്. പി. ആയാലും ലീഗായാലും വോട്ടുകൊടുക്കുകയില്ല എന്നുള്ളതു തീർച്ചയാണ്. ആരാണ് നിൽക്കുന്നതെന്നു അവർ നോക്കും.

ശ്രീ. എം. എം. കല്യാണകൃഷ്ണൻ നായർ : ശ്രീ. ഗോപിനാഥപിള്ളയേയും ശ്രീ. വിശ്വനാഥനേയും പഞ്ചായത്തിലേക്കു് തിരഞ്ഞെടുക്കുകയില്ലെന്നാണോ പറയുന്നതു്?

ശ്രീ. സി. എച്ച്. കണാരൻ : ആ ചോദ്യമേയില്ല.

ശ്രീ. കെ. കെ. വിശ്വനാഥൻ : അതാണോ പഞ്ചായത്തു തിരഞ്ഞെടുപ്പു നീട്ടിക്കൊണ്ടുപോകുന്നതു്?

ശ്രീ. സി. എച്ച്. കണാരൻ : പഞ്ചായത്തുബിൽകൂടി വരട്ടെ നമുക്കതു പാസാക്കാം.

ശ്രീ. മാധവത്തു ഗോപിനാഥപിള്ള : ശ്രീ. കല്യാണകൃഷ്ണൻ നായർ നല്ല ഒരു ചോദ്യം ചോദിച്ചതിനു ഒരു കൊച്ചു ബീഡി വാങ്ങിച്ചുകൊടുക്കാം.

ശ്രീ. സി. എച്ച്. കണാരൻ : പ്രതിഫലത്തെ സംബന്ധിച്ച് വളരെയധികം ചോദ്യംചെയ്യുന്ന ആളുകളെ സംബന്ധിച്ചാണ് ഇനി പറയാനുള്ളതു്. ഞാൻ അതേപ്പററി പറയുന്നില്ല. ഏതായാലും ട്രിബ്യൂണലാകുന്നു ഏററവും പ്രധാനപ്പെട്ട ഒരു കാര്യം ഈ ബില്ലിലുള്ളതു്. അതിൽ യാതൊരു കക്ഷിയ്ക്കും കാര്യമില്ല. ഒരു കക്ഷിക്കും അവിടെ സ്വാധീനം ചെലുത്താനോ അഭിപ്രായം പറയാനോ സാദ്ധ്യമല്ല. ഒരു കാര്യംകൂടി ചോദിക്കട്ടെ. 35 ശതമാനമുള്ള ആളുകളേ ഇവിടെയുള്ളുവെങ്കിൽ ട്രിബ്യൂണലിനെ എന്തിനാണെതിർക്കുന്നതു്?

2/695/V

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. എച്ചു്. കണാരൻ:]

ഈ രാജ്യത്തെ ഓരോ വില്ലേജിലേയും ഹോൾഡിംഗസിന്റെയും മര്യാദപാട്ടത്തിന്റെയും അങ്ങനെ പലതും ചെയ്യുന്ന കാര്യത്തിൽ ഒന്നോ രണ്ടോ പഞ്ചായത്തംഗങ്ങൾ കൂടിയ ഒരു ട്രിബ്യൂണൽ അല്ലാതെ ഒരു മുൻസിഫോ അതുപോലെയുള്ള ഒരാളോ ശരിപ്പെടുത്തിക്കൊള്ളുമെന്നു പറഞ്ഞാൽ അതിന്റെ അർത്ഥമെന്താണു്. എന്തെല്ലാം പറഞ്ഞാലും അതു നടപ്പിലാക്കാനൊക്കുമോ എന്നല്ല നോക്കേണ്ടതു്. ട്രിബ്യൂണലിനെ അനുകൂലിക്കുന്നില്ല എന്നു പറഞ്ഞാൽ അതിന്റെ അർത്ഥം ഇതു നടപ്പിലാക്കരുതെന്നാണു്. അതുപോലെതന്നെ സീലിംഗ് കഴിഞ്ഞു ബാക്കിയെടുക്കുമ്പോൾ മുഴുവൻ വിലകൊടുക്കണമെന്നാണു് പറയുന്നതു്. പിന്നെ എന്തിനാണു് നിയമമുണ്ടാക്കുന്നതു്. നാട്ടിൽ പണവുമായി ഭൂമിയുണ്ടോ ഭൂമി എന്നു പറഞ്ഞു നടന്നാൽ എത്ര ഭൂമി വേണോ അത്രയും ഭൂമി മുഴുവൻ വിലയും കൊടുക്കാൻ തയാറുണ്ടെങ്കിൽ കിട്ടും. അതിനു നിയമത്തിന്റെ ആവശ്യമില്ല. എന്താണീ പറയുന്നതിന്റെ അർത്ഥം? ഇതാണോ നിങ്ങളുടെ നിയമം? വളരെ ബുദ്ധിമുട്ടി ഈ സഭയുടെ സമയം വളരെയധികം ചെലവഴിച്ചു് ചർച്ചകൾ നടത്തി നിയമമെഴുതിയുണ്ടാക്കിയതിനു ഇത്തരത്തിലുള്ള ഭേദഗതിയാണു കൊണ്ടുവരുന്നതെങ്കിൽ നിങ്ങളെവിടെയാണു ചെന്നു നിൽക്കുന്നതെന്നു് ഒരു നിമിഷനേരത്തേക്കെങ്കിലും ഒന്നു ചിന്തിക്കുമോ? പതിനഞ്ചേക്കർ കഴിഞ്ഞു ബാക്കിയുള്ളതു് എടുക്കാൻ ഒന്നിച്ചുനിൽക്കുമോ? അതാണു് എനിക്കു് ഈ അനുകൂലമാണെന്നു പറയുന്ന സ്നേഹിതന്മാരോടു ചോദിക്കാനുള്ളതു്. കമ്മ്യൂണിസ്റ്റുകാർ മോശക്കാരാണു് പക്ഷെ നിങ്ങൾ ഇതിനു് ഒന്നിക്കുമോ? മുതലാളിമാരോടു മിച്ചഭൂമി എടുക്കുമ്പോൾ അതിനു വില നിശ്ചയിക്കുന്നതു് കയ്യിൽ കിട്ടുന്നവനു് താങ്ങാനാവുന്ന വിലമാത്രമേ കൊടുത്തു് എടുക്കാനൊക്കുകയുള്ളു. ബില്ലിനെ എതിർക്കുന്നു എന്നു പറയുന്നതു മാത്രമല്ല എതിർപ്പു്. കാർഷികബില്ലിനെ പരാജയപ്പെടുത്താനുള്ള എല്ലാ അടവുകളും പ്രയോഗിച്ചുകൊണ്ടു് അനുകൂലിക്കുന്നു എന്നു പറഞ്ഞാൽ അനുകൂലമാകയില്ല. നാഗപ്പൂർ പ്രമേയത്തെ എതിർത്തുകൊണ്ടു് രാജാജിപോലും പറയുന്നതു് കോവാപ്പറേറ്റീവു് ഫാമിംഗിനു് എതിരാണെന്നാണു്. അതുകൊണ്ടു് കാർഷികബിൽ വരുമ്പോൾ വാസ്തവത്തിൽ ഇൻഡ്യാരാജ്യത്തിലെ കാൺഗ്രസ്സിനകത്തുള്ള പ്രബലന്മാർവരെ എതിർക്കുന്നു. ഇവിടെ കമ്മ്യൂണിസ്റ്റു പാർട്ടി പ്രവർത്തിക്കുകയാണു്. ഏതായാലും നിങ്ങളുടെ ഇടയിലുള്ള അഭിപ്രായവ്യത്യാസം വെളിയിൽ പറഞ്ഞില്ലെങ്കിൽപോലും യഥാർത്ഥത്തിൽ സീലിംഗിനെ സംബന്ധിച്ചു്, ട്രിബ്യൂണലിനെ സംബന്ധിച്ചു്, വിലയെ സംബന്ധിച്ചു്, കുടികിടപ്പുകാരെ സംബന്ധിച്ചു് ഇങ്ങനെ എല്ലാം എടുത്തു പരിശോധിച്ചുനോക്കിയാൽ ഉള്ളിൽ കിടക്കുന്നതു് ഈ ബില്ലിനു് നിങ്ങൾ എതിരാണെന്നു കാണാൻ കഴിയും. തീർച്ചയായിട്ടും ഗോപിനാഥപിള്ളയെ ഞാൻ അഭിനന്ദിക്കുന്നു. അദ്ദേഹം സത്യം അടിക്കടി പറയുന്നുണ്ടു്. ശ്രീ. വിശ്വനാഥൻ 'അങ്ങനെയല്ല' എന്നു പറഞ്ഞിട്ടു് അടിച്ചിരുത്തിക്കളയും.

ശ്രീ. ടി. എ. തൊമ്മൻ: മി. കണാരനു് സത്യത്തോടു ബഹുമാനം തുടങ്ങിയതു് എന്നുമുതൽക്കാണു്.?

ശ്രീ. സി. എച്ചു്. കണാരൻ: ഏതായാലും ഇന്നത്തെ ഈ നിലയ്ക്കു നമുക്കു കാണാൻ സാധിക്കുന്നതു് ആളുകളെ ധരിപ്പിക്കാൻവേണ്ടി 'ഞങ്ങൾ കാർഷികബന്ധബില്ലിനെ അനുകൂലിക്കുന്നു' എന്നു പറഞ്ഞിട്ടു് എതിർക്കുകയാണു്. അനുകൂലികളാണെന്നു പറഞ്ഞിട്ടു കാര്യമില്ല. അതിന്റെ സ്പിരിററിനെ ഉൾക്കൊണ്ടു നിങ്ങൾ അനുകൂലിക്കുന്നോ? ഇല്ല—അനുകൂലിക്കുന്നില്ല. പൂച്ച പലപ്പോഴും പുറത്തു ചാടിക്കഴിഞ്ഞിട്ടുണ്ടു്. കുടിയിറക്കനിരോധനനിയമം വന്നപ്പോൾ കൊട്ടാരക്കരയുള്ള മുതലാളിമാരുടെ സംഘം വാസ്തവത്തിൽ ചെറുകൃഷിക്കാരെ അവരുടെ ഭൂമിയിൽനിന്നു ഇറക്കിവിടുന്നതിനു വളരെയേറെ പരിശോധനകൾ നടത്തിയിട്ടുണ്ടു്. കൈമാറാൻ ശ്രമം നടത്തിയിട്ടുണ്ടു്. അക്രമങ്ങൾ കാണിച്ചുപോലും ഇറക്കിവിടാൻ ശ്രമങ്ങൾ നടത്തിയിട്ടുണ്ടു്. കോൺ

ഗ്രസ്സ് നേതാക്കന്മാർ അവരെ സംബന്ധിച്ച് ഒരു വാചകംപോലും പറയാതിരിക്കെ 'ഞങ്ങൾ കാർഷികബന്ധബില്ലിനനുകൂലമാണ്' എന്നു പറഞ്ഞാൽ—ഈ അനുകൂലം, അനുകൂലം എന്നു പറഞ്ഞാൽ അർത്ഥമെന്താണ്? പക്ഷെ ഈ കാൺഗ്രസ്സ്, പി. എസ്. പി., ലീഗ് നേതാക്കന്മാർ എന്തെല്ലാം അഭിപ്രായം പറഞ്ഞാലും അവരിൽ ചുരുക്കം ചില നേതാക്കന്മാരുടെ മാത്രം അഭിപ്രായമാണിത്. ആ പാർട്ടികൾക്കകത്തുള്ള നല്ലയാളുകളെല്ലാം ഇതിനനുകൂലമാണ്. ആ പാർട്ടികളിലുള്ള ചുരുക്കം ചില നേതാക്കന്മാരുടെ അഭിപ്രായം ആക്കവേണ്ടിയാണെന്ന് തെളിഞ്ഞിട്ടുണ്ട്. ശ്രീ. പൊന്നറ ശ്രീധരന്റെ ഭേദഗതി വായിച്ചുനോക്കേണ്ടതുതന്നെയാണ്, ജന്മിമാർക്ക് ആവശ്യമാണെങ്കിൽ ഭൂമിയെല്ലാം ഒഴിപ്പിച്ചെടുക്കാം. ആ ഭേദഗതി അംഗീകരിച്ചു ഈ ബില്ലിൽ ചേർത്തു എന്നിരിക്കട്ടെ. എന്തൊരു ബില്ലായിരിക്കുമിത്? അതുപോലെതന്നെ ശ്രീ. ചാഴിക്കാടന്റെ പ്രസംഗവും വായിച്ചു മനസ്സിലാക്കേണ്ടതാണ്. സോഷ്യലിസ്റ്റ് പാർട്ടിക്കാർ അതൊന്നു നോക്കിയാൽ മതി. ഇതു് ജനങ്ങൾ മനസ്സിലാക്കും. ഈ നേതാക്കന്മാരുടെ അഭിപ്രായമല്ല അതിലെ അവരുടെ അനുയായികളിൽ ഭൂരിപക്ഷത്തിനുമുള്ളതു്. കായംകുളം പഞ്ചായത്തു പ്രസിഡന്റു കൊടുത്ത ഒരു മെമ്മോറാണ്ടത്തിൽ ഭൂമി കൃഷിക്കാർക്കു സ്വന്തമാകണമെന്നു വളരെ ശക്തിയായ അഭിപ്രായമാണ് അദ്ദേഹത്തിനുള്ളതെന്നു പറഞ്ഞിട്ടുണ്ട്. കാൺഗ്രസ്സ് നേതാക്കന്മാരുടെ അഭിപ്രായമല്ല കാൺഗ്രസ്സ് സമ്മേളനം പാസാക്കിയിട്ടുള്ളതു്. ആ പ്രമേയത്തിന്റെ കാപ്പി ഞാൻ ഇപ്പോൾ കൊണ്ടുവന്നിട്ടില്ല. കാൺഗ്രസ്സുകാർ അതൊന്നു വായിച്ചുനോക്കേണ്ടതാണ്. എത്രയോ കാൺഗ്രസ്സ് നേതാക്കന്മാർ ആഗ്രഹിക്കുന്നതാണ് ഞങ്ങൾ ഇവിടെ ചേർത്തിട്ടുള്ളതു്. പി. എസ്. പി., ലീഗ് നേതാക്കന്മാർ പറഞ്ഞതു്—ചുരുക്കം ചിലർ എതിരായി കാണും—മാത്രമാണ് ഇവിടെ കേൾക്കുന്നതു്. മൊത്തത്തിൽ സാധാരണക്കാർ എന്താഗ്രഹിക്കുന്നുവോ അതാണ് ഈ ബില്ല്. 35 ശതമാനമേയുള്ളുവെന്നു പറയുന്നവരോടു എനിക്കു പറയാനുള്ളതു് 35 പോയി 65, 75 ആയി മുൻപോട്ടു പൊയ്ക്കൊണ്ടിരിക്കുമെന്നാണ്. ഈ 35 ശതമാനക്കാരാണ് ഞങ്ങളെന്നു പറയുന്നവരോടു എനിക്കു പറയാനുള്ളതു്. അതും ഞങ്ങൾ മുമ്പിൽ കാണുന്നുണ്ട്. ഒരു വലിയ ആക്ഷേപം ഇതിൽ കൊണ്ടുവന്നിട്ടുള്ളതു് മെമ്മോറാണ്ടങ്ങളുടെ കണക്കു നോക്കി അതു പരിശോധിച്ച് അതിലെ അഭിപ്രായങ്ങളെ മാനിച്ചുകൊണ്ടല്ല ഈ ബില്ല് കൊണ്ടുവന്നിട്ടുള്ളതു എന്നാണ്. മെമ്മോറാണ്ടങ്ങൾ ഒരാൾക്ക് എത്രവേണമെങ്കിലുമാകരുതോ? ഒന്നേമുക്കാൽ ലക്ഷം മെമ്പറന്മാരുള്ള കേരള കർഷക സംഘം ഒരു സംഘടിതവിഭാഗമെന്ന നിലയിൽ ഒരു മെമ്മോറാണ്ടമേ കൊടുത്തിട്ടുള്ളു. ഓരോ മെമ്പറേയും കൊണ്ട് ഓരോ മെമ്മോറാണ്ടം കൊടുപ്പിക്കേണ്ട ആവശ്യമില്ല; അവർ മാത്രമല്ല എത്രയോ ആളുകൾ അവരുടെ പിന്നിൽ അണിനിരന്നിട്ടുണ്ട്. അങ്ങനെയുള്ള സംഘടനയ്ക്കു ആയിരം മെമ്മോറാണ്ടം കൊടുക്കേണ്ട ആവശ്യമുണ്ടോ? ജന്മിമാർ കൊടുത്തിട്ടുള്ള മെമ്മോറാണ്ടങ്ങളുടെ കണക്കിന്റെ മാനദണ്ഡം നോക്കി കാര്യങ്ങൾ നിശ്ചയിക്കണമെന്നു പറയുന്നതു ശരിയല്ല. പണ്ടൊക്കെ മദ്രാസ് അസംബ്ലിയിൽ ശ്രീ. കെ. പി ആർ. ഗോപാലന്റെ നേതൃത്വത്തിൽ ജാഥയായി പോയി മെമ്മോറാണ്ടം കൊടുത്തിരുന്നു. ഇന്ന് അതിന്റെ ആവശ്യമില്ല. സംഘടിതമായ ഏറ്റവും വലിയ ഒരു സംഘടനയാണ് കർഷക സംഘം. ഒന്നോ രണ്ടോ മെമ്പറന്മാരാണ് അവരുടെ അഭിപ്രായം പ്രകടിപ്പിച്ചതു്. അതുകൊണ്ട് രാജ്യത്തിന്റെ അഭിപ്രായം മെമ്മോറാണ്ടത്തിന്റെ അടിസ്ഥാനത്തിലാണ് കണക്കാക്കേണ്ടതെന്നു പറഞ്ഞാൽ അതു തെറ്റാണ്. ഏതായാലും ഈ ബിൽ പാസാക്കിയെടുക്കുന്ന അവസരത്തിൽ പല ശബ്ദങ്ങളും കേൾക്കാൻ സാധിച്ചു. ബില്ലിനു അംഗീകാരം കിട്ടുകയില്ല, പ്രസിഡന്റു ഭരണം വരും എന്നെല്ലാം. ഞാൻ അത്തരം കാര്യങ്ങളിലേക്കു കടക്കുന്നില്ല. മന്ത്രിസഭ മരിക്കുമെന്നും പ്രസിഡന്റു ഭരണം വരുമെന്നും പറയുന്നവരോടു എനിക്ക് പറയാനുള്ളതു മന്ത്രിസഭ ഇന്നല്ലെങ്കിൽ നാളെ പോയേക്കാം. പക്ഷെ ഈ ബില്ല് ജീവിക്കും. ഇതിന്റെ അടിയിൽ ഒരു ചരിത്രമുണ്ട് 1937-ൽ കേരളക്കരയിൽ ആരംഭിച്ച പ്രസ്ഥാനത്തിന്റെ ഊക്കും ശക്തിയും ഉൾക്കൊണ്ടുകൊണ്ടാണ് ഈ ബിൽ വന്നിട്ടുള്ളതെന്ന പരമാർത്ഥം ആർക്കും മറയ്ക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. എച്ച്. കണാരൻ:]

സാദ്ധ്യമല്ല. കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം എടുത്തു പറയുമ്പോൾ കോൺഗ്രസ്സിനു ഉയർച്ചയും ശക്തിയും ഉണ്ടാക്കിയിട്ടുള്ളതു ഈ രാജ്യത്തെ കൃഷിക്കാരാണെന്നും അവർ അതിൽ അണിനിരന്നിട്ടുള്ളതു കറാച്ചിപ്രമേയത്തിന്റെ അടിസ്ഥാനത്തിലാണെന്നും കാണാൻ കഴിയും. സഖാവ് ഇ. എം. എസ്സ്. കോൺഗ്രസ്സിന്റെ സംസ്ഥാന കോൺഗ്രസ്സ് സെക്രട്ടറിയായിരുന്നു. കറാച്ചി പ്രമേയത്തിൽ നിന്നും അവർ വഴുതിമാറുന്നു എന്നു കണ്ടപ്പോൾ കൂറെക്കൂറെയായി കർഷകരും തൊഴിലാളികളും കോൺഗ്രസ്സ് വിട്ടുപോവുകയാണുണ്ടായതു്. കോൺഗ്രസ്സ് ഏതുദ്ദേശത്തോടുകൂടി കെട്ടിപ്പടുത്തിട്ടുള്ളതാണോ അതിൽനിന്നും ബോധപൂർവ്വം അവർ മാറുകയാണു്. പത്തുകൊല്ലം അധികാരത്തിൽ ഇരുന്നു് ഇറങ്ങിയവരാണു് ഇന്നു് ഈ ബില്ലിൽ കൃഷിക്കാരനു സംരക്ഷണം കുറഞ്ഞുപോയി; അവനു കൊടുത്തിട്ടുള്ള സംരക്ഷണം പോരാ എന്നെല്ലാം പറഞ്ഞു് ആക്ഷേപിക്കുന്നതു്. നിങ്ങൾ അധികാരത്തിൽ ഇരുന്നിരുന്ന കാലത്തു് ഈ കുടികിടപ്പുകാരൻ ഇവിടെയില്ലായിരുന്നോ ?

നിങ്ങൾ ഒരു നിമിഷം ഒന്നു ചിന്തിച്ചുനോക്കൂ, പത്തുകൊല്ലം കോൺഗ്രസ്സ് ഇവിടെ ഭരിച്ചിട്ടും, കർഷകർക്കുവേണ്ടി യാതൊന്നും ചെയ്യാതെ, മരിച്ചതിനു തുല്യം കഴിയുകയായിരുന്നില്ലേ? അവർക്കുവേണ്ടി നിങ്ങൾ ചെയ്യാമെന്നു വാക്കുപറഞ്ഞിരുന്ന കാര്യങ്ങൾ എന്തെങ്കിലും ചെയ്തുകൊടുത്തിരുന്നോ? ഇപ്പോൾ പറയുകയാണു്, ഞങ്ങളും ഇതിന്റെ കൂടെയുണ്ടെന്നു്. ശരി, സമ്മതിച്ചു, കൂടെ ഉണ്ടെന്നു പറഞ്ഞാൽ അവസാനം വരെ കാണണം; കൂടെ ഉണ്ടെന്നു പറഞ്ഞിട്ടു് ഇതു് ഇല്ലാതാക്കാൻ ശ്രമിക്കരുതു്. ഏതായാലും ഒരു കാര്യം തീർച്ചയാണു്; മന്ത്രിസഭ ജീവിക്കുമോ ഇല്ലയോ എന്നുള്ളതു് ഒരു പ്രശ്നമല്ല; പക്ഷേ, ഈ ബിൽ ജീവിക്കും; ഇതിന്റെ പിന്നിൽ ഈ രാജ്യത്തു് എന്തെല്ലാം പ്രക്ഷോഭണങ്ങൾ ഉണ്ടായാലും, ആരെല്ലാം സമരം നടത്തിയാലും ഈ ബിൽ ഈ നാട്ടിലെ ബഹുലക്ഷങ്ങളുടെ ചിരകാലപ്രതീക്ഷയ്ക്കനുസരണമായി ഇവിടെ നിലനില്ക്കുകതന്നെ ചെയ്യും. സർ, ഈ ബില്ലിന്റെ ചർച്ചാവേളയിൽ, മലബാർഭാഗത്തെ ഓടച്ചാർത്തുകാരെ സംബന്ധിച്ചിടത്തോളം അവർക്കു ആവശ്യമായ സംരക്ഷണം നൽകുന്നതിനെപ്പററി ഞാൻ വാദിച്ചപ്പോൾ, സി. എച്ച്. കണാരന്റെ ഏതോ പ്രത്യേക താല്പര്യത്തിനുവേണ്ടിയാണെന്നു ഇവിടെ പറഞ്ഞുകേട്ടു. മലബാറിൽ, ചില പ്രദേശത്തു് ആയിരക്കണക്കിനു തിരുവിതാംകൂർകാർ ഓടച്ചാർത്തു സ്ഥലങ്ങളിൽ ദേഹണ്ഡിച്ചു് അവിടത്തെ കുടിയാന്മാരായി കഴിയുന്നവർക്കുകൂടി സ്ഥിരാവകാശവും, മററു് അവകാശങ്ങളും ലഭിക്കുകയായിരിക്കും ഈ നിയമത്തിന്റെ അനന്തരഫലം. അന്നു് ഇതൊരു പ്രാദേശികതാല്പര്യമാണെന്നുള്ള മട്ടിൽ ഒരു പുച്ഛരസത്തിൽ, പരിഹാസത്തോടുകൂടി ചില സ്നേഹിതന്മാർ പറഞ്ഞിരുന്നതാണു്. 75-ാമത്തെ വകുപ്പിനെ സംബന്ധിച്ചിടത്തോളം ശ്രീ. വിശ്വനാഥൻ ഇവിടെ പറയുകയുണ്ടായി. ഞങ്ങളെ സംബന്ധിച്ചിടത്തോളം, മുതലാളിമാരെ പ്രീണിപ്പിക്കാൻ ആണു് പീടികച്ചാർത്തിനെ സംബന്ധിച്ച വ്യവസ്ഥകൾ ഭേദഗതി ചെയ്തിട്ടുള്ളതു എന്നു. കോൺഗ്രസ്സ്, ലീഗിനേയും, പി. എസ്സ്. പി. യേയും കൂട്ടുപിടിക്കുന്നതിനെ ഞങ്ങൾ അങ്ങോട്ടു കുററപ്പെടുത്തുന്നതുപോലെ കണക്കാക്കാനേയുള്ളൂ. ഏതായാലും ഇത്തരം നിസ്സാരകാരണങ്ങൾകൊണ്ടു് നമ്മുടെ നാട്ടിലെ ബഹുജനങ്ങൾക്കു ഉപകാരപ്രദമായ, വളരെക്കാലമായി ഇവിടത്തെ കർഷകജനത ആഗ്രഹിച്ചുകൊണ്ടിരിക്കുന്ന ഈ നിയമത്തിനു എതിരായിട്ടുള്ള ഒരു നിലപാടു് സ്വീകരിക്കാതെ, എല്ലാ രാഷ്ട്രീയപാർട്ടികളും തോളോടുതോൾ ചേർന്നു് ഈ നിയമത്തിന്റെ നടത്തിപ്പിനും, വിജയത്തിനും സഹായകമായ ഒരു നില കൈക്കൊള്ളണമെന്നുള്ള അഭ്യർത്ഥനയോടുകൂടി ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇടിക്കുള : സർ, ''നമ്മളു കൊയ്യും വയലെല്ലാം നമ്മുടെതാകും പൈങ്കിളിയേ'' എന്നു് ഇമ്പകരമായി പാടാറുള്ള പാട്ടുപോലെ, ശ്രീ. സി. എച്ച്. കണാരന്റെ പ്രസംഗം ഞാൻ കേട്ടുകൊണ്ടിരിക്കുകയായിരുന്നു. കർഷകർക്കു വേണ്ടി വളരെയൊക്കെ ചെയ്തിട്ടുണ്ടെന്നും, ഈ നിയമത്തിൽ, അവർക്കു ഏററവും വലിയ ആനുകൂല്യങ്ങൾ നൽകുന്നുണ്ടെന്നും മററും ശ്രീ. കണാരൻ ഇവിടെ പ്രസംഗിച്ചു. എന്നാൽ അതെല്ലാം, 'നമ്മളു കൊയ്യും വയലെല്ലാം—നമ്മുടെതാകും പൈങ്കിളിയേ' എന്ന വഞ്ചനാത്മകമായ മുദ്രാവാക്യംപോലെ അർത്ഥശൂന്യമാണെന്നു് ഈ നിയമം പരിശോധിച്ചാൽ മനസ്സിലാകുന്നതാണു്. വയൽകൊയ്യുന്ന പാവപ്പെട്ട കർഷകതൊഴിലാളികൾക്കു് എവിടെയെങ്കിലും ഒരിഞ്ചുസ്ഥലം കൊടുക്കാൻ ഇതിൽ വ്യവസ്ഥയുണ്ടോ എന്നു ഞാൻ ചോദിക്കുകയാണു്. കുട്ടനാടൻ പ്രദേശത്തെ, അരയററം വെള്ളത്തിൽ, മഴയും, മഞ്ഞും, വെയിലും സഹിച്ചു നെൽകൃഷി നടത്തുന്ന എത്രയെത്ര പാവപ്പെട്ട പുലയർ, പറയർ, തുടങ്ങിയ കർഷകതൊഴിലാളികൾക്കാണു് ഈ നിയമംമൂലം ഭൂമി കിട്ടാൻപോകുന്നതെന്നു് ശ്രീ. കണാരൻ ഒന്നു വ്യക്തമാക്കിയാൽ കൊള്ളാം. അങ്ങനെ പാവപ്പെട്ട പുലയരാദിയായ കർഷകതൊഴിലാളികൾക്കു ഭൂമി കൊടുക്കാനുള്ള വ്യവസ്ഥയില്ലാതെ, ഈ ബിൽ പാസ്സാകുമ്പോൾ വാസ്തവത്തിൽ ഹൃദയവേദനയോടെല്ലാതെ എന്തെങ്കിലും പറയാൻ സാദ്ധ്യമല്ല.

സർ, ഇന്നു ഭൂമി പാട്ടത്തിനു കൈവശം വച്ചുകൊണ്ടിരിക്കുന്നവർ ആരാണു് ? പാവപ്പെട്ട പുലയനൊ, പറയനൊ, അതുപോലെ യഥാർത്ഥത്തിൽ കർഷകതൊഴിലാളിയെന്നു പറയാവുന്നവരോ അല്ല. നല്ല കഴിവുള്ള, സാമ്പത്തികമായി സാമാന്യം കഴിവുള്ളവരാണു് അധികം പാട്ടക്കാരും. ഷാലയിൽ പണിക്കരും, മങ്കൊമ്പിൽ സ്വാമിയും, മുരിക്കനും മററും അവർക്കു കാലാകാലങ്ങളിൽ ശരിയായി പാട്ടംകൊടുക്കുന്ന കഴിവുള്ളവരെമാത്രമാണു് പാട്ടത്തിനു വസ്തു ഏല്പിച്ചിട്ടുള്ളതു്. അങ്ങനെയുള്ളവർക്കാണു് ഈ നിയമംമൂലം കൂടുതൽ ആനുകൂല്യം കിട്ടാൻപോകുന്നതു്. അല്ലാതെ വയൽകൊയ്യുന്ന പൈങ്കിളികൾക്കു് നിലം കിട്ടുമെന്നു പറയുന്ന മുദ്രാവാക്യം കേവലം വഞ്ചനാത്മകമാണെന്നു വ്യക്തമായി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. കുട്ടനാട്ടു് കനകംവിളയിക്കുന്ന, പാടുപെട്ടു് അദ്ധ്വാനിക്കുന്ന സമുദായങ്ങൾക്കു ഒരുപറ കണ്ടമെങ്കിലും കൊടുക്കാൻ ഈ ഗവണ്മെന്റ് തയ്യാറായിട്ടുണ്ടോ ? അതിനു വ്യവസ്ഥ ചെയ്യുന്ന ഏതെങ്കിലും ഒരു വകുപ്പു് ഈ പുരോഗമനാത്മകമായ ഈ നിയമത്തിൽ ഉണ്ടോ എന്നാണു ഞാൻ ചോദിക്കുന്നതു്. സർ, ഈ ഭാഗത്തുനിന്നും ഈ നിയമത്തെപ്പററി എന്റെ സ്നേഹിതന്മാർ പറഞ്ഞ പല കാര്യങ്ങളോടും ഞാൻ പരിപൂർണ്ണമായി യോജിക്കുന്നു. എന്റെ ഹൃദയം എപ്പോഴും വേദനിക്കുന്ന ഒരു സംഗതിയാണിതു്. ഭരണകക്ഷിയിലെ നേതാക്കന്മാരടക്കം നാടുനീളെ വഞ്ചനാത്മകമായ മുദ്രാവാക്യങ്ങൾ മുഴക്കി, പാവപ്പെട്ട ആളുകളെ വഴിതെററിച്ചു് വോട്ടുവാങ്ങി, അധികാരത്തിൽ വന്നിട്ടു്, 'നമ്മളു കൊയ്യും വയലെല്ലാം നമ്മുടെതാകും പൈങ്കിളിയേ, എന്ന വഞ്ചനാത്മകമായ മുദ്രാവാക്യം ഈ നിയമംമൂലം നടപ്പിലാക്കാതെ ഇപ്പോൾ ഇതു് പാവപ്പെട്ടവർക്കു ഗുണംചെയ്യുന്നതാണെന്നു പ്രചരണം നടത്തുന്നതു് കേട്ടുകൊണ്ടിരിക്കാൻ സാദ്ധ്യമല്ല.

ശ്രീ. പി. കാർത്തികേയൻ : ഈ നിയമംമൂലം, ആ മുദ്രാവാക്യം, അന്വർത്ഥമാക്കുകയല്ലേ ചെയ്തിട്ടുള്ളതു് ?

ശ്രീ. ഇടിക്കുള : സർ, ഇവരുടെ വഞ്ചനാത്മകമായ മുദ്രാവാക്യങ്ങളും, പ്രചരണ തന്ത്രങ്ങളും മുൻകൂട്ടി കാണാൻ കഴിവുള്ളവർ ഇതൊന്നും നടക്കാൻ പോകുന്നില്ലെന്നു മനസ്സിലാക്കിയിരുന്നതാണു്. കുറെക്കാലം ഇങ്ങനെ പ്രചരണങ്ങൾ നടത്തി ആളുകളെ കബളിപ്പിക്കാൻ ഇവർക്കു സാധിച്ചുവെന്നുവരും.

[ശ്രീ. ഇടിക്കുള]

ഈ നിയമത്തെസംബന്ധിച്ചിടത്തോളം വേറൊരു വൈഷമ്യം ജനതാമധ്യത്തുണ്ടാകുന്നതുകൂടി ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അവിവാഹിത അഡൽട്ട് മെമ്പർക്കു ഏഴരയേക്കർ ഭൂമിയെന്നാണ് ഇതിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. അതുമൂലം, ചെറുപ്പക്കാർ പ്രായപൂർത്തിയായെന്നു കണ്ടാലുടൻ, ഭൂമിയിൽ കൊതിയുള്ള രക്ഷാകർത്താക്കൾ അവരെ നേരത്തെ പിടിച്ചു പെണ്ണു കെട്ടിക്കുന്ന ഒരു പതിവു ഈ നാട്ടിൽ വന്നുചേരാനുള്ള സാധ്യതയുണ്ട്. ഇഷ്ടമില്ലാത്ത പെൺകുട്ടികളായാലും, അച്ഛനമ്മമാരുടെ നിർബന്ധപ്രകാരം യുവാക്കന്മാർ വിവാഹിതരാകാൻ നിർബന്ധിതരായിത്തീരുന്ന ഒരു ദുഷിച്ച സാമൂഹ്യവ്യവസ്ഥിതി ഇതിന്റെ ഭവിഷ്യത്തായിരിക്കും. അങ്ങനെ സമുദായമധ്യത്തു പലതരത്തിലുള്ള കുഴപ്പങ്ങൾക്കു ഇടനൽകുന്ന ഈ വ്യവസ്ഥ ആവശ്യമില്ലാത്തതാണ്.

സർ, സോഷ്യലിസം നടപ്പിലാക്കുന്നതിനുവേണ്ടി, സാമ്പത്തികസ്ഥിതിസമത്വത്തിനുവേണ്ടി ഭൂനിയമം ഉണ്ടാക്കിയെന്നഭിമാനിക്കുന്ന ഭരണകക്ഷിയോട് എനിക്കല്പം പറയാനുണ്ട്. നിങ്ങൾ സ്ഥിതിസമത്വത്തിനുവേണ്ടി ശരിയായ ആദായം കിട്ടാത്ത, മണ്ടപോയ, കാററുവീണ തെങ്ങിൻതോപ്പുകളും മററു ഭൂമികളും ഇങ്ങനെ ഏക്കറടിസ്ഥാനത്തിൽ വീതിച്ചുകൊടുക്കുന്നതുകൊണ്ട് ഉദ്ദേശം സാധിക്കാൻപോകുന്നില്ല. ഇതുകൊണ്ട് അധ്വാനിക്കുന്ന ജനവിഭാഗത്തെ ഗുണപ്പെടുത്താൻ സാധിക്കുമെന്നു വിചാരിക്കേണ്ട. അവ്യക്തവും, അപൂർണ്ണവും, അർത്ഥശൂന്യവുമായ ഇത്തരം നിയമങ്ങൾകൊണ്ട് സാമൂഹ്യവ്യവസ്ഥിതിയിൽ പരിവർത്തനം വരുത്താമെന്നോ, സോഷ്യലിസം നടപ്പാക്കാമെന്നോ കരുതുന്നതു തെററാണ്. മാസംതോറും രണ്ടായിരവും, മൂവായിരവും രൂപാ ശമ്പളം വാങ്ങുന്നവരെയും, ബിസിനസ്സുകൾമൂലം ആയിരക്കണക്കിന്, ലക്ഷക്കണക്കിന് രൂപ സമ്പാദിക്കുന്നവരെയും, നിയന്ത്രിക്കാനും, സ്ഥിതിസമത്വത്തിലേക്കു നയിക്കാനും സാധിക്കാതെ പത്തോ, ഇരുപതോ, കാററുവീണ തെങ്ങുള്ള പാവപ്പെട്ട കർഷകന്റെ ഭൂമിക്കു പരിധിനിശ്ചയിക്കുന്ന പുരോഗമനാത്മകമായ നിയമത്തിന്റെ പേരിൽ അഭിമാനംകൊള്ളുന്ന നിങ്ങൾ, വഞ്ചനാത്മകമായ മുദ്രാവാക്യങ്ങൾമൂലം ആളുകളെ കബളിപ്പിക്കുകയായിരുന്നു ചെയ്തതെന്നു തെളിഞ്ഞുകഴിഞ്ഞിരിക്കുകയാണ്. സർ, പലതും എനിക്കു പറയാനുണ്ട്; പറഞ്ഞാൽ പ്രയോജനമില്ല. ഏതെങ്കിലും ഭേദഗതികൾ ആ ഭാഗത്തുനിന്നും കൊണ്ടുവന്നാൽ, അതു ബഹുമാനപ്പെട്ട മന്ത്രിക്കു സ്വീകാര്യമായിരിക്കും. ഞങ്ങൾ വളരെ ന്യായയുക്തമായ, രാജ്യത്തിനു ശ്രേയസ്സും, നീതിയും ആയിരിക്കുമെന്നു കരുതാവുന്ന ഭേദഗതികൾ തന്നെ കൊണ്ടുവന്നാലും മന്ത്രി അതിൽ ആകാംക്ഷ പ്രദർശിപ്പിക്കാതെ തിരിഞ്ഞിരുന്നുകളയുകയായിരിക്കും ചെയ്യുന്നതു്. അങ്ങനെയൊരു സമീപനരീതിയാണ് ഇവിടെ കണ്ടിട്ടുള്ളതു്. കമ്മ്യൂണിസ്റ്റു പാർട്ടിയെന്നല്ല, ഏതു പാർട്ടിയായാലും അധികാരം കിട്ടുമ്പോൾ, മന്ത്രിയാകുമ്പോൾ പഴയ മട്ടൊക്കെ അങ്ങുമാറും. പിന്നെ പഴയ ചരിത്രങ്ങളൊന്നും ഓർക്കുകയേയില്ല. എന്നാൽ, അവർ ആനപ്പുറത്തുനിന്നും താഴെയിറങ്ങി, വീണ്ടും ജനങ്ങളെ സമീപിക്കേണ്ടവരാണെന്നുള്ള ബോധം ഇല്ലാത്തവരായിക്കാണുന്നതു കഷ്ടമാണ്.

സർ, ഈ രാജ്യത്തിന്റെ ക്ഷേമത്തിനും, അഭിവൃദ്ധിക്കും കൊള്ളരുതാത്ത അനവധി ബില്ലുകൾ സൃഷ്ടിച്ച്, ഈ രാജ്യത്തെ ബഹുജനങ്ങളുടെ അടങ്ങാത്ത രോഷാഗ്നിയെ ആളിക്കത്തിച്ച ഈ മന്ത്രിസഭയുടെ നടപടിയെ ഞാൻ അങ്ങേയററം വിമർശനത്തിനു വിധേയമാക്കിക്കൊണ്ട് പ്രസംഗം അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഹസ്സൻഗനി: സർ, കാർഷികബന്ധബില്ലിന്റെ മൂന്നാം വായന പൂർത്തിയാകാൻ പോകുന്ന ഇത്തരുണത്തിൽ, ഈ നിയമം കേരളസംസ്ഥാനത്തിന്റെ ക്ഷേമത്തിന്ന് ഉതകുന്ന ഒന്നായിട്ടാണ് ഞാൻ വിശ്വസിക്കുന്നതു്. ഈ ബില്ലിനെപ്പററി വളരെയധികം ചർച്ചകൾ ഇവിടെ നടന്നിട്ടുണ്ട്. വളരെ ഭേദഗതികൾ ഇവിടെ അവതരിപ്പിച്ചു; ചില ഭേദഗതികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ നിയമം ഈ രാജ്യത്തിന്ന് വലുതായ ഒരു നേട്ടമാണെന്ന് എന്റെ കമ്മ്യൂണിസ്റ്റ് സുഹൃത്തുക്കൾ വിചാരിക്കുന്നതിൽ എനിക്ക് എതിരില്ല. പക്ഷെ, ചില കാര്യങ്ങൾ ഈ ബില്ലിനെസംബന്ധിച്ചിടത്തോളം ഈയവസരത്തിൽ എനിക്കു പറയാതെ നിവൃത്തിയില്ല. എല്ലാ വകുപ്പുകളും തൃപ്തികരമായ നിലയിൽ ഒരു നിയമനിർമ്മാണം നടത്തുക എന്നകാര്യം അസാദ്ധ്യമാണെന്ന് എനിക്കറിയാം. പക്ഷെ ഒഴിവാക്കാൻ സാധിക്കുന്ന ന്യൂനതകൾ ഒഴിവാക്കേണ്ടതു് ഏററവും ആവശ്യമാണെന്ന് ഇത്തരുണത്തിലും പറയാതെ നിർവ്വാഹമില്ല. കുടിയാന്മാരെസംബന്ധിച്ചിടത്തോളം അവക്ക്, ഭൂമിയിൽ ഉടമാവകാശം നൽകുന്ന കാര്യത്തിൽ ആരും എതിരല്ല. വളരെക്കാലം കുടിയായ്മയിൽ കഴിഞ്ഞുവരുന്നവക്ക് ആ ഭൂമിയിൽ സ്ഥിരാവകാശം നൽകുക എന്നു പറയുന്നതിനോടു യോജിക്കാൻ തയ്യാറാണെങ്കിലും, അതോടൊപ്പം ഭൂവുടമകളിൽനിന്നും ഭൂമി എടുക്കുമ്പോൾ അവക്കും ഹാനികരമാകാത്ത തരത്തിൽ ഈ പ്രശ്നം കൈകാര്യംചെയ്യാൻ മതിയായ നിയമമായിരിക്കണം നാം ഉണ്ടാക്കുന്നതു്. അങ്ങനെ ഭൂമി എടുക്കുമ്പോൾ അവക്കു ന്യായമായ പ്രതിഫലം കൊടുക്കേണ്ടതാണ്. എന്നാൽ എല്ലാ ഭൂവുടമകൾക്കും ന്യായമായ പ്രതിഫലം കൊടുക്കുവാനുള്ള കഴിവ് ഇന്ന് ഗവണ്മെന്റിനില്ലെന്നുള്ള കാര്യവും ഞാൻ വിസ്മരിക്കുന്നില്ല. എന്നിരുന്നാലും, ഈ കാര്യത്തിൽ ഗവണ്മെന്റിനും ചില കത്തവ്യങ്ങളുണ്ട്. നിർണ്ണിഷ്ടമായ ഒരു തുക കുടിയാന്മാരിൽനിന്നും പിരിക്കുകയും, പോരാതെവരുന്നതു് ഗവണ്മെന്റിൽനിന്നും എടുക്കുകയുംവേണം. അങ്ങനെ ഗവണ്മെന്റിന്ന് സാമ്പത്തികശേഷി ഇല്ലാതെ വന്നാൽ, തീർച്ചയായും ഈ രാജ്യത്തെ വൻകിട മുതലാളിമാരുടെ സഹായംകൂടി ഗവണ്മെന്റ് ആവശ്യപ്പെടേണ്ടതാണ്. പൊതുവേ രാജ്യക്ഷേമത്തിനുവേണ്ടി, ഒരു സാമൂഹ്യ പരിവത്തനത്തിനുവേണ്ടി ശ്രമിക്കുമ്പോൾ, അതിനുവേണ്ടി ഒരു നിയമം കൊണ്ടുവരുമ്പോൾ ഇങ്ങനെയുള്ള ഒരു സമീപനം അത്യാവശ്യമായിരിക്കുമെന്നാണെന്റെ വിശ്വാസം. ഈ രാജ്യത്തെ ചെറുകിട ഭൂവുടമകളെ സംബന്ധിച്ചിടത്തോളം ഈ ബില്ലിൽ നിർദ്ദേശിച്ചിരിക്കുന്ന സംഗതികൾ വച്ചു നോക്കുമ്പോൾ, അവക്കു ശരിയായ സംരക്ഷണവ്യവസ്ഥകൾ ഇതിൽ ചേത്തിട്ടില്ലെന്നു കാണാൻ കഴിയുന്നതാണ്. ഈ നിയമസഭയിൽതന്നെ വളരെ അധികം സമയം ഇതിന്റെ ചർച്ചയ്ക്കുവേണ്ടി നാം വിനിയോഗിച്ചിട്ടുണ്ടെങ്കിലും, ഈ അവസാന ഘട്ടത്തിലും ചില കാര്യങ്ങൾ പറയാതിരിക്കാൻ നിർവ്വാഹമില്ല. തിരുവിതാംകൂറിനെസംബന്ധിച്ചിടത്തോളം ഒരു തരത്തിലും, മലബാർ, കൊച്ചി വിഭാഗത്തെ സംബന്ധിച്ചിടത്തോളം വേറൊരു തരത്തിലും വിവേചനാപരമായി പ്രത്യേകം സാഹചര്യമാണ് ഇതിലെ വ്യവസ്ഥകൾമൂലം സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്നു പറയാതെ നിവൃത്തിയില്ല. ഞാൻ സ്മാൾഹോൾഡേഴ്സിന്റെ കാര്യമാണ് സൂചിപ്പിക്കുന്നതു്. അവക്ക് 50 ശതമാനം മാക്കററുവില പത്തുകൊല്ലംകൊണ്ടാണു കൊടുക്കാൻ ഉദ്ദേശിക്കുന്നതു്. ഇങ്ങനെ അവക്കു കൊടുക്കാൻ ഉദ്ദേശിക്കുന്ന തുക പത്തുകൊല്ലം കൊണ്ടാണു കൊടുക്കുന്നതെങ്കിൽ, മറെറതെങ്കിലും രീതിയിൽ അതു് അവർക്കു തൊഴിൽചെയ്യാനുള്ള സൗകര്യമുണ്ടാക്കാൻ സാധിക്കാതെ വരുന്നതാണ്. അങ്ങനെയൊരു പ്രത്യേക സാഹചര്യം ഇതുമൂലം സൃഷ്ടിക്കുന്നതു തെററാണ്.

സർ, മറെറാരു പ്രധാനസംഗതി എനിക്കു ചൂണ്ടിക്കാണിക്കാനുള്ളതു്, സ്മാൾഹോൾഡേഴ്സിനെസംബന്ധിച്ചിടത്തോളം മിച്ചഭൂമി വിതരണം ചെയ്യുമ്പോൾ ലാസ്റ്റ് ചാൻസേ പ്രയോറിട്ടിയിൽ പരിഗണിക്കുന്നുള്ളു. തുച്ഛമായ തോതിൽ മാത്രമേ കേരളത്തിൽ മിച്ചഭൂമി ലഭിക്കാൻ ഇടയുള്ളു. ആ സ്ഥിതിക്ക് സ്മാൾഹോൾഡേഴ്സിന് ലാസ്റ്റ് ചാൻസ് കൊടുത്താൽ അവക്ക് ഒരിഞ്ചു ഭൂമിപോലും കിട്ടാനുള്ള സാദ്ധ്യതയില്ലെന്നു വരും.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ കെ. ഹസ്സൻഗനി]

സർ, മതസ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളമുള്ള സ്വത്തുക്കൾ പരിധിയിൽനിന്നും ഒഴിവാക്കേണ്ടതാണെന്നു ഞങ്ങൾ ആവശ്യപ്പെട്ടിരുന്നു. അതു് ഇനി പറഞ്ഞിട്ടു് പ്രയോജനമില്ലെന്നറിയാം. ഒരു കാര്യം ചെയ്യാമായിരുന്നു; ഈ ബില്ലിലെ വ്യവസ്ഥയനുസരിച്ചു് ഓരോ മതസ്ഥാപനത്തിനും 15 ഏക്കർ ഇരുപ്പുനിലം, അല്ലെങ്കിൽ തത്തുല്യമായ മററു ഭൂമി കൈവശംവയ്ക്കാമെന്നു വ്യവസ്ഥ ചെയ്യാമായിരുന്നു. ഇപ്പോൾ കൈവശമിരിക്കുന്ന ഭൂമിയെസംബന്ധിച്ചിടത്തോളം കുഴപ്പമില്ലെന്നു പറയുമായിരിക്കാം. പക്ഷേ പല മതസ്ഥാപനങ്ങൾക്കും 15 ഏക്കറിൽ കുറവായിട്ടു ഭൂസ്വത്തുള്ള, 5 ഏക്കർ ഭൂമിയിൽ കുറവുള്ള മതസ്ഥാപനങ്ങളും ഇന്നു് ധാരാളമുണ്ടു്. അത്തരം മതസ്ഥാപനങ്ങളുടെ കാര്യത്തിൽ കുടിയാന്മാർക്കു് ഉപദ്രവമുണ്ടാകുന്ന ഒരു സംഗതിയും വരാനിടയില്ല. ഏതായാലും മതസ്ഥാപനങ്ങളുടെ സ്വത്തുക്കളെ സംബന്ധിച്ചിടത്തോളം കുറെക്കൂടി സഹായകമായ ഒരു നിലപാടു് സ്വീകരിക്കേണ്ടതായിരുന്നു.

സർ, മറെറാരു പ്രധാനസംഗതി എനിക്കു് ഇവിടെ പറയാനുള്ളതു്, സഹകരണാടിസ്ഥാനത്തിൽ മിച്ചഭൂമി കൃഷി ചെയ്യണമെന്നും, ഭൂമിയില്ലാത്ത കർഷകർ ഉൾപ്പെടുന്ന സഹകരണസംഘങ്ങൾ ഉണ്ടാക്കി, ആ സംഘങ്ങൾ മുഖേന കൃഷി നടത്തണമെന്നുമുള്ള ഞങ്ങളുടെ അഭിപ്രായത്തെ ഗവണ്മെൻറു് സ്വീകരിക്കാത്തതിനെപ്പററിയാണു്. കായൽനിലങ്ങളെ സംബന്ധിച്ചും, കോൾനിലങ്ങളെ സംബന്ധിച്ചും സഹകരണാടിസ്ഥാനത്തിൽ കൃഷി നടത്തണമെന്നുള്ള തത്വം അംഗീകരിച്ചിട്ടുണ്ടു്. സർ, ഞാൻ ചോദിക്കുന്നതു്, എന്തുകൊണ്ടു് ഇരുപതേക്കറിൽ കൂടുതൽ സ്ഥലം ഒന്നായി കിടക്കുന്ന പ്രദേശങ്ങൾ സഹകരണാടിസ്ഥാനത്തിൽ കൃഷി നടത്താൻ കൊടുത്തുകൂടാ എന്നാണു്. അതിനുള്ള വ്യവസ്ഥ ഇതിൽ ഉണ്ടോ? ബഹുമാനപ്പെട്ട മന്ത്രി ഇതിനൊരു ഭേദഗതി കൊണ്ടുവന്നിരുന്നു എങ്കിലും അതു പിന്നീടു പ്രസ്സു് ചെയ്തില്ല. ഈ രാജ്യത്തിൻെറ ക്ഷേമത്തിനും, കാർഷികാഭിവൃദ്ധിക്കും വേണ്ടി, സഹകരണാടിസ്ഥാനത്തിൽ കൃഷി നടത്തണമെന്നുള്ളതിൻെറ മുന്നോടിയായി ഈ തത്വം നാം സ്വീകരിക്കേണ്ടതു് ആവശ്യമല്ലേ? കായൽനിലങ്ങളും, മററും പ്രത്യേക പരിതഃസ്ഥിതിയിൽ ഉള്ളതുകൊണ്ടാണു് അവ സഹകരണാടിസ്ഥാനത്തിൽ കൃഷി നടത്താൻ തീരുമാനിച്ചിട്ടുള്ളതെന്നു പറയുമായിരിക്കാം.

കിഴക്കൻ പ്രദേശങ്ങളിൽ പോകുകയാണെങ്കിൽ തീർച്ചയായും പറമ്പുകളും മററു ഭൂമികളും 20 ഏക്കറിൽ കൂടുതൽ ഒരുമിച്ചു കിടക്കുന്നതു് കാണാൻ കഴിയും. സഹകരണസമ്പ്രദായത്തെ നാം മാനിക്കുന്നുണ്ടെങ്കിൽ, സഹകരണാടിസ്ഥാനത്തിൽ കൃഷി ചെയ്യണമെന്നു ആഗ്രഹമുണ്ടെങ്കിൽ അതുകൂടി സ്വീകരിക്കേണ്ടതാണെന്നു് ഞാൻ പറയുന്നു. തുണ്ടുതുണ്ടായി കിടക്കുന്ന ഭൂമികൾ സഹകരണാടിസ്ഥാനത്തിൽ കൊടുക്കാൻ വിഷമമുണ്ടായി എന്നു വരും. എന്നാൽ 20 ഏക്കറും അതിൽ കൂടുതലും ഉള്ള ഭൂമികൾ എന്തുകൊണ്ടു് കൊടുത്തുകൂടെന്നാണു് ഞാൻ ചോദിക്കുന്നതു്. അതു സംബന്ധിച്ചു് തീർച്ചയായും ഒരു വ്യവസ്ഥ ചെയ്യേണ്ടതു് ആവശ്യമാണെന്നു് ഞാൻ ഊന്നി പ്രസ്താവിക്കുന്നു. മുസ്ലീം ക്രൈസ്തവ പിൻതുടർച്ചാവകാശം സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ചതിൽ എനിക്കു വളരെ നന്ദിയുണ്ടു്. അതുപോലെ തന്നെ 10 ഏക്കറിൽ കൂടുതലുള്ള കാഷ്യൂപ്ലാൻറേഷൻ ഭൂപരിധിയിൽനിന്നും ഒഴിവാക്കിയതും സന്ദർഭോചിതമായിയെന്നു് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ ബിൽ പാസ്സായതിനുശേഷം ഭൂമി ഒഴിവാക്കുന്ന കാര്യത്തിൽ ചില അധികാരങ്ങൾ ഗവണ്മെൻറിനു് വച്ചിട്ടുണ്ടു് ആ അധികാരങ്ങൾ ദുർവിനിയോഗപ്പെടുത്തുമെന്നുള്ള പരാതികൾ ഉള്ളതുകൊണ്ടു് അങ്ങനെ ദുർവിനിയോഗപ്പെടുത്താതിരിക്കുന്നതിനു് ഗവണ്മെൻറു് പ്രത്യേകം സൂക്ഷിക്കണമെന്നു് ഞാൻ അഭ്യർത്ഥിക്കുന്നു. ഈ വകുപ്പു പാടില്ലാത്തതായിരുന്നു. അതു പാസ്സായിപ്പോയതുകൊണ്ടു് എടുത്തുകളയാൻ നിർവാഹമില്ലാത്ത ഒരു സാഹചര്യമാണുള്ളതു്. അതുകൊണ്ടു് ആ അധികാരം ദുർവിനിയോഗപ്പെടുത്താൻസാധിക്കാത്ത

LIBRARY ARCHIVES Kerala Legislative Assembly

ഒരു പരിതഃസ്ഥിതി സൃഷ്ടിച്ച് ഈ രാജ്യത്തെ എല്ലാ വിഭാഗങ്ങളോടും ന്യായം പുലർത്തണമെന്ന് പറഞ്ഞുകൊള്ളുന്നു. ഈ ബില്ലിന്റെ പ്രവർത്തനരീതിയിൽ പല ഗാരന്ത്യങ്ങളും ഉണ്ടായി എന്നുവരാം. കാലതാമസം ഉണ്ടായി എന്നു വരും. അതു ഒഴിവാക്കുന്നതിനുള്ള പരിപാടി കണ്ടുപിടിക്കേണ്ടതു് ഗവണ്മെന്റിന്റെ ചുമതലയാണ്. അഞ്ചും പതിനഞ്ചും ഏക്കറിന് മദ്ധ്യേയുള്ളവർക്കിട ഭൂവുടമസ്ഥൻ എന്നു പറയുന്നവർക്ക് പ്രതിഫലം കിട്ടുന്നതിന് എത്ര നാൾ പിടിക്കുമെന്നാണ് ഞാൻ ചോദിക്കുന്നതു്. അതിന് നാൾ പിടിക്കുമ്പോൾ അവരുടെ കുടുംബങ്ങൾ പട്ടിണി കിടക്കേണ്ടിവരുമെന്നുള്ളതു മനസ്സിലാക്കി ആ വക കാര്യങ്ങൾ ശരിയായ രൂപത്തിൽ താമസംവിനാ നടത്തുന്നതിനുള്ള ഏർപ്പാടുകൾ ഗവണ്മെന്റ് ചെയ്യേണ്ടതാണെന്ന് പറയാൻ ആഗ്രഹിക്കുന്നു. എല്ലാ ജനവിഭാഗങ്ങൾക്കും ഒരുപോലെ ഉയരുന്നതിന് സാധിക്കുന്ന നിലയിലുള്ള പദ്ധതികൾ ഇതിലില്ലെങ്കിലും പ്രവർത്തനരംഗത്തു് അതു ശരിയായി കൊണ്ടുവരുന്നില്ലെങ്കിൽ തീർച്ചയായും ഒരു വിഭാഗം ജനങ്ങൾ ഇവിടെ കഷ്ടതയും അരിഷ്ടതയും അനുഭവിക്കുമെന്നുള്ളതു് തീർച്ചയാണ്. ഗവണ്മെന്റ് ഇന്നു കൊണ്ടുവന്നിരിക്കുന്ന ബിൽ കാർഷികരംഗത്തു് വലിയ പരിവർത്തനങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെന്നും കുടിയാന്മാർക്ക് ഗുണകരമാണെന്നും ഞാൻ സമ്മതിക്കുന്നു. പക്ഷേ, കാർഷികരംഗത്തുണ്ടായിട്ടുള്ള പരിവർത്തനം എല്ലാ വിഭാഗങ്ങൾക്കും ഗുണം കിട്ടുന്നതായിരിക്കണമെന്നു മാത്രമേ ഞാൻ ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുന്നുള്ളു.

ശ്രീ. എം. നാരായണക്കുറുപ്പ്: ഇന്നിപ്പോൾ 18 ഭേദഗതികളുടെ നോട്ടീസ് കിട്ടിയിട്ടുണ്ട്. ഞാൻ ഇന്നലെതന്നെ പറഞ്ഞു മൂന്നാംവായനയുടെ സമയത്തുള്ള ഭേദഗതികൾ ഉണ്ടെങ്കിൽ അതംഗീകരിക്കപ്പെട്ടശേഷം ആണെങ്കിൽ മെമ്പറന്മാർക്ക് മെററീരിയലായി സംസാരിക്കാൻ കഴിയുമെന്ന്. ഇപ്പോൾ ഭേദഗതികൾ വന്നിട്ടുണ്ട്.

മി. സ്പീക്കർ: അതു് അഡാപ്റ്റ് ചെയ്യാത്തതു് എന്തുകൊണ്ടെന്നാൽ ഭേദഗതിയെ സംബന്ധിച്ചുള്ള അഭിപ്രായങ്ങൾകൂടി പൊതുചർച്ചയിൽ നൽകുമെന്നു വിചാരിച്ചാണ്. ഭേദഗതികൾ പാസ്സാക്കിക്കഴിഞ്ഞു് അതിനെപ്പററി സ്പർശിച്ചു് സംസാരിക്കാനുള്ള അവസരം നഷ്ടപ്പെട്ടത്തേണ്ടന്നു വിചാരിക്കുന്നു. എങ്ങനെ ചെയ്യുന്നതിലും എനിക്കു വിരോധമില്ല.

ശ്രീ. ഇ. പി. പൗലോസ്: സർ, ഒരു പായിന്റു് ആഫ് ആർഡർ. ഈ ഘട്ടത്തിൽ ഈ ഭേദഗതികളൊന്നും അഡ്മിസിബിൾ അല്ല. ഇക്കൂട്ടത്തിൽ പല ഭേദഗതികളും സബ്സ്റ്റാൻഷ്യൽ ആണ്.

Mr. Speaker: I have taken legal opinion in the matter and consulted also some of my friends in this House. They feel that there are only certain omissions that occurred at the second reading stage and so I naturally allow these amendments suspending the rule regarding that.

Smt. K. R. Gouri: I move amendments one to eighteen.

Shri M. Narayana Kurup: No No. I submit Sir, that every amendment has to be moved separately.

ശ്രീമതി കെ. ആർ. ഗൗരി: ഓരോന്നും പ്രത്യേകം ഡിസ്കഷനു് കൊണ്ടുവരികയാണെങ്കിൽ ഒരു മണിക്കു് തീരുകയില്ല. അതുകൊണ്ടാണ് ഞാൻ ഒരുമിച്ചു് മൂവു് ചെയ്യുന്നതു്.

Shri E. P. Poulose: I am raising a point of order. At this stage no substantial amendments can be moved. It is clearly stated. The authorities are very clear in the matter. I am reading from "A Selection from the Rulings of the Presiding Officers of State Legislatures in India", page 93.

2/695/V

LIBRARY ARCHIVES Kerala Legislative Assembly

"Bills. Third Reading: Amendments: Moving of:—Whether permissible. During the third reading of the Public Security Measures Act Amendment Bill, when a member said that he expected that an amendment would be tabled by Government on certain matters, the Speaker ruled:—

"No amendment can be allowed at the third reading stage of a Bill, even on behalf of Government, unless it is of a formal nature".

(Bombay L. A. Deb. 2nd March 1950, Vol. 16, page 632).

Again, in page 578 of May's Parliamentary Practice, it is stated as follows:

Amendments on Third Reading. "By S. O. No. 53, verbal amendments only can now be made to a bill at the third reading. If material amendments are desired the order for the third reading of the bill should be discharged, and the bill recommitted to allow the introduction of the amendments in committee. In such cases it has been customary to consider the bill, as amended on recommittal, and to read it the third time immediately.''

ശ്രീമതി കെ. ആർ. ഗൗരി: ഇങ്ങനെ പറഞ്ഞാൽ പോര. ഏതൊക്കെയാണ് ഈ ബില്ലിൽ അഡാപ്റ്റ് ചെയ്യുന്നതിന് എതിരായിട്ടുള്ളതെന്നു പറയണം.

ശ്രീ. എം. നാരായണക്കുറുപ്പ്: ഇങ്ങനെ സാധാരണമായി ഭേദഗതികൾ കൊണ്ടുവരാൻ കാരണമെന്താണെന്നു് മന്ത്രിയാണ് പറയേണ്ടതു്. 18 ഭേദഗതികൾ അവതരിപ്പിച്ചതു് ഒന്നിച്ചു് വോട്ടിനിടുമോ ഓരോന്നിനെപ്പററിയും പ്രത്യേകം പ്രത്യേകം വാദപ്രതിവാദം നടത്തുമോ എന്നൊന്നും ഞങ്ങൾക്കു് നിശ്ചയമില്ല.

ശ്രീമതി കെ. ആർ. ഗൗരി: ഇന്നലെ ഞാൻ ഇതിനെ സംബന്ധിച്ചു് ഇവിടെ സംസാരിച്ചിട്ടുണ്ടു്. ഇതെല്ലാം നാം ഓരോ സെക്ഷൻ കഴിഞ്ഞ ശേഷം പിന്നെ തീരുമാനിക്കുന്നതിനെ അടിസ്ഥാനപ്പെടുത്തി മാറേറണ്ടിവരുന്നതാണു്. അതിൽ വ്യത്യസ്ഥമായി 52-ാം സെക്ഷനിലാണു് ഭേദഗതി വന്നിട്ടുള്ളതു്. 62-ാം സെക്ഷൻ വന്നുകഴിഞ്ഞപ്പോഴാണു് ശ്രീ. കുറുപ്പ് കാമ്പൻസേഷൻ കൊടുക്കുന്നതിനെ സംബന്ധിച്ചു് ഇന്ന വിധത്തിൽ ഒരു സംശയം വരുമെന്നു് പ്രസ്താവിച്ചതു്. ആ സംശയം ഇല്ലാതാക്കുന്നതിനു് 52-ാം ക്ലാസ്സിൽ സാരമായ ഒരു ഭേദഗതി കൊണ്ടുവരേണ്ടിവന്നു.

ശ്രീ. എം. നാരായണക്കുറുപ്പ്: സ്പീക്കർ ഇതെങ്ങനെയാണു് വോട്ടിനിടുന്നതു്. ഓരോന്നിനെപ്പററിയും സംസാരിക്കാൻ സമയം തരുമോ?

മി. സ്പീക്കർ: ഒന്നു മുതൽ 18 വരെ എന്നു പറഞ്ഞു് ഞാൻ വോട്ടിനിടുകയില്ല.

ശ്രീ. കെ. കെ. വിശ്വനാഥൻ: ഈ ബില്ലിന്റെ അവസാനഘട്ടത്തിൽ നാം എത്തിയിരിക്കുകയാണു്. ഈ ബിൽ പാസ്സാകുന്ന കാര്യത്തിൽ, ഈ ഭാഗത്തുനിന്നും എടുത്തിട്ടുള്ള നിലപാടിനെ സംബന്ധിച്ചു് ചിലർക്കെങ്കിലും ചില സംശയങ്ങൾ ഉള്ളതായി എനിക്കു് കാണാൻ കഴിയുന്നുണ്ടു്. ഈ

LIBRARY ARCHIVES Kerala Legislative Assembly

ബില്ലിന്റെ പുരോഗതിയെ തടസ്സപ്പെടുത്തുന്ന ചില കാര്യങ്ങൾ ഈ ഭാഗത്തിരിക്കുന്ന ആളുകൾ ചെയ്യുന്നുണ്ടെന്നുള്ള സൂചന ആ ഭാഗത്തെ ചില സുഹൃത്തുക്കളിൽനിന്നും കേൾക്കാൻ ഇടയായതു് വേദനാജനകമായി ഞാൻ കണക്കാക്കുകയാണു്. ബില്ലിനു് കൂടെക്കൂടെ ഭേദഗതികൾ കൊണ്ടുവരുന്നതു് നാം ദിവസേന കണ്ടതാണു്. ബില്ലിന്റെ ചർച്ച ഇനിയും മാററിവയ്ക്കുകയാണെങ്കിൽ പിന്നെയും വളരെ അധികം ഭേദഗതികൾ ബഹുമാനപ്പെട്ട മന്ത്രിതന്നെ കൊണ്ടുവരുമെന്നാണു് എന്റെ വിശ്വാസം. ഇന്നു് ഈ ഭേദഗതികൾ എല്ലാം സ്വീകരിച്ചുകൊണ്ടുതന്നെ ബിൽ പാസ്സാക്കുകയാണെങ്കിൽപോലും ഈ ബിൽ നടപ്പിലാകുന്നതിനുമുമ്പു് വീണ്ടും ഭേദഗതികളുടെ ആവശ്യം വരികയില്ലേ എന്നും ഞാൻ സംശയിക്കുകയാണു്. അത്രകണ്ടു വിഷമങ്ങൾ ഈ ബില്ലിൽ ഉണ്ടു്. അത്രയ്ക്കു ന്യൂനതകൾ ഉണ്ടെന്നാണു് എന്റെ വിശ്വാസം. അതിനു് ആരെയും ഞാൻ കുററപ്പെടുത്തുകയല്ല.

ഈ ബില്ലിന്റെ സ്വഭാവമനുസരിച്ചു് അതിന്റെ സങ്കീർണ്ണത നോക്കുമ്പോൾ, ഇങ്ങനെയുള്ള ന്യൂനതകൾ കണ്ടേക്കാം. നാമെത്രതന്നെ ആലോചിച്ചു് ഒരു ബില്ലുകൊണ്ടുവന്നാലും പിന്നെയും കുറെ ന്യൂനതകൾ കാണും. എന്റെ അഭിപ്രായത്തിൽ ഈ ബിൽ നടപ്പിലാക്കാൻ ആലോചിക്കുന്ന സന്ദർഭത്തിൽ വീണ്ടും ചില ഭേദഗതികൾ കൊണ്ടുവരുവാൻ ഗവമ്മെന്റ നിർബന്ധിതരായിത്തീരും. അങ്ങനെയുള്ള ചില ന്യൂനതകൾ കാണും.

ഈ ബിൽ എപ്പോൾ നടപ്പിൽവരുമെന്നു് ഇപ്പോൾ പറയാൻ സാദ്ധ്യമല്ല. ഇപ്പറഞ്ഞ ന്യൂനതകളെല്ലാം പരിഹരിച്ചുകൊണ്ടു ഇതു നടപ്പിൽ വരുമെന്നു വന്നാൽത്തന്നെ ഈ ബില്ലിൽപ്പറയുന്ന ഗുണങ്ങൾ അടുത്തകാലത്തൊന്നും ഉണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇതു പാസ്സായശേഷം പ്രസിഡൻറിന്റെ അംഗീകാരത്തിനു പോകണം. അംഗീകാരം ഉടൻ കിട്ടുമെന്നു വിചാരിച്ചാൽ തന്നെയും രണ്ടുമൂന്നു മാസത്തെ കാലാവധി അതിനുവേണം. അംഗീകാരം കിട്ടിക്കഴിഞ്ഞാൽ, പ്രധാനമായ സംഗതി ഈ ബില്ലിലെ വ്യവസ്ഥകളനുസരിച്ചു് ഭൂമി റെസ്യൂം ചെയ്യുന്നതിനു്, ഫെയർ റെൻറ ഫിക്സ്ചെയ്യുന്നതിനു്, പർച്ചേസ്പ്രൈസ് നിശ്ചയിക്കുന്നതിനു് ഇവയ്ക്കെല്ലാമാവശ്യമായ ലാൻഡു് ട്രിബ്യൂണലിനെ ഏർപ്പെടുത്തുക എന്നതാണു്. അങ്ങനെ ലാൻഡു് ട്രിബ്യൂണൽ ഏർപ്പെടുത്താൻ കഴിയണമെങ്കിൽ, ഈ രാജ്യത്തെല്ലായിടത്തും പഞ്ചായത്തുകളേർപ്പെടുത്താതെ നിവൃത്തിയില്ല. രണ്ടു ദിവസങ്ങൾക്കു മുമ്പു ഈ നിയമസഭയിൽ പഞ്ചായത്തു തിരഞ്ഞെടുപ്പു എന്നു നടക്കുമെന്നു ഞാൻ ചോദിച്ചപ്പോൾ, ഇവിടത്തെ ഡീലിമിറ്റേഷൻ കഴിഞ്ഞാലുംപോരാ, ഒരു പഞ്ചായത്തുബിൽ പാസായശേഷം മാത്രമെ, തിരഞ്ഞെടുപ്പു നടത്താൻ സാധിക്കു എന്നാണു മറുപടി ലഭിച്ചതു്. ഇവിടെ ഒരു പഞ്ചായത്തുബിൽ പാസ്സായശേഷം പഞ്ചായത്തുകളിൽ തിരഞ്ഞെടുപ്പു നടത്തണമെങ്കിൽ, ചുരുങ്ങിയതു് ഒരുകൊല്ലമെങ്കിലും വേണം. അങ്ങനെ പഞ്ചായത്തു തിരഞ്ഞെടുപ്പു നടത്തിക്കഴിഞ്ഞതിനു ശേഷമേ ലാൻഡു് ട്രിബ്യൂണൽ ഏർപ്പെടുത്താൻ കഴിയൂ. ആ ട്രിബ്യൂണൽ സംഘടിപ്പിക്കുന്നതിനുതന്നെ ഏതാണ്ടൊരുകൊല്ലം വേണ്ടിവരും. അതിനുശേഷം റിസംപ്ഷനും ഫെയർ റെൻറ ഫിക്സ് ചെയ്യുന്നതിനും മററുമുള്ള അപേക്ഷ കൊടുക്കണം. കുടിയാന്മാരെ സംബന്ധിച്ചിടത്തോളം ഓണർഷിപ്പു നിശ്ചയിക്കുന്നതു റിസംപ്ഷനെല്ലാം നടന്നുകഴിഞ്ഞതിനുശേഷം മാത്രമേ സാദ്ധ്യമാകൂ എന്നു ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. അതുകൊണ്ടു് ട്രിബ്യൂണൽ ഏർപ്പെടുത്തി അപേക്ഷകൊടുത്തു റിസംപ്ഷൻ നടപ്പിലാക്കുന്നതിനും ഫെയർ റെൻറു് ഫിക്സ് ചെയ്യുന്നതിനും മററും വേണ്ടി ട്രിബ്യൂണലിന്റെ കൈവശംതന്നെ ആ അപേക്ഷകൾ രണ്ടുമൂന്നുകൊല്ലം ഇരുന്നു എന്നുവരാം. ട്രിബ്യൂണൽ പാസ്സാക്കുന്ന വിധി അവസാനത്തെ വിധി അല്ല. മിക്കവാറും കേസ്സുകളിൽ അവ സബ്കോടതികളിലേക്കു് പോകാതിരിക്കുകയില്ല. ഇന്നത്തെ സ്ഥിതിവച്ചു് നോക്കുകയാണെങ്കിൽ അപ്പീലിനു ഏതാണ്ടൊരുകൊല്ലക്കാലമെങ്കിലും എടുക്കും. പിന്നെ ഹൈക്കോടതിയിൽ റിവിഷനു പോയാൽ, ആ കാലാവധി കൂടി കണക്കാക്കേണ്ടതാണു്. ഞാനതു കണക്കാക്കുന്നില്ല. അങ്ങനെ ചുരുങ്ങിയതു് നാലുകൊല്ലക്കാലം കഴിഞ്ഞാൽ

LIBRARY ARCHIVES Kerala Legislative Assembly

(ശ്രീ. കെ. കെ. വിശ്വനാഥൻ)

മാത്രമെ വെസ്റ്റിംഗ് ഡേററ് തീരുമാനിക്കുവാൻ കഴിയുകയുള്ളു. വെസ്ററ് ചെയ്തു കഴിഞ്ഞാൽ മാത്രമെ ലാൻഡ് ബോർഡിന്റെ കൈവശത്തിലേക്ക് ഭൂമി വന്നുചേരുകയുള്ളു. ലാൻഡ് ബോർഡ് അപേക്ഷകൾ ക്ഷണിച്ച് വിവരങ്ങൾ അറിഞ്ഞുകഴിഞ്ഞതിന്റെ ശേഷമാണ് ഭൂമി അസൈൻ ചെയ്തുകൊടുക്കേണ്ടതു്. ഇതെല്ലാം കഴിഞ്ഞിട്ട് ഭൂമി അസൈൻചെയ്തു കിട്ടണമെങ്കിൽ എത്ര കുറഞ്ഞാലും അഞ്ചുകൊല്ലം കഴിയാതെ കിട്ടുകയില്ല. ഇപ്പോൾതന്നെ ലാൻഡ് അസൈൻചെയ്തു കിട്ടുമെന്നു വിചാരിച്ചിരുന്ന ആളുകൾ വളരെ അധികമുണ്ട്. അവരോടു അഞ്ചുകൊല്ലം കാത്തിരിക്കണമെന്നു പറയണമെന്നല്ല എന്റെ ഉദ്ദേശം. ഈ വക ബുദ്ധിമുട്ടുകൾ തരണം ചെയ്യാനുള്ള വ്യവസ്ഥകളൊന്നും ഈ ബില്ലിൽ ഇല്ലാത്തതുകൊണ്ടാണ് ഇത്രയേറെ കാലതാമസം വരുന്നതു്. ഈ ബില്ലിലെ വ്യവസ്ഥകൊണ്ടു് കുറെയെങ്കിലും മിച്ചഭൂമി കിട്ടുമെന്നാഗ്രഹിച്ചുകൊണ്ടിരുന്ന ഈ രാജ്യത്തെ ജനങ്ങൾക്ക് അതു് എത്രകണ്ടു കൊടുക്കാൻ സാധിക്കും എന്നുകൂടി പരിശോധിക്കേണ്ടതാണ്.

സർ, ഈ രാജ്യത്തെ ഭൂമി ആകെ കണക്കാക്കിയാൽ 94,12,000 ഏക്കറാണ്. അതിൽ 53,87,000 ഏക്കർ കൾട്ടിവബിളായിട്ടുള്ള ഭൂമിയുണ്ട്. അതിൽ 44 ലക്ഷത്തിൽപ്പരം ഏക്കർ ഭൂമിയിൽ ഇന്നു കൾട്ടിവേഷൻ നടക്കുന്നുണ്ട്. അങ്ങനെയുള്ള ഭൂമിയിൽനിന്നും എത്രകണ്ടു മിച്ചഭൂമി കിട്ടുമെന്നു ബഹുമാനപ്പെട്ട മന്ത്രി ഇതുവരെ വ്യക്തമാക്കിയിട്ടില്ല. ഈ നിയമസഭയിൽനിന്നു ലഭിച്ച ഏതോ ഒരു കണക്കുകൊണ്ടു കാണുന്നതു്, 15 ഏക്കറിനു മുകളിൽ ഉള്ള ഭൂവുടമസ്ഥന്മാർ ആയ പട്ടാദാരന്മാരുടെ എണ്ണം 35,138 ആണെന്നാണ്. ആകെയുള്ള പട്ടാദാരന്മാർ പക്കലുള്ള ഭൂമി 17 ലക്ഷത്തി എൺപത്തിമൂവായിരത്തി ഒരുന്നൂററിപതിനെട്ടേക്കറാണെന്നു കാണുന്നു. മുകളിൽ പറഞ്ഞ കണക്കിൽ പതിനഞ്ചേക്കർ മാത്രമുള്ളവരുടെ കണക്ക് എത്രയാണെന്നു പറഞ്ഞിട്ടില്ല. ഈ പറഞ്ഞ കണക്കിൽത്തന്നെ ഡബിൾക്രോപ്പു നിലങ്ങൾ, അരക്കനട്ടുഗാർഡൻസ്, കോക്കനട്ട് ഗാർഡൻസ്, സിങ്കിൾക്രോപ്പുനിലങ്ങൾ, പറമ്പ്, തരിശ് മുതലായവയെല്ലാം ഉൾപ്പെടും. ഇവയുടെ ഇനംതിരിച്ചുള്ള കണക്കു കിട്ടിയിട്ടില്ല. ഈ പറഞ്ഞ ഇനങ്ങളെല്ലാംകൂടി പതിനഞ്ചേക്കറിൽ കവിഞ്ഞു ഓരോരുത്തരുടേയും കൈവശം ഇരുപ്പുള്ളതെത്രയാണെന്നുള്ള കണക്കു നമ്മുടെ മുമ്പാകെയില്ല. എന്നിരുന്നാലും ആകെക്കൂടി നോക്കുമ്പോൾ ഒരു കാര്യം നമുക്കു വ്യക്തമായി കാണാൻ കഴിയും. പതിനഞ്ചേക്കർ ഭൂമി കഴിച്ചു മിക്കവാറും ഇരുപ്പുനിലമോ, കോക്കനട്ട്, അരക്കനട്ടു ഗാർഡൻസോ, സിങ്കിൾ ക്രോപ്പുനിലമോ ആയിട്ടുള്ള ഭൂമിയിൽനിന്നു കൂടുതലായി ഒന്നും നമുക്കു കിട്ടാൻ പോകുന്നില്ല. 15 ഏക്കറിൽ കവിഞ്ഞു ഈ രാജ്യത്താരുടെയെങ്കിലും കയ്യിൽ ഭൂമി ഇരുപ്പുണ്ടെങ്കിൽ അതു്, പറമ്പും തരിശും, അതുപോലെയുള്ള നിലങ്ങളും ആയിരിക്കും. പറമ്പെന്നും തരിശെന്നും പറഞ്ഞാൽ പതിനഞ്ചേക്കറിന്റെ സ്ഥാനത്തു മുപ്പതെന്നും മുപ്പത്തിയേഴരയെന്നും കണക്കാക്കേണ്ടതാണ്. ആ നിലയിൽ എത്ര മാത്രം പറമ്പും തരിശും ഭൂമി നമുക്കു കിട്ടുമെന്നു വ്യക്തമല്ല. ഈ പതിനഞ്ചേക്കറിൽ കൂടുതലുള്ളതിൽ പ്ലാന്റേഷനും വരും. ശ്രീ. അച്യുതമേനോന്റെ കണക്കുപ്രകാരം ഏഴുലക്ഷം ഏക്കർ ഭൂമി പ്ലാന്റേഷൻ എന്ന ഇനത്തിൽ ഉണ്ടു്. ആ കണക്കു ശരിയല്ലെന്നുവച്ചാലും അഞ്ചുലക്ഷം ഏക്കറെങ്കിലും കാണും. ഇതൊക്കെ കഴിഞ്ഞാൽ നമുക്കു വല്ലതും കുറച്ചു ഭൂമിമാത്രമെ മിച്ചം കിട്ടുകയുള്ളു. അങ്ങനെ കിട്ടുന്ന ഭൂമി കർഷകത്തൊഴിലാളികൾക്കും ഭൂമിയില്ലാത്തവർക്കുമായി വീതിച്ചുകൊടുക്കുവാൻ വിചാരിക്കുന്നപക്ഷം, എത്ര പേർക്കു കൊടുക്കുവാൻ സാധിക്കും? ഇവിടത്തെ ജനസംഖ്യയിൽ മൂന്നിലൊരുഭാഗം ആളുകൾ ഭൂമിയില്ലാത്തവരാണെന്നു പറയുന്നു. അതു ശരിയാണെങ്കിൽ, അമ്പതുലക്ഷം ആളുകൾക്കെങ്കിലും ഭൂമി കൊടുക്കേണ്ടതായിവരും. അതായതു്, പത്തുലക്ഷം കുടുംബങ്ങൾക്ക് ഭൂമി കൊടുക്കേണ്ടിവരും. ബഹുമാനപ്പെട്ട മന്ത്രി ആഗ്രഹിക്കുന്നതുപോലെ ഒരു കുടുംബത്തിനു മൂന്നേക്കർവച്ചു കണക്കാക്കുകയാണെങ്കിൽ,

LIBRARY ARCHIVES Kerala Legislative Assembly

30 ലക്ഷം ഏക്കർ വേണ്ടിവരും. ഇനി കർഷകത്തൊഴിലാളികളുടെ കാര്യമാണെങ്കിൽ, അവർ ഈ രാജ്യത്തെ ജനസംഖ്യയിൽ അഞ്ചിലൊന്നു വരുമെന്നു പറയുന്നു. അതു ശരിയാണെങ്കിൽ ഈ രാജ്യത്തു് ആറുലക്ഷം കർഷകത്തൊഴിലാളികുടുംബങ്ങളുണ്ടാകും. അതിലേക്കു് പതിനെട്ടുലക്ഷം ഏക്കർ ഭൂമി വേണം. ഒരുപക്ഷെ രണ്ടോ മൂന്നോ ലക്ഷം ഏക്കർ ഭൂമി ഈ നിയമപ്രകാരം കിട്ടിയെന്നിരുന്നാൽത്തന്നെയും, ഈ രാജ്യത്തെ എത്ര കർഷകത്തൊഴിലാളികൾക്കു് അതു കൊടുക്കുവാൻ കഴിയും?

വാസ്തവമിതാണെങ്കിലും ഈ ബില്ലിനെ സംബന്ധിച്ചു് ഭൂമിയില്ലാത്തവരുടെയിടയിലും കർഷകത്തൊഴിലാളികളുടെയിടയിലും ഒരു പ്രത്യാശ ഉണ്ടായിട്ടുണ്ടു്. ശ്രീ. വയലാ ഇടിക്കുള ഇവിടെ ഒരു പാട്ടു പാടുകയുണ്ടായി. 'നമ്മൾ കൊയ്യും വയലെല്ലാം, നമ്മുടെയാകും പൈങ്കിളിയേ' എന്നായിരുന്നു ആ പാട്ടു്. ആ പാട്ടു് ഇനി അവർക്കു തുടർന്നു പാടുവാൻ കഴിയുമോ എന്നു ഞാൻ സംശയിക്കുകയാണു്. അതെന്തെങ്കിലുമാകട്ടെ.

ഇതാണു് ഈ ബിൽ നടപ്പിലാക്കിക്കഴിഞ്ഞാൽ ഉണ്ടാകാൻ പോകുന്ന ഫലം. ഈ ബിൽ നടപ്പിലാക്കുവാൻ എല്ലാവരും സഹകരിക്കുമെന്നു എനിക്കറിയാം. അതു് മറെറാരു കാരണത്താലാണു്. അഭിപ്രായവ്യത്യാസമില്ലാഞ്ഞിട്ടല്ല. അഭിപ്രായവ്യത്യാസങ്ങൾ ഈ ഭാഗത്തും ആ ഭാഗത്തും ഇരിക്കുന്നവർക്കുണ്ടു്. തത്വപരമായ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടു്. ഈ രാജ്യത്തെ ടെനൻസി അവസാനിപ്പിക്കണമെന്നുള്ളതിലും, ഭൂമി ആദായത്തിന്റെ അടിസ്ഥാനത്തിൽ ക്ലാസിഫൈ ചെയ്യണമെന്നുള്ളതിലും മററും ഞങ്ങൾക്കുള്ള ശക്തിയായ അഭിപ്രായത്തോടു ആ ഭാഗത്തുള്ളവർ യോജിച്ചില്ല. ഈ രണ്ടു കാര്യമൊഴിച്ചാൽ ഞങ്ങൾക്കഭിപ്രായവ്യത്യാസമുള്ളതു് വിശദാംശങ്ങളെ സംബന്ധിച്ചാണു്, അല്ലാതെ തത്വങ്ങളെ അടിസ്ഥാനപ്പെടുത്തിയല്ല. അതുകൊണ്ടു് ഈ ഭാഗത്തിരിക്കുന്നവർ ബില്ലിനെതിരാണെന്നു പറയുന്നതു ശരിയല്ല. ഈ രാജ്യത്തു പൊതുവെ എല്ലാ ആളുകൾക്കും ക്ഷേമമുണ്ടാകണമെന്നും ഒരു നല്ല സാമൂഹ്യനീതി പുലരണമെന്നും ആഗ്രഹിച്ചുകൊണ്ടു് പറയുന്ന അഭിപ്രായങ്ങൾ ഒരുപക്ഷെ യോജിക്കുവാൻ നിവൃത്തിയില്ലാത്ത അഭിപ്രായങ്ങളാണെങ്കിലും, അതു് ആത്മാർത്ഥതയോടുകൂടി പറയുന്നതാണു്, എന്നു ധരിക്കേണ്ടതാണു്. ആ ഭാഗത്തെ എന്റെ സ്നേഹിതന്മാർ രണ്ടുപേർ പ്രസംഗിച്ചപ്പോൾ, കോൺഗ്രസ്സ് ഈ ബില്ലിനെതിരാണെന്നു പറഞ്ഞു. ചില ഭേദഗതികൾ അയച്ചതെല്ലാം ബില്ലിനെ എതിർക്കാൻ വേണ്ടിയാണെന്നുള്ള ആരോപണവും മറുഭാഗത്തുനിന്നും ഉണ്ടായി. അവരുടെ ആ പ്രസ്താവനകളെ ഞാൻ എതിർക്കുകയാണു്. ഇവിടെ പല ഭേദഗതികളും വന്നിട്ടുണ്ടു്. മന്ത്രിതന്നെ അനവധി ഭേദഗതികൾ കൊണ്ടുവന്നിട്ടുണ്ടു്.

സർ, ഇതിനുമുമ്പും നിയമസഭയിൽ ഇരിക്കുവാനും പങ്കുകൊള്ളുവാനും എനിക്കു ഭാഗ്യമുണ്ടായിട്ടുണ്ടു്. പല ബില്ലുകളും പയലറ ചെയ്യുന്നതും ഞാൻ കണ്ടിട്ടുണ്ടു്. അങ്ങനെ പയലറ ചെയ്യുമ്പോൾ, പ്രതിപക്ഷത്തുനിന്നു കൊണ്ടുവരുന്ന സ്വീകാര്യമായ ഭേദഗതികൾ അതേപടി സ്വീകരിക്കുന്നതായിട്ടാണു് കണ്ടിട്ടുള്ളതു്. എന്നാൽ ഇവിടെ ആരെങ്കിലും കൊണ്ടുവരുന്ന ഭേദഗതിയിൽ ആശയത്തോടു യോജിപ്പുണ്ടെങ്കിൽത്തന്നെ ആ ഭേദഗതി മാററി മന്ത്രിതന്നെ വേറൊരു ഭേദഗതി കൊണ്ടുവരികയാണു്. അതിന്റെയാവശ്യമെന്താണു്? ഇവിടത്തെ പ്രൊസീഡിംഗ്സ് നോക്കുമ്പോൾ ഞങ്ങളുടെ ഭേദഗതികൾ പാസ്സാക്കിയതായി കാണുകയില്ല, നേരെമറിച്ചു് മന്ത്രി അവതരിപ്പിച്ച ഭേദഗതികളും പാസ്സാക്കിയെന്നാണു് കാണുക. ഈയൊരു നിലപാടു് മന്ത്രി സ്വീകരിച്ചതു് പ്രചരണത്തിനു വേണ്ടിയല്ലേ എന്നു സംശയിക്കുകയാണു്. ശ്രീ. ഗോപാലന്റെയും ശ്രീ. കണാരന്റെയും പ്രസംഗങ്ങൾ കേട്ടപ്പോൾ ഈ ബില്ലിനെ സംബന്ധിച്ചുള്ള പ്രചരണം എങ്ങനെയായിരിക്കുമെന്നു മനസ്സിലാക്കാൻ കഴിയും. ഇത്തരം പ്രചരണങ്ങളൊന്നും വിലപ്പോവുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കെ. വിശ്വനാഥൻ]

ശ്രീ. കണാരൻ കുടികിടപ്പുകാരെപ്പററി പറഞ്ഞു കുടികിടപ്പുകാരെപ്പററി പറയുമ്പോൾ, കാൺഗ്രസ്സ്കാരെപ്പററി തെററിദ്ധാരണയുണ്ടാക്കാൻ വേണ്ടി എത്രതന്നെ പറഞ്ഞാലും, അതു് വിലപ്പോവുകയില്ല. കുടികിടപ്പുകാരെ സംബന്ധിച്ചുള്ള ബില്ല് ആദ്യമായി കൊണ്ടുവന്നതുതന്നെ കാൺഗ്രസ്സാണു്. ഈ ബില്ലിൽ കുടികിടപ്പുകാർക്കു കൂടുതൽ ഗുണം കിട്ടുന്നതിനുവേണ്ടി ഞങ്ങളുടെ പാർട്ടിലീഡർ ഒരു കാര്യം പറഞ്ഞു. കാൺഗ്രസ്സ് പാസ്സാക്കിയ നിയമത്തിൽ ഭൂവുടമയ്ക്കു വീടുവയ്ക്കുവാൻ കുടികിടപ്പുകാരനെ ഒഴിപ്പിക്കാമെന്നു പറഞ്ഞിരുന്നതിനു പകരം ഭൂവുടമയുടെ എന്താവശ്യത്തിനും ഒഴിപ്പിക്കാമെന്ന ഈ ബില്ലിലെ വ്യവസ്ഥ പിന്തിരിപ്പനാണെന്നു് അദ്ദേഹം പറഞ്ഞു. അതു പ്രകാരം ഇപ്പോൾ പഴയതുപോലെതന്നെയാക്കാൻ മന്ത്രി സമ്മതിച്ചു. മറെറാന്നു്, കുടികിടപ്പുകാരന്റെ നിർവചനത്തെപ്പററിയാണു്. ഭൂവുടമയുടെ അനുവാദത്തോടെ ഭൂമിയിൽ കിടക്കുന്നയാളിനു മാത്രമേ സംരക്ഷണം ഉണ്ടാകാവൂ എന്നു പറയുന്നതു ശരിയല്ലെന്നും, ഒരു ടെനൻറിന്റെ അനുവാദത്തോടുകൂടി വീടുവച്ചു താമസിക്കുന്നവർക്കും കുടികിടപ്പുകാരന്റെ അവകാശം കൊടുക്കത്തക്ക നിലയിൽ നിർവ്വചനം ഭേദപ്പെടുത്തണമെന്നു ഒന്നിലധികം തവണ ഞാൻ ഈ സഭയിൽ വാദിച്ചിട്ടുണ്ടു. ഒടുവിൽ ആ ഭേദഗതി സെലക്ട് കമ്മിററിയും മന്ത്രിയും സ്വീകരിച്ചു അതിന്റെ ഫലമെന്താണു്? ഇന്നു് ഭൂവുടമകളുടെ സമ്മതത്തോടുകൂടി അല്ലാതെ അനവധി കുടികിടപ്പുകാർ താമസിക്കുന്നുണ്ടു്. ഭൂമി കൈവശമിരിക്കുന്നയാളിന്റെ അനുവാദം വാങ്ങി കുടികിടപ്പുകിടക്കുന്ന എത്രയോ ആളുകൾ ഈ രാജ്യത്തുണ്ടു്. അവരെയെല്ലാവരേയും എന്റെ നിർബ്ബന്ധമായ വാദംകൊണ്ടു് ഇന്നു കുടികിടപ്പുകാരായി സ്വീകരിച്ചിരിക്കുകയാണു്. ആ ഭേദഗതി സ്വീകരിച്ചതിൽ ഞാൻ സന്തോഷിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ: ന്യായമായ ഭേദഗതികൾ പ്രതിപക്ഷത്തുനിന്നും കൊണ്ടുവന്നാൽ, അതു് അംഗീകരിക്കുവാൻ ഗവൺമെൻറു തയാറാവുമെന്നല്ലേ ഇതു് കാണിക്കുന്നതു്?

ശ്രീ. കെ. കെ. വിശ്വനാഥൻ: അങ്ങനെ സമാധാനപ്പെടുന്നതിൽ എനിക്കു വിരോധമൊന്നുമില്ല.

ശ്രീ. ടി. എ. തൊമ്മൻ: പട്ടികജാതിക്കാർക്കും പട്ടികവിഭാഗക്കാർക്കും ഉള്ള ഭൂമിയിൽനിന്നും റിസംപ്ഷൻ പാടില്ലെന്നുള്ള ഒരു ഭേദഗതി ഈ ഭാഗത്തു നിന്നും കൊണ്ടുവന്നില്ലേ?

ശ്രീ. കെ. കെ. വിശ്വനാഥൻ: പട്ടികജാതിക്കാർക്കും പട്ടികവിഭാഗക്കാർക്കും ഭൂമി റെസ്യൂം ചെയ്യുന്ന വകുപ്പ് ബാധകമാക്കാൻ പാടില്ലയെന്നൊരു ഭേദഗതി ശ്രീ. കുഞ്ഞാമ്പു കൊണ്ടുവന്നു. അതിനുശേഷം അതേ രീതിയിൽ മറെറാരു ഭേദഗതി ഭരണകക്ഷിയിലുള്ള മറെറാരു മെമ്പറെക്കൊണ്ടു കൊടുപ്പിക്കുകയും, മന്ത്രി അതു സ്വീകരിക്കുകയും ചെയ്തു. ശ്രീ. കുഞ്ഞാമ്പുവിന്റെ ഭേദഗതിയിലുണ്ടായിരുന്ന ഗുണം ചുരുക്കിക്കൊണ്ടു മറെറാരു ഭേദഗതി സ്വീകരിച്ചിരിക്കുകയാണു്. വോട്ടിനിട്ടതു മാത്രം നോക്കിയാൽ, ആ ഭാഗത്തുനിന്നും അവതരിപ്പിച്ച ഒരു ഭേദഗതിയാണിതെന്നു തോന്നും.

ശ്രീ. എൻ. രാജഗോപാലൻനായർ: പ്രതിപക്ഷത്തുനിന്നും അയച്ചിരുന്ന ഭേദഗതികൾ അവതരിപ്പിക്കാതെ വന്നാൽ ഗവൺമെൻറുഭാഗത്തുനിന്നും അതേ ഭേദഗതികൾ അവതരിപ്പിക്കുന്നതു തെററാണോ?

ശ്രീമതി കെ. ആർ. ഗൗരി: ഇപ്പോൾ പറഞ്ഞ ശ്രീ. കുഞ്ഞാമ്പുവിന്റെ ഭേദഗതിതന്നെ ഇവിടെ മൂവ്ചെയ്തില്ലെന്നറിയാമോ?

ശ്രീ. കെ. കെ. വിശ്വനാഥൻ: അദ്ദേഹം ഒരുപക്ഷേ സീമയത്തിവിടെ ഇല്ലായിരുന്നു എന്നും വരാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എ. തൊമ്മൻ: ശ്രീ. കുഞ്ഞാമ്പുവിന്റെ 632-ാം ഭേദഗതി ഇവിടെ മൂവ്ചെയ്തില്ലേ?

ശ്രീ. കെ. കെ. വിശ്വനാഥൻ: ഞാനിപ്പോൾ ഓർമ്മിക്കുന്നില്ല.

ശ്രീ പൊന്നറ ജി. ശ്രീധർ: ഒരാൾ മൂവ്ചെയ്തു എന്നും മറ്റൊരാൾ മൂവ്ചെയ്തില്ലെന്നും പറയുമ്പോൾ ആരു പറഞ്ഞതാണ് ശരിയെന്നു പറഞ്ഞാൽ കൊള്ളാം.

ശ്രീ. കെ. കെ. വിശ്വനാഥൻ: എനിക്കിപ്പോൾ ഓർമ്മയില്ലെന്നു ഞാൻ പറഞ്ഞുകഴിഞ്ഞു. ശ്രീ കുഞ്ഞാമ്പുവിന്റെ ഭേദഗതി മൂവ്ചെയ്തില്ലെങ്കിൽ അദ്ദേഹം സമയത്തിവിടെ ഇല്ലാഞ്ഞിട്ടാവാം. പക്ഷെ മൂവ്ചെയ്തു എന്നു എന്റെ സുഹൃത്തു തൊമ്മൻ റിക്കാർഡുനോക്കി പറയുന്നു.

ശ്രീ എൻ. രാജഗോപാലൻ നായർ: ശ്രീ. കുഞ്ഞാമ്പു ഭേദഗതി അവതരിപ്പിക്കട്ടെ, അവതരിപ്പിക്കാതിരിക്കട്ടെ. അതിനുമുമ്പുണ്ടായ അനുഭവത്തിന്റെ വെളിച്ചത്തിൽ പറയുകയാണ്, സ്വീകരിക്കാവുന്ന ഒരു ഭേദഗതി മൂവ്ചെയ്യാതിരിക്കുകയൊ, പ്രസ്സ് ചെയ്യാതിരിക്കുകയൊ വിത്ഡ്രാ ചെയ്യുകയോ ചെയ്താൽ ഗവണ്മെന്റു ഭേദഗതികൊണ്ടുവരേണ്ടതല്ലേ?

ശ്രീ. കെ. കെ. വിശ്വനാഥൻ: ഈ പറഞ്ഞ രീതിയിൽ ഒന്നുംതന്നെ ഇവിടെ ഉണ്ടായിട്ടില്ല. ആവശ്യമെന്നു തോന്നുന്ന ഭേദഗതികൾ മനഃപൂർവ്വമായി മൂവ്ചെയ്യാതിരിക്കുകയൊ വിത്ഡ്രാ ചെയ്യുകയോ ഉണ്ടായിട്ടില്ല.

ശ്രീ. ടി. എ. തൊമ്മൻ: മന്ത്രി അവതരിപ്പിച്ച ഭേദഗതികൾ പ്രസ്സ് ചെയ്യുമെന്നു എതിർപക്ഷത്തുള്ളവർ വിചാരിച്ചിരിക്കവെ മന്ത്രിതന്നെ അതു പിൻവലിച്ചിട്ടില്ലേ?

ശ്രീ. കെ. കെ. വിശ്വനാഥൻ: അങ്ങനെ പിൻവലിച്ചിട്ടുണ്ടു്. ഞാൻ പറഞ്ഞതു് എതിർപക്ഷത്തുനിന്നു കൊണ്ടുവന്ന ഭേദഗതിയിൽ സ്വീകാര്യമായവതന്നെയും ഗവണ്മെന്റുപക്ഷത്തുനിന്നു ഹാജരാക്കിയതായിട്ടാണു് വരുത്തിയിരിക്കുന്നതു്.

ശ്രീ. എൻ. ഇ. ബലറാം: ഈ ബിൽ സഫലമായി നടപ്പിൽ വരുത്തുവാൻ കാൺഗ്രസ്സ് പാർട്ടിക്കു് വല്ല നിർദ്ദേശങ്ങളും നൽകുവാനുണ്ടോ?

ശ്രീ. കെ. കെ. വിശ്വനാഥൻ: അതിനെപ്പറ്റി ഞാൻ പിന്നീടു പറയാം. ഈ ബില്ലിനെ സംബന്ധിച്ചു് അങ്ങോട്ടുമിങ്ങോട്ടും കല്ലെറിഞ്ഞതുകൊണ്ടു പ്രയോജനമൊന്നുമില്ല. ബില്ലിനെ സംബന്ധിച്ചു് കാൺഗ്രസ്സ്പാർട്ടിയുടെ നിലയെന്താണെന്നു വളരെ വ്യക്തമാക്കിയിട്ടുണ്ടു്. കാൺഗ്രസ്സ് ഭരണത്തിലിരുന്ന കാലത്തു് ഇക്കാര്യത്തിൽ വളരെയൊന്നും ചെയ്വാൻ കഴിഞ്ഞില്ല; ഇങ്ങനെയൊരു ബിൽ പാസ്സാക്കുന്നതിനു കാൺഗ്രസ്സ് എതിരാണു്; അവർ ഭരിച്ചിരുന്ന കാലമത്രയും വൈമുഖതയാണു് പ്രദർശിപ്പിച്ചിരുന്നതു് എന്നെല്ലാം പറയുകയുണ്ടായി. ഇക്കാര്യത്തിൽ കാൺഗ്രസ്സ് ഒന്നും ചെയ്തിട്ടില്ലെന്നു പറയുന്നതുതന്നെ തെറ്റാണു്. കാൺഗ്രസ്സ് ജന്മിമാർക്കു പിന്തുണ നൽകിയിരുന്നുവെന്നു പറയുന്നതും ശരിയല്ല. ഇവിടെ ഇടവകയെ സംബന്ധിച്ചു് ഒരു ബിൽ പാസ്സാക്കിയ വിവരം ഒരുപക്ഷെ ശ്രീ. കണാരനു അറിഞ്ഞുകൂടായിരിക്കാം. കുടികിടപ്പുകാരെ സംബന്ധിച്ചു് ആദ്യം ഇവിടെ നിയമം പാസ്സാക്കിയതു് കാൺഗ്രസ്സാണു്. വെറും പാട്ടക്കാരെ സംബന്ധിച്ചിടത്തോളം മലബാറിലും കൊച്ചിയിലും സ്ഥിരാവകാശം കൊടുത്തിട്ടുണ്ടു്. എന്നാൽ തിരുവിതാംകൂറിൽ അതുണ്ടായിട്ടില്ല എന്നു സമ്മതിക്കുന്നു. തിരുവിതാംകൂറിൽ ഉണ്ടായിട്ടില്ലെങ്കിലും അങ്ങനെയുള്ള സംരക്ഷണം ഇവിടെയുള്ള കുടിയാന്മാർക്കും കൊടുക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് സ്റ്റേ ഓഫ് ഹോൾഡിംഗ്സ് ആൻഡ് എവിക്ഷൻ ആക്റ്റുണ്ടാക്കിയതു്. പക്ഷെ അതിൻപ്രകാരം ഒരു നിയമനിർമ്മാണം നടത്തുവാൻ കുറച്ചു കാലതാമസം വന്നു. ആ കാലതാമസം അനിവാര്യമായിരുന്നു. കാരണം അത്ര സങ്കീർണ്ണമായ ഒരു നിയമമാണു്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കെ. വിശ്വനാഥൻ]

അതു്. അതുകൊണ്ടു് ഇങ്ങനെയൊരു നിയമനിർമ്മാണം ഉണ്ടാക്കുവാൻ കാലദൈർഘ്യം വന്നിട്ടുണ്ടാവാം. അതുകൊണ്ടു് കാൺഗ്രസ്സ് ഗവൺമെൻറു് ഒന്നും ചെയ്തിട്ടില്ലെന്നു പറയുന്നതു ശരിയല്ല. പണ്ടു് അതു ചെയ്യാതെ പോയതുകൊണ്ടു് ഇപ്പോഴും പറയുന്നതൊക്കെ തെററാണു്, ആത്മാർത്ഥതയില്ലാത്തതാണു് എന്നു പറയുന്നതിനോടു യോജിക്കാൻ നിവൃത്തിയില്ല. ഓരോ കാലഘട്ടത്തിലും ഓരോ പാർട്ടിയുടേയും അഭിപ്രായം മാറിക്കൊണ്ടിരുന്നുവെന്നു വരാം. മുമ്പു കാൺഗ്രസ്സിനു ഇക്കാര്യത്തിൽ ഉണ്ടായിരുന്ന അഭിപ്രായം പിന്നെ ഒരു കാലത്തു മാറിയെന്നു വരാം. കമ്മ്യൂണിസ്ററു പാർട്ടിക്കും അങ്ങനെ വന്നിട്ടുണ്ടു്. ശ്രീ. ഈ. പി. ഗോപാലനും അദ്ദേഹത്തിന്റെ ഭാഗത്തിരിക്കുന്നവരും 1123-ൽ ഭൂപരിധിയെ സംബന്ധിച്ചു് തിരുവിതാംകൂർ കമ്മ്യൂണിസ്ററു പാർട്ടിയുടെ അഭിപ്രായം എന്താണെന്നുകൂടെ ഒന്നു പരിശോധിക്കണമെന്നെനിക്കപേക്ഷയുണ്ടു്. ശ്രീ. ഗോപാലൻ ഒരു പക്ഷെ അന്നു് ഇവിടെ ഉണ്ടായിരുന്നില്ലായിരിക്കാം. അന്നത്തെ കമ്മ്യൂണിസ്ററുപാർട്ടി ഭൂമിയുടെ പരിധി നിശ്ചയിച്ചിരുന്നതു് 50 ഏക്കർ എന്നായിരുന്നു. ആ ഭൂമി ടെനൻറിന്റെ കയ്യിൽനിന്നും ഒഴിപ്പിച്ചുകൊടുക്കണമെന്നും അന്നു കമ്മ്യൂണിസ്ററുപാർട്ടി പറഞ്ഞിരുന്നു. അന്നു് അങ്ങനെ പറഞ്ഞതുകൊണ്ടു് കമ്മ്യൂണിസ്ററുപാർട്ടി പിന്തിരിപ്പനായിരുന്നു എന്നു പറയാൻ ശ്രീ. ഈ. പി. ഗോപാലൻ തയാറാവുകയില്ലെന്നു് എനിക്കറിയാം. അതുകൊണ്ടു് കാൺഗ്രസ്സ് പണ്ടു് എടുത്ത നിലപാടു തെററാണെന്നു പറഞ്ഞു ഇങ്ങോട്ടാക്ഷേപിക്കുകയാണെങ്കിൽ, അങ്ങോട്ടു ആക്ഷേപിക്കാൻ വളരെയധികം വകകളും കാണുമെന്നു ശ്രീ. കണാരനും ശ്രീ. ഗോപാലനും മനസ്സിലാക്കേണ്ടതുണ്ടു്.

സർ, ഈ ബിൽ പാസ്സാക്കുവാൻപോകുന്ന ഈ ഘട്ടത്തിൽ ഒരു വസ്തുതകൂടി ഈ സഭയെ അറിയിക്കുവാൻ ഞാനാഗ്രഹിക്കുകയാണു്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്റ്റേററിനു വെളിയിൽ പല സ്ഥലങ്ങളിലും പോയി പ്രസംഗിച്ചതായി പത്രങ്ങളിൽ കാണുകയുണ്ടായി. പ്രസംഗറിപ്പോർട്ടുകൾ ശരിയാണോ എന്നെനിക്കറിഞ്ഞുകൂടാ. അതു ഇതേവരെയും നിഷേധിക്കപ്പെട്ടിട്ടില്ല. കാൺഗ്രസ്സ്പ്പാർട്ടിയിൽ ബിൽ നന്നാക്കുവാനെന്ന വ്യാജേന ഈ ബില്ലിനെ തുരങ്കംവെയ്ക്കുന്നതിനുള്ള ഭേദഗതികളാണു് കൊണ്ടുവരുന്നതെന്നു് അദ്ദേഹം പറഞ്ഞു. അദ്ദേഹം അങ്ങനെ ഒരു പ്രസ്താവന ചെയ്തിട്ടുണ്ടെങ്കിൽ അതു നിർഭാഗ്യകരമായിപ്പോയിയെന്നാണു് എനിക്കു പറയുവാനുള്ളതു്. അദ്ദേഹം ഒരു ആമയെപ്പോലെ ആണെന്നു എനിക്കു തോന്നിപ്പോകുന്നുണ്ടു്. ആളെ കാണുമ്പോൾ തല അകത്തു വലിക്കും, ആളില്ലെന്നറിഞ്ഞാൽ തല പുറത്തേയ്ക്കിടുകയും. അതുപോലെ സ്റ്റേററിലിരിക്കുമ്പോൾ തല അകത്തു ഇട്ടുകൊണ്ടിരിക്കുകയും, സ്റ്റേററിനു വെളിയിൽപ്പോയാൽ തല പുറത്തുനീട്ടി ഈ തരത്തിലുള്ള പ്രസ്താവന ചെയ്യുകയും ചെയ്യുന്നതു് അങ്ങേയററം അപലപനീയമാണെന്നു പറയുവാൻ ഞാനാഗ്രഹിക്കുന്നു. അവിടെ അവയെ ചോദ്യം ചെയ്യാൻ ആരുമില്ലല്ലൊ. ടെനൻസി എന്നേയ്ക്കുമായി അവസാനിപ്പിക്കണമെന്നുള്ളതാണു് ഈ ഭാഗത്തുള്ളവരുടെയും, ആ ഭാഗത്തുള്ളവരുടെയും അഭിപ്രായം. ടെനൻസി സമ്പ്രദായം എന്നേയ്ക്കുമായി അവസാനിപ്പിക്കുന്നതുകൊണ്ടു് എങ്ങനെ ഈ ബില്ലിനു തുരങ്കം വയ്ക്കപ്പെടുമെന്നു ഞാൻ ചോദിക്കുകയാണു്. ശ്രീ. ഈ. പി. ഗോപാലൻ ടെനൻസി അവസാനിപ്പിക്കുക എന്നുള്ളതു പ്രായോഗികമല്ലെന്നും, അതെല്ലാം ബിൽ നടപ്പിലാക്കാതിരിക്കുവാനുള്ള വിദ്യയാണെന്നും ഇവിടെ പറയുകയുണ്ടായി. ടെനൻസി സമ്പ്രദായം പാടില്ലായെന്നു മററു പല സംസ്ഥാനങ്ങളിലും നിശ്ചയിച്ചിട്ടു അതുകൊണ്ടു് യാതൊരു കുഴപ്പവും ഉണ്ടായിട്ടില്ല. മൈസൂറിലെ ബില്ലിലും യു.പി.യിലെ ബില്ലിലും ഇങ്ങനെയുള്ള വ്യവസ്ഥകളുണ്ടു്. ആ സംസ്ഥാനങ്ങളിൽ കുഴപ്പം ഉണ്ടായിട്ടില്ല എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ അതു് എന്നത്തേക്കുമായി അവസാനിപ്പിക്കണമെന്നു പറഞ്ഞാൽ അതു ബില്ലിനെ പരാജയപ്പെടുത്തുമെന്നു പറയുന്നതു എന്തുകൊണ്ടും നിരർത്ഥകമാണു്. ഈ ബില്ലിനെപ്പററി കൂടുതലായി എന്തെങ്കിലും പറയുവാൻ ഞാനാ

ഗ്രഹിക്കുന്നില്ല. ഈ ബില്ലിലെ പല വിശദാംശങ്ങളോടും ഞങ്ങൾക്ക് എതിർപ്പുണ്ട്. ശാസ്ത്രീയമായി ഭൂമിയുടെ ക്ലാസിഫിക്കേഷൻ നടത്തിയിട്ടില്ലാത്തതുകൊണ്ട് ഞങ്ങൾക്ക് എതിർപ്പുണ്ട്. മാർക്കററു വിലയുടെ അടിസ്ഥാനം ആ ഭാഗത്തിരിക്കുന്ന ആളുകളും സമ്മതിച്ചിട്ടുള്ളതാണ്. സ്ലാബിന്റെ റേററിൽ അഭിപ്രായവ്യത്യാസമുണ്ട്.

ശ്രീ. ഇ. പി. ഗോപാലൻ: പരിധിവരെയുള്ള ഭൂമി ഒഴിപ്പിച്ചെടുക്കുവാനുള്ള അവകാശം ജന്മിക്കു കൊടുക്കാത്തതുകൊണ്ട് എതിർപ്പുണ്ടോ?

ശ്രീ. കെ. കെ. വിശ്വനാഥൻ: അങ്ങനെ ആരും പറഞ്ഞിട്ടില്ല. നേരെ മറിച്ച് കുടിയാന്റെ കയ്യിൽ പരിധിയിൽ കവിഞ്ഞ ഭൂമിയുണ്ടെങ്കിൽ അത് ജന്മിക്ക് ഒഴിപ്പിച്ചെടുക്കാമെന്നാണ് പറഞ്ഞത്. ഈ ബിൽപ്രകാരം കുടിയാനു കിട്ടുന്നതാണ് ആ ഭൂമി. പരിധിയിൽ കവിഞ്ഞ ഭൂമിയുള്ളവർക്ക് തങ്ങളുടെ ഭൂമി വില്ക്കുവാൻ കുറച്ചു സമയം കൊടുക്കണമെന്നു പറഞ്ഞതിനെ ചിലർ ആക്ഷേപിച്ചു കണ്ടു. മിച്ചഭൂമിയെടുത്ത് കർഷകത്തൊഴിലാളികൾക്ക് വിതരണം ചെയ്യാനുള്ളതുകൊണ്ട് കക്ഷികൾ തമ്മിൽ നേരിട്ടു വില്പന നടത്തിയാൽ കർഷകത്തൊഴിലാളികൾക്ക് ഭൂമി കിട്ടുകയില്ലെന്നാണ് വാദം. കർഷകത്തൊഴിലാളികൾക്ക് ഭൂമി വേണമെന്നാണെങ്കിൽ വിതരണംമൂലം കിട്ടുന്ന ഭൂമി വിററു കാശുമാറാൻ അനുവദിക്കരുതല്ലോ. പത്തുകൊല്ലത്തേക്ക് വിതരണംമൂലം കിട്ടിയ ഭൂമി കൈമാറാൻ പാടില്ലെന്ന എന്റെ ഭേദഗതി തള്ളിക്കളഞ്ഞതിൽനിന്നു ഗവണ്മെന്റിന്റെ ഉദ്ദേശം കർഷകത്തൊഴിലാളികൾക്ക് ഭൂമി വേണമെന്നുള്ളതല്ല എന്നു വ്യക്തമാണ്. കാൺഗ്രസ്സ് പാർട്ടി എന്തെല്ലാം അഭിപ്രായങ്ങൾ പറഞ്ഞിട്ടുണ്ടോ, ആ അഭിപ്രായങ്ങളെല്ലാം ഗവണ്മെന്റിനു വളരെ സഹായകമായി വരണമെന്നുള്ള ഉദ്ദേശത്തോടുകൂടി പറഞ്ഞിട്ടുള്ളതാണ്. പരിധിയിൽ കവിഞ്ഞ ഭൂമി ഒരു ക്ലിപ്തസമയത്തിനുള്ളിൽ വില്ക്കാമെന്നു വച്ചിരുന്നെങ്കിൽ ഗവണ്മെന്റിന് വളരെ പണം ലാഭിക്കാമായിരുന്നു, പ്രതിഫലത്തിന്റെ പ്രശ്നം വരികയില്ലായിരുന്നു. ബോണ്ടുകളും വേണ്ടിവരികയില്ലായിരുന്നു. അനാവശ്യച്ചെലവും കോടതികൾ കയറി ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കുകയും ചെയ്യാമായിരുന്നു. വിതരണം ചെയ്യുന്നതിന് ഗവണ്മെന്റിന്റെ കയ്യിൽ ഏഴു ലക്ഷം ഏക്കർ ഭൂമി ഉണ്ടായിരുന്നതിൽ 3,000 ഏക്കർ ഭൂമി മാത്രമാണ് ഗവണ്മെന്റിനു രണ്ടു കൊല്ലത്തിനകം വിതരണം ചെയ്യാൻ സാധിച്ചത്. കർഷകത്തൊഴിലാളികൾക്ക് ഗവണ്മെന്റിന്റെ കയ്യിൽ ഉള്ള ഭൂമി മുഴുവനും കൊടുത്തുകൂടെ? ഗവണ്മെൻറു ഭൂമിതന്നെ ഇതുവരെ വിതരണം ചെയ്യുവാൻ കഴിഞ്ഞിട്ടില്ല. ആ സ്ഥിതിക്കു മററുള്ളവന്റെ കയ്യിലുള്ള ഭൂമിയെടുത്തു വിതരണം ചെയ്യാൻപോകുന്നു എന്നു പറയുന്നതിനെന്തർത്ഥം?

ശ്രീ. പി. ആർ. മാധവൻ പിള്ള: അത്രയും ട്രാൻസ്ഫർ തടയുവാൻ പാടില്ലേ?

Mr. Speaker: Order, order. I have to bring one thing to the notice of this House. We have to close by 1-o' clock. അഞ്ചുമിനിട്ടുകൊണ്ട് നിറുത്തിയേക്കാവുന്ന ഒരു പ്രസംഗം ചോദ്യം ചോദിച്ച് 15 മിനിട്ട് ആക്കുവാനുള്ള സംരംഭം ഇവിടെ നടക്കുകയാണെങ്കിൽ അതിനെ തടയാതെ നിവൃത്തിയില്ല. അത് ഈ ചർച്ച നീട്ടിക്കൊണ്ടു പോകുവാനുള്ള ഒരു സംരംഭമായി ഞാൻ കണക്കാക്കുകയാണ്.

ശ്രീ. കെ. കെ. വിശ്വനാഥൻ: കാൺഗ്രസ്സ് ചെയ്തിട്ടുള്ള വിമർശനം വളരെ ഉത്തരവാദിത്വബോധത്തോടുകൂടി ചെയ്തിട്ടുള്ളതാണ്. മിച്ചഭൂമി ഗവണ്മെൻറ് എടുത്താൽ അത് ആളുകൾക്ക് കിട്ടുവാൻ പോകുന്നില്ല. ഇന്ന് ഗവണ്മെന്റിന്റെ കയ്യിലുള്ള ഭൂമിതന്നെ വിതരണം ചെയ്തിട്ടില്ല. അതുകൊണ്ടാണ് ഇങ്ങനെ ഒരു നിലപാട് കാൺഗ്രസ്സ് സ്വീകരിച്ചത്. വളരെയധികം സമയം എടുത്ത് ആലോചിച്ചിട്ടുള്ള ഒരു ബില്ലാണ് ഇത്. സെലക്ട് കമ്മിററിയിൽ വളരെ സമയം എടുത്ത് ആലോചിച്ചു. ചർച്ചയ്ക്കു വേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കെ. വിശ്വനാഥൻ]

വളരെ സമയം എടുത്തു. ബഹുമാനപ്പെട്ട സ്പീക്കർ വളരെയധികം സ്വാതന്ത്ര്യം ഈ ബില്ലിന്റെ ചർച്ചയിൽ ഞങ്ങൾക്കു നൽകി. അതിനു ഞങ്ങളെല്ലാം അങ്ങയോടു കൃതജ്ഞരാണു്. പക്ഷെ, ഇത്രയേറെ സമയം എടുത്തതു് ഇതിനെ തുരങ്കം വയ്ക്കുന്നതിനാണെന്നു് ഇവിടെ ചിലർ പറഞ്ഞതു് ഖേദകരമായിപ്പോയി. ഇതിന്റെ ന്യൂനതകൾ പരിഹരിക്കുവാൻ വേണ്ടി പല ഭേദഗതികളും ഞങ്ങൾ കൊടുത്തിരുന്നു. ഈ ബില്ല് കഴിയുന്നതും നന്നാക്കാനുള്ള ഞങ്ങളുടെ പരിശ്രമത്തെ അന്യഥാ വ്യാഖ്യാനിച്ചതു് അങ്ങേയററം വ്യസനകരമാണു്. അങ്ങനെയുള്ള ഒരു സൂചന ഇവിടെയുണ്ടായതു് നിർഭാഗ്യകരമായിപ്പോയി. ഈ അവസാനഘട്ടത്തിൽ ഇതു് മംഗളമായി പര്യവസാനിപ്പിക്കണമെന്നാണു് എന്റെയും എന്റെ പാർട്ടിയുടെയും ആഗ്രഹം. ഈ രാജ്യത്തെ ജനങ്ങൾക്കു് ഗുണം കിട്ടണമെന്നാണു്, എന്റെയും എന്റെ പാർട്ടിയുടെയും അഭിലാഷം.

ശ്രീ. കെ. എം. ജാർജ്ജ്: സർ, വളരെ പ്രാധാന്യമർഹിക്കുന്ന ഒരു നിയമനിർമ്മാണമാണു് ഇതെന്നു് അനേകപ്രാവശ്യം എല്ലാവരും ഈ സഭാതലത്തിൽ പറഞ്ഞിട്ടുണ്ടു്. ഈ നിയമസഭ കൈകാര്യം ചെയ്തിട്ടുള്ളതിൽ ഏററവും പ്രധാനപ്പെട്ട നിയമം ഇതാണെന്നു് എനിക്കഭിപ്രായമില്ല. എന്റെ അഭിപ്രായം വിദ്യാഭ്യാസനിയമമാണു് ഇതിനെക്കാൾ പ്രധാനപ്പെട്ട നിയമം എന്നാണു്. മനുഷ്യരെ ബാധിക്കുന്ന അടിസ്ഥാനപരമായ കാര്യങ്ങളാണു് ആ നിയമത്തിൽ അടങ്ങിയിട്ടുള്ളതും. അത്രയും പ്രാധാന്യം ഈ നിയമത്തിൽ ഇല്ലാ എന്നു പറഞ്ഞുകൊണ്ടു് ഏതാനും ചില കാര്യങ്ങൾ പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണു്. സർ, ഈ നിയമം പാസ്സായിക്കഴിഞ്ഞാൽ നമ്മുടെ രാജ്യത്തു് പൊതുസമാധാനം ഉണ്ടാകയില്ലാ എന്നുള്ളതു് ഗൗരവമേറിയ ഒരു സംഗതിയാണു്. എന്റെ അറിവിൽപെട്ടിടത്തോളം ഈ ഭൂനിയമപരിഷ്കാരം ഒരു സോഷ്യലിസ്ററസമുദായസൃഷ്ടിക്കുവേണ്ടിയുള്ള ഒരു നിയമമാണു്. സോഷ്യലിസ്ററവ്യവസ്ഥിതിയിൽക്കൂടിയാണു് കമ്മ്യൂണിസ്ററവ്യവസ്ഥിതിയിലേക്കു പോകുന്നതു്. ഇൻഡ്യയിൽ നാം സൃഷ്ടിച്ചിട്ടുള്ള സാമൂഹ്യവ്യവസ്ഥിതി ഇവിടെയുള്ള എല്ലാ ഘടകങ്ങളും പരസ്പരം സഹകരിച്ചുകൊണ്ടു് പോകുന്ന സമ്പ്രദായത്തിലുള്ളതാണു്. ആ നിലവച്ചുകൊണ്ടു് ആലോചിക്കുമ്പോൾ അങ്ങനെയുള്ള ഒരു സഹകരണം ഈ നിയമം ആവിഷ്ക്കരിച്ചിട്ടുള്ളതിൽ ഇല്ലാതെപോയതിൽ ഞാൻ സഹതപിക്കുന്നു.

ശ്രീ. ഇ. പി. ഗോപാലന്റെയും, ശ്രീ. കണാരന്റെയും പ്രസംഗം വളരെ ദയനീയമായിപ്പോയി. അതിനെപ്പററി ശ്രീ. വിശ്വനാഥൻ പറഞ്ഞതുകൊണ്ടു് ഞാൻ പറയുന്നില്ല. ഈ ബിൽ പാസ്സാക്കിയതു് കമ്മ്യൂണിസ്ററുകാരായ ഞങ്ങളാണെന്നും, പി. എസ്സ്. പി.ക്കാർക്കും കാൺഗ്രസ്സുകാർക്കും ചെയ്യാൻ സാധിക്കാതിരുന്ന കാര്യം ഞങ്ങൾ ചെയ്യുകയാണെന്നും അദ്ദേഹം പറഞ്ഞു. അങ്ങനെ പറയാതിരിക്കുകയായിരുന്നു നല്ലതു്. ശ്രീ. ഇ. പി. ഗോപാലൻ വളരെയേറെ പ്രചരണകൊടുങ്കാററുതന്നെ ഇവിടെ അഴിച്ചുവിടുകയുണ്ടായി. ഇന്നു 35 ശതമാനമുള്ളതു് 95 ശതമാനമാകുമെന്നും, പഞ്ചായത്തുതിരഞ്ഞെടുപ്പു വരട്ടെ എന്നും മററും അദ്ദേഹം പറഞ്ഞു. പ്രചരണത്തിനു വേണ്ടി അദ്ദേഹം അങ്ങനെ പറഞ്ഞതാണെങ്കിൽ എനിക്കു് അതിൽ വിരോധമില്ല. എനിക്കു പറയുവാനുള്ളതു് ഇങ്ങനെയുള്ള മനോഭാവത്തോടുകൂടിയാണു് ഈ നിയമം നടപ്പിലാക്കുവാൻപോകുന്നതെങ്കിൽ അതു് തീർച്ചയായും നല്ലതല്ലെന്നും, അതുകൊണ്ടു് അങ്ങനെയുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കരുതെന്നുമാണു്. മുഖ്യമന്ത്രി വെളിയിൽപോയി എന്തഭിപ്രായം പറഞ്ഞിരുന്നാലും അദ്ദേഹത്തെപ്പോലുള്ള ഒരാൾ ഒരു നല്ലനില ഈ ബില്ലിനെ സംബന്ധിച്ചു് സ്വീകരിക്കുവാൻ അദ്ദേഹത്തിന്റെ പാർട്ടിഅംഗങ്ങളെ ഉൽബോധിപ്പിക്കണമെന്നു ഞാൻ പറയുകയാണു്. ഈ നിയമം പാസ്സാക്കുന്നതോടുകൂടി കേരളത്തിൽ അധിവസിക്കുന്ന ഒന്നൊന്നരക്കോടി ജനങ്ങൾക്കും ഗുണമുണ്ടാകുമെന്നു് ആരും അവകാശപ്പെടുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഒരു സോഷ്യലിസ്ററസമുദായസൃഷ്ടി

LIBRARY ARCHIVES Kerala Legislative Assembly

യുടെ ആദ്യത്തെ പടിയാകാമെന്നു പറയാമെങ്കിലും ഈ രാജ്യത്തുള്ള എല്ലാവരും ഇതോടുകൂടി സമ്പന്നരായിത്തീരുമെന്നു ആരും പറയുകയില്ല. വ്യവസായീകരണംകൊണ്ടു മാത്രമെ ഇൻഡ്യയ്ക്കു രക്ഷയുള്ളു എന്നു പുസ്തകമെഴുതീട്ടുള്ള ഒരാളാണു നമ്മുടെ മുഖ്യമന്ത്രി. ആ നിലയ്ക്കു ഈ നിയമംകൊണ്ടു നമ്മുടെ രാജ്യം സമ്പന്നമാകുവാൻപോകുന്നു എന്നു കൊട്ടിഘോഷിക്കേണ്ട കാര്യമില്ല. അതുകൊണ്ടു ഈ അന്ത്യവിനാഴികയിലും സമാധാനപൂർണ്ണമായ ഒരു നിലയാണു എല്ലാവരും സ്വീകരിക്കേണ്ടതു. അങ്ങനെയുള്ള ഒരു നിലപാടു മന്ത്രി സ്വീകരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഏതായാലും ആ അടിസ്ഥാനം മറക്കുന്നതു ശരിയല്ല. നമ്മുടെ നാട്ടുംപുറങ്ങളിൽ കൃഷികൊണ്ടു ജീവിക്കുന്നവരും, കൃഷികൊണ്ടുജീവിക്കുവാൻ കഴിവുള്ളവരുമായ വളരെയധികം ആളുകൾ ഉണ്ടു. ഈ നിയമം പാസ്സായാൽ അവർ ഇനി നാട്ടുംപുറങ്ങളിൽ താമസിക്കുമോ എന്നു ഞാൻ ചോദിക്കുകയാണു. ഈ നിയമം പ്രാബല്യത്തിൽ വരുന്നതോടുകൂടി നാട്ടുംപുറങ്ങളിലുള്ള ആളുകൾ വലിയ പട്ടണങ്ങളിലേക്കും, വലിയ വ്യവസായശാലകളിലേക്കും പോകുവാൻ ആഗ്രഹിക്കുകയില്ലേ എന്നു ഞാൻ ചോദിക്കുകയാണു. അവർക്കെല്ലാം ജോലികൊടുക്കുവാൻ പട്ടണങ്ങളിൽ ഇന്നു എത്രത്തോളം വ്യവസായശാലകളുണ്ടു? കാർഷികരംഗത്തുള്ള ആളുകൾ എല്ലാവരും വ്യവസായരംഗത്തു വരികയാണെങ്കിൽ അവർക്കു എന്തു വ്യവസായം കൊടുക്കുവാൻ സാധിക്കുമെന്നു ഞാൻ ചോദിക്കുകയാണു. കാർഷികബന്ധബില്ൽ നാട്ടുംപുറങ്ങളിൽ കർഷകവൃത്തിയിൽ ഏർപ്പെട്ടു ജീവിക്കുന്ന ആളുകൾക്കു അങ്ങേയററം ദോഷം ചെയ്യുന്നു എന്നു പറഞ്ഞാൽ അതു പ്ലാന്റേഷൻ മുതലാളികൾക്കുവേണ്ടി പറയുന്നതല്ല. പ്ലാന്റേഷൻ വ്യവസായം ഇവിടെ അഭിവൃദ്ധിപ്പെടേണ്ടതു ഗവൺമെന്റിന്റെകൂടി കാര്യമാണു; തൊഴിലാളികളുടെ കാര്യമാണു. ശ്രീമതി റോസാമ്മപുന്നൂസ്സ് കൊണ്ടുവന്ന ഭേദഗതിയെപ്പററി എന്തുകൊണ്ടു മൗനം അവലംബിച്ചു എന്നു ഞാൻ ചോദിക്കുകയാണു. ശ്രീമതി റോസാമ്മപുന്നൂസ്സ് ഭേദഗതി കൊണ്ടുവന്നു ആ വ്യവസായത്തിനുവേണ്ടി ഉയർത്തിയ സ്വരം എന്തുകൊണ്ടു വനരോദനമായിപ്പോയി എന്നു ഞാൻ ഈ വൈകിയവേളയിൽ ചോദിക്കുകയാണു. കാർഷികരംഗത്തു ഒരാൾക്കു ജീവിക്കുവാൻ സാദ്ധ്യമല്ലെന്നു വിചാരമുണ്ടാകുന്നതു ശരിയല്ല. യാതൊരാളിന്റെയും കയ്യിൽ ഭൂമി കുന്നുകുന്നായികൂടിയിരിക്കണമെന്നു ഞങ്ങളാരും പറയുന്നില്ല. ഇതിനുമുമ്പും ശ്രീ. സി. അച്യുതമേനോൻ പരാമർശിച്ചിട്ടുള്ള ഫ്യൂഡൽവ്യവസ്ഥിതി മൂലമുണ്ടായിട്ടുള്ള ഭൂവുടമസമ്പ്രദായമാണു ഇവിടെയുള്ളതെന്നു യാതൊരാളിന്റെയും കണ്ണീരുണ്ടാകാതെ, അരപൈസപോലും ആർക്കും നഷ്ടം ഉണ്ടാകാതെയും ഈ രാജ്യത്തു ദീർഘകാലമായി നിലനിന്നുവന്ന ഇടവകസമ്പ്രദായം അവസാനിപ്പിച്ചു ഏതാണ്ടു അരലക്ഷം കുടുംബങ്ങളെ രക്ഷിച്ച കാൺഗ്രസ്സുകാർക്കു നിങ്ങളുടെ ഭൂനിയമത്തിൽ വിശ്വാസമില്ലെന്നു പറയുമ്പോൾ അതിനെക്കുറിച്ചു ആക്ഷേപിക്കാതെ, തിരുവിതാംകൂർ-കൊച്ചിയിൽനടന്ന കാര്യങ്ങളെക്കുറിച്ചു ആലോചിക്കണമെന്നു ഞാൻ മി. കണാരനോടു അപേക്ഷിക്കുകയാണു.

സർ, ലാൻഡു ട്രിബ്യൂണലിനെസംബന്ധിച്ചു ഒരു വാക്കു പറയാൻ ഞാനാഗ്രഹിക്കുന്നു. എന്തുകൊണ്ടാണു ഇത്ര വിശ്വാസമുള്ളവർ ഈ പഞ്ചായത്തു തെരഞ്ഞെടുപ്പുകൾ നീട്ടിക്കൊണ്ടുപോകുന്നതു. പഞ്ചായത്തു തെരഞ്ഞെടുപ്പുകളെപ്പററി വളരെ ശക്തിയായി ശ്രീമാൻ സി. എച്ചു. കണാരൻ ഇവിടെ പറയുകയുണ്ടായി. അടുത്ത പഞ്ചായത്തു വരുമ്പോൾ കാണാം, ലാൻഡു ട്രിബ്യൂണലിൽ ആരാണു തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുമെമ്പറന്മാരായി വരുന്നതെന്നു, എന്തൊരു മായാവിക്രമമാണു ഇവിടെ നടക്കാൻപോകുന്നതു എന്നു. ഈ ഭൂനയബില്ൽ ആകുന്ന ആകാശകുസുമം മലബാറിനേയും തിരുവിതാംകൂർ-കൊച്ചിയേയും സംബന്ധിച്ചിടത്തോളവും എങ്ങനെ ബാധിക്കുമെന്നു ആളുകൾ മനസ്സിലാക്കുമെന്നും അദ്ദേഹം അതിവിദഗ്ദ്ധമായി പ്രസ്താവിക്കുകയുണ്ടായി. ഈ ഭൂനയബില്ലിനെ സംബന്ധിച്ചിടത്തോളം ആർക്കു ഗുണംകിട്ടും, ആർക്കു ദോഷമുണ്ടാകുമെന്നും, നമുക്കു ക്രമേണ മനസ്സിലാക്കാൻ കഴിയും. ഈ ബില്ലി 3 ടീയിൽ അത്ര വിപ്ലവപരമായ ചരിത്രമുണ്ടു. തീർച്ചയായും അങ്ങനെ ആളുകൾക്കു മനസ്സിലായിക്കഴിയുമ്പോൾ പഞ്ചായത്തുതെരഞ്ഞെടുപ്പിന്റെ കാര്യം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എം. ജാർജ്ജ്]

നമുക്കു കണ്ടറിയാം. അതുകൊണ്ടു പഞ്ചായത്തുതെരഞ്ഞെടുപ്പിന്റെ ഫലമായി ലാൻഡു ട്രിബ്യൂണലിൽ നിന്നും പറയുന്ന ആളുകളല്ല ഞങ്ങളും പറയുന്ന ആളുകളും വരും എന്നു പറയുന്നതിൽ യാതൊരു കഴമ്പുമില്ല. ഒരു ആരോപണം ബഹുമാനപ്പെട്ട മന്ത്രിയുൾപ്പെടെ ശ്രീമാൻ കെ. ആർ. നാരായണനെ സംബന്ധിച്ചും, സി. എ. മാത്യുവിനെസംബന്ധിച്ചും പുറപ്പെടുവിക്കയുണ്ടായി.

ശ്രീമതി കെ. ആർ. ഗൗരി: ഞാൻ അങ്ങനെയല്ലാ പറഞ്ഞതു്. അതിന്റെ റെക്കാർഡു എന്റെ കയ്യിലുണ്ടു്.

ശ്രീ. കെ. എം. ജാർജ്ജ്: ശ്രീമാൻ കെ. സി. എബ്രഹാമും, ശ്രീ അലക്സാണ്ടർ പറമ്പിത്തറയും പറയുകയുണ്ടായി, കുടികിടപ്പുകാരെ സംബന്ധിച്ചിടത്തോളം 1955-ൽ ഒരു നിയമം പാസ്സാക്കി നടപ്പിലാക്കിയിട്ടുള്ളതിനെക്കാൾ കൂടുതൽ ഈ ബില്ലിൽ ഒന്നും ഇല്ല എന്നു്. എനിക്കു ബഹുമാനപ്പെട്ട റവന്യൂമന്ത്രിയെ ഓർമ്മിപ്പിക്കുവാനുള്ളതു അദ്ദേഹമുൾപ്പെട്ട ആ പാർട്ടിയിലെ അംഗങ്ങൾ ഈ ബില്ലിന്റെ മൂന്നാംവായന നടക്കുന്ന ഈ ഘട്ടത്തിൽ ഈ തെരഞ്ഞെടുപ്പു പ്രചരണം ആരംഭിച്ചതു ചുരുക്കത്തിൽ ഒരു നല്ല അന്തരീക്ഷത്തിനു ചേർന്നതല്ല, അതു നല്ലതല്ല എന്നാണു്.

സർ, പ്രതിഫലത്തെ സംബന്ധിച്ചും, വിതരണത്തെസംബന്ധിച്ചും ഒരു വാക്കുമാത്രമേ ഞാൻ പറയുന്നുള്ളു. ഈ ഭൂമി ഇന്നവർക്കു കൊടുക്കണം എന്നു് ഒരു പാർട്ടിയും തീരുമാനം ചെയ്യുന്നതു് ശരിയല്ല. ഈ രാജ്യത്തു യഥാർത്ഥത്തിൽ കൃഷിചെയ്യുന്നവർ, മണ്ണിൽ അദ്ധ്വാനിക്കുന്നവർ, മണ്ണുമായി താദാത്മ്യം പ്രാപിച്ച മണ്ണു സ്വപ്നമായി കരുതുന്നവർ, മുദ്രാവാക്യമില്ലാതെ മണ്ണിന്റെ യഥാർത്ഥമക്കൾക്കു അല്പസ്വല്പം ഭൂമിയിവിടെയുണ്ടെങ്കിൽ അതു അവർക്കുതന്നെ കിട്ടുന്നതിനുള്ള ഒരു നിലപാടു എടുക്കുകയാണു വേണ്ടതു്. അങ്ങനെ ഭൂമി ആരിലെങ്കിലും ചെന്നു ചേർന്നിട്ടുണ്ടെങ്കിൽ അതു തെററാണെന്നും അതു എടുത്തു മററുള്ളവർക്കു കൊടുത്തു അതു ഞങ്ങൾ നൽകിയതാണു് എന്നു പറയുന്നതിനുവേണ്ടി ആരെങ്കിലും ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ആ ഒരു നിലപാടു് എടുക്കരുതു് എന്നു ഓർമ്മിപ്പിക്കുവാൻ ഞാനാഗ്രഹിക്കുകയാണു്.

സർ, നാഗപ്പൂർ റെസലൂഷനെ സംബന്ധിച്ചും, പഞ്ചായത്തുമുഖാന്തിരം സഹകരണാടിസ്ഥാനത്തിൽ കൃഷി നടത്തുന്നതിനെ സംബന്ധിച്ചും ഇവിടെ പരാമർശിച്ചു. ഞങ്ങളുടെ ആ പ്രൊപ്പോസൽ അപ്രായോഗികമാണെന്നു പറഞ്ഞു. അതു ശരിയല്ല. യഥാർത്ഥത്തിൽ ഭൂമി ആർക്കുകൊടുത്താലും ആ ഭൂമിയിൽ സഹകരണാടിസ്ഥാനത്തിലും കൃഷിചെയ്യപ്പെടാതെയും പഞ്ചായത്തിന്റെ ആഭിമുഖ്യത്തിലല്ലാതെയിരിക്കാനും പോകുന്നില്ല. അതുകൊണ്ടു തീർച്ചയായും നാഗപ്പൂർ റെസലൂഷന്റെ content ഉൾക്കൊള്ളിക്കാതെയിരിക്കാൻ സാദ്ധ്യമല്ല. സർ, അങ്ങനെ ഈ നിയമത്തിൽ ഇന്നുള്ള പോരായ്മകൾ സന്മനസ്സുണ്ടെങ്കിൽ തിരുത്തുക. അതല്ലാ, ഈ രാഷ്ട്രീയ മുതലെടുപ്പിനു വേണ്ടി മാത്രമാണെങ്കിൽ അതു വിലപ്പോകുകയില്ല. ശ്രീമാൻ ഇ. പി. ഗോപാലനും, ശ്രീമാൻ സി. എച്ച്. കണാരനും പ്രസ്താവിച്ചിട്ടുള്ളതുപോലെ ഈ നിയമം പാസ്സാക്കിയതു കമ്മ്യൂണിസ്റ്റുകാരുടെ പരിശ്രമഫലമാണെന്നും അതിന്റെ ഫലം അടുത്ത പഞ്ചായത്തുതെരഞ്ഞെടുപ്പിൽ കാണാൻ കഴിയുമെന്നുമുള്ള ഒരു നിലപാടു കണ്ടറിയേണ്ടിയിരിക്കുന്നു. ഈ നിയമം കുറെ ആളുകൾക്കു എങ്കിലും നന്മചെയ്യാൻ സാധിച്ചെങ്കിൽ അത്രയും നല്ലതാണു്. ഇതൊരു പ്രസവവേദനയുടെ ഘട്ടമാണെന്നു ഇവിടെ പ്രസ്താവിച്ചതുപോലെ കുറെ പ്രസവവേദനയുടെ വിഷമങ്ങൾ സഹിച്ചാലും ഒരു ശിശു ജനിക്കുന്നതുകൊണ്ടു് സമൂഹത്തിനു നന്മയുണ്ടാകുമെന്നുണ്ടെങ്കിൽ അതു നിവർത്തിയുള്ളിടത്തോളം സഹിക്കാവുന്നതാണു്.

അങ്ങു് ഈ ബിൽ വളരെ വിദഗ്ദ്ധമായ രീതിയിൽ ഇതിന്റെ എല്ലാ ഘട്ടങ്ങളിലും നിയന്ത്രിച്ചുകൊണ്ടു് ഇതു് പാസ്സാക്കുന്നതിൽ എടുത്ത നിലപാടിനു് അങ്ങേക്കു ഞാൻ നന്ദിപറഞ്ഞുകൊണ്ടു എന്റെ വാക്കുകൾ ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പൊന്നറ ജി. ശ്രീധർ: ഞാൻ അധികം സമയം എടുത്തു സംസാരിക്കണമെന്നു വിചാരിക്കുന്നില്ല. എനിക്കു് ഒരു പത്തു മിനിട്ടെടുക്കാമെങ്കിലും ഏതവസരത്തിലും ഞാൻ നിർത്താൻ തയ്യാറാണു്. എനിക്കു പത്തു മിനിട്ടു് അനുവദിച്ചിട്ടുള്ളതു മതി. എനിക്കു് ഏററവും പ്രധാനമായിട്ടു പറയാനുള്ളതു് കമ്മ്യൂണിസ്റ്റു് നേതാക്കന്മാർ എടുത്ത നിലപാടു് ഒട്ടും സഹായകരമല്ല എന്നു് ഞാൻ എന്റെ ഈ വശത്തുള്ള സ്നേഹിതന്മാരെ അറിയിക്കുക എന്നാണു്. ഏററവും പ്രധാനമായിട്ടു് ബില്ലിനെപ്പററി പറയാനുള്ളതു് എന്തുദ്ദേശത്തോടുകൂടിയാണോ ഈ ബിൽ കൊണ്ടുവന്നിട്ടുള്ളതു് ആ ഉദ്ദേശം നിർവ്വഹിച്ചുകൂടാ എന്നു് എന്റെ ബഹുമാന്യസ്നേഹിതന്മാർക്കുദ്ദേശമുള്ളതുപോലെ തോന്നും. അത്രത്തോളം ഭരണഘടനാവിരുദ്ധമായിട്ടുള്ള ക്ലാസ്സുകൾ ഈ നിയമത്തിൽ എഴുതിവച്ചിട്ടുണ്ടു്. അതേപ്പററി ആലോചിക്കാനുള്ള സന്മനസ്സു് അവർക്കില്ല. എഡ്യൂക്കേഷൻ ബില്ലിൽ ഭരണഘടനാവിരുദ്ധമായി ഒന്നുമില്ല എന്നു പറഞ്ഞ ഒരു മഹാവിദഗ്ദ്ധനായ സ്നേഹിതനാണു് ഇവിടത്തെ അഡ്വക്കേററു് ജനറൽ.

മി. സ്പീക്കർ: അദ്ദേഹം ഇവിടെയില്ലല്ലോ.

ശ്രീ. പൊന്നറ ജി. ശ്രീധർ: അദ്ദേഹം പറഞ്ഞ അഭിപ്രായത്തെപ്പററിയല്ലേ ഞാൻ പറയുന്നതു്. അദ്ദേഹം ആ വിധത്തിലുള്ള അഭിപ്രായം പറഞ്ഞിട്ടു് പിന്നീടു ഫലമെന്തായി? അദ്ദേഹം ശമ്പളത്തിനുവേണ്ടി വക്കീലായിട്ടു പണി എടുക്കുന്നു. അല്ലാതെ രാജ്യനന്മയ്ക്കു വേണ്ടിയല്ല. ഇന്നധികാരത്തിലിരിക്കുന്ന കക്ഷികൾ ഇന്ന തരത്തിൽ ഒരു ബില്ലെഴുതണമെന്നു പറഞ്ഞു. അങ്ങനെ എഴുതിയുണ്ടാക്കിക്കൊണ്ടുവന്ന ഒരു ബില്ലാണു് ഇതു്. അതിന്റെ പോരായ്മകൾ പ്രതിപക്ഷപാർട്ടികൾ ചൂണ്ടിക്കാണിച്ചു. ഇതു നടപ്പിൽ വരണമെന്നുദ്ദേശമുണ്ടായിരുന്നെങ്കിൽ ഇതല്ലായിരുന്നു ചെയ്യേണ്ടതു്. ഈ ബില്ലിൽ കമ്മ്യൂണിസ്റ്റു് സ്നേഹിതന്മാരുടെ ആഗ്രഹമനുസരിച്ചുള്ള പല കാര്യങ്ങളും അമെൻഡുമെൻറു് രൂപത്തിൽ കൊണ്ടുവന്നിട്ടു് അതു പാസ്സാക്കി എടുക്കുകയാണു്. മററു പ്രതിപക്ഷങ്ങൾ കൊണ്ടുവന്നിട്ടുള്ള പല ഭേദഗതികളും അവർ തള്ളിക്കളയുകയും ചെയ്തിരിക്കുന്നു. മൗലികമായ തത്വങ്ങളിൽ ഒന്നാണു് നിവൃത്തിയുള്ളിടത്തോളം സാമ്പത്തികസമീകരണം വരുത്തുക എന്നുള്ളതു്. ആ അടിസ്ഥാനത്തിൽ ഞങ്ങളുടെ പാർട്ടിയുടെ ഡെപ്യൂട്ടി നേതാവു് ഒരു അമെൻഡുമെൻറു് ഇവിടെ കൊണ്ടുവന്നു അതിൽ ഏററവും പ്രധാനമായിട്ടുള്ള ഒന്നാണു് 1082-ാംനമ്പർ അമെൻഡുമെൻറു്. ക്ലാസ്സ് 57 (1)-നു വേണ്ടിട്ടുള്ളതു്. ആ അമെൻഡുമെൻറിന്റെ ഉദ്ദേശംതന്നെ, കുറേ കാലമായിട്ടു് ഇൻകം ടാക്സും മററും കൊടുത്തുവന്നിരുന്ന ഇനത്തിൽപ്പെട്ട വ്യവസായങ്ങളിൽ ഏർപ്പെട്ടു് സമ്പാദിച്ചിട്ടുള്ള ആളുകളെ ബാധിക്കുന്നതാണു്. ആ ഒരു കാര്യംകൂടി സ്വീകരിക്കാൻ തയ്യാറില്ലാത്ത ഒരു നിലപാടാണു് ആ ഭാഗത്തിരിക്കുന്നവർ എടുത്തിട്ടുള്ളതു്.

സർ, ഇവർ ഏതു വർഗ്ഗത്തിന്റെ ശക്തികൊണ്ടാണോ ഒരു പാർട്ടിയായിട്ടു നിലകൊള്ളുന്നതു് ആ വർഗ്ഗം ഏതു രൂപത്തിൽ ഇവരെ കണക്കാക്കുമെന്നു നാം വിചാരിക്കണം. ഒരുപക്ഷേ അതൊന്നും വെളിയിൽ വരുത്താതിരിക്കാൻ ഉപ നോക്കിയേക്കും. യഥാർത്ഥത്തിൽ ചെറുകിട ഉടമസ്ഥനും സാധുക്കൾക്കും ഉപകാരപ്രദമാകുന്ന പല അമെൻഡുമെൻറും കൊണ്ടുവന്നതു് അവർ തള്ളിക്കളയുകയാണു് ചെയ്തിട്ടുള്ളതു്. എന്തെങ്കിലും നല്ലതെന്നു് അവർക്കു തോന്നിയാൽ അതും തള്ളിക്കളഞ്ഞിട്ടു് അവരുടേതാക്കി കൊണ്ടുവരും. അങ്ങനെ കൊണ്ടുവരുന്നതിന്റെ ഉദ്ദേശം അവരാണിതു ചെയ്തതെന്നു ബോദ്ധ്യപ്പെടുത്താനാണു്. പ്രതിപക്ഷത്തുനിന്നു കൊണ്ടുവരുന്ന അമെൻഡുമെൻറു് ഒന്നുംതന്നെ സ്വീകരിക്കാതിരിക്കാനുള്ള പ്രവണതയാണു് നാം കണ്ടിട്ടുള്ളതു്. ഒരു നിവൃത്തിയുമില്ലാതെവരുമ്പോൾ അതു് സ്വന്തമായിട്ടു് എടുക്കുക അവരാണിതു ചെയ്തതു്, അവരുടെ ഭരണത്തിന്റെ ഫലമായിട്ടാണു് ഇതെല്ലാം ചെയ്യാൻ സാധിക്കുന്നതു് എന്നെല്ലാം പ്രചരണം നടത്തുന്നതു് ഞാൻ കേട്ടിട്ടുണ്ടു്. ഇവിടെ കാണുന്ന എന്തെല്ലാം പരിഷ്കാരങ്ങളുണ്ടോ അതെല്ലാം ചെയ്തതു് അവരാണെന്നാണു് പ്രചരണം നടത്തിക്കൊണ്ടിരിക്കുന്നതു്. ഇവിടെയുള്ള കെട്ടിടങ്ങ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പൊന്നറ ജി. ശ്രീധർ]

ടെല്ലാം കെട്ടിയതും റോഡുകൾ ടാറിട്ടതും അവരാണെന്നു പറയും. ഈ മാതിരിയുള്ള പാർട്ടിക്കു് ഈ പ്രചരണം ചെയ്യാൻ കഴിയും. ഇവിടെ അതൊന്നും പറഞ്ഞിട്ടു കാര്യമില്ല. അവരെ ഞാൻ കുററപ്പെടുത്തുന്നില്ല. സർ, ഞാനിവിടെ പറഞ്ഞതു് ആ രൂപത്തിലുള്ള അമെൻഡുമെൻറു്—അതായതു് ഞങ്ങളുടെ ഡെപ്യൂട്ടി ലീഡർ ശ്രീ. നാരായണക്കുറുപ്പു കൊണ്ടുവന്നിട്ടുള്ള വളരെ സഹായകമായ രണ്ടു് അമെൻഡുമെൻറു പോലും സ്വീകരിക്കാതെയാണിരിക്കുന്നതെന്നു ചൂണ്ടിക്കാണിക്കാനാണു്. സ്വീകരിച്ചിട്ടുള്ള അമെൻഡുമെൻറാണെങ്കിൽ അതു് യഥാർത്ഥത്തിൽ ഉപകാരപ്രദവുമല്ല. സർ, ഏതു കർഷകരെയാണു് ഇവർ സഹായിക്കാൻപോകുന്നതു്? ഈ ബില്ലു കൊണ്ടുവന്ന അന്നുമുതൽ ഞാൻ പറയുന്നതാണു്. ഈ ബിൽ നിയമമാക്കുന്നതിനു് എത്ര ലക്ഷം രൂപ ചെലവായിട്ടുണ്ടു്? ഒരു പത്തുമുപ്പതു ലക്ഷം രൂപ ചെലവായിട്ടുണ്ടെന്നാണു് എന്റെ അഭിപ്രായം. ഇത്രയും രൂപയുണ്ടെങ്കിൽ ഇവിടെയുള്ള യഥാർത്ഥകർഷകർക്കു് വീതംവച്ചു കൊടുക്കാമായിരുന്നു. ഒരാൾക്കു പത്തുരൂപയെങ്കിലും കിട്ടുമായിരുന്നു. അതു ചെയ്തെങ്കിൽ ഇതിനേക്കാൾ കൂടുതൽ ഉപകാരമായിരുന്നേനെ. ഈ ബിൽ ഈയിടെയെങ്ങും നിയമമാകരുതു് എന്ന ഉദ്ദേശം ഇവർക്കുള്ളതുപോലെയാണു് എനിക്കു തോന്നുന്നതു്.

സർ, ഇതു് എവിടത്തെ നടപടിക്രമമാണു്? രണ്ടാംവായന കഴിഞ്ഞതിനു ശേഷം കുറേ അമെൻഡുമെൻറു്. വെർബൽ ആണു്, കൺസിക്വൻഷ്യൽ ആണു് എന്നൊക്കെ പറഞ്ഞു കൊണ്ടുവരുന്നു. ഏതു നിയമത്തിനാണു് ഇതൊക്കെ പറഞ്ഞുകൊടുത്തതു്? വാസ്തവത്തിൽ ഇവിടത്തെ ആരോ ഇവരെ തെററിദ്ധരിപ്പിച്ചതാണു് എന്നാണു് എനിക്കു തോന്നുന്നതു്. പതിനെട്ടു അമെൻഡുമെൻറാണുള്ളതെന്നാണു് പറയുന്നതു്. പതിനെട്ടല്ല, 27 അമെൻഡുമെൻറുണ്ടു്. ഏതായിരുന്നാലും മൂന്നാംവായനയ്ക്കു് അമെൻഡുമെൻറു് ഹാജരാക്കിയിരിക്കുന്നതെന്തെന്നു നോക്കുക. മൂന്നാമത്തെ ഭേദഗതി ക്ലാസ് 2 (40)ൽ 'odacharthudar' എന്നതിനു പകരം "odacharthudar or a person claiming under an odacharthudar referred to in Section 4" എന്നാണു്. ആയാളിൽനിന്നും ആർക്കെല്ലാം അവകാശം കിട്ടുമെന്നു പറയുന്നതു് എനിക്കു മനസ്സിലാകുന്നില്ല. പിന്നെ ഒരു ഭേദഗതി ക്ലാസ് 7 (6)-ൽ after 'Government' add 'and any local authority' എന്നാണു്. ഇതു് കൺസിക്വൻറാകുന്നതെങ്ങനെയാണു്? ലോക്കൽ അതോറിററിയുടെ കാര്യം വന്നപ്പോൾ വകുപ്പു് പരിപൂർണ്ണമായി വ്യത്യാസപ്പെട്ടിരിക്കയാണു്. ഇവക്കു് ഇതു നേരത്തെ കൊണ്ടുവരാമായിരുന്നു. ഈ ഭേദഗതികളിൽ പലതും ആവശ്യമാണെന്നു ഞാൻ സമ്മതിക്കുന്നു. റൂളനുസരിച്ചു് ഉണ്ടാക്കണമെങ്കിൽ ചില നടപടിക്രമങ്ങളൊക്കെയുണ്ടു്. അല്ലെങ്കിൽ വലിയ ദോഷമുണ്ടാകും. സർ, ഞാനിതൊന്നു വായിച്ചു കേൾക്കാം. ക്ലാസ് 5-നുള്ള ഭേദഗതിക്കു താഴെ N. B ആയി കൊടുത്തിരിക്കയാണു്; അതുപോലെ ഭേദഗതി 10 (10) 16. 18 10), 36 5) 51 1), 66 ഈ ക്ലാസുകളിലും വേണമെന്നു്. ഇതെവിടെ കേട്ടിട്ടുണ്ടു്; ഇങ്ങനെയാരു അമെൻഡുമെൻറു് ? പറയാനുള്ളതു പറയാതെയാണു വോട്ടിനിടുന്നതു. എന്തിനാണു് വോട്ടിനിടുന്നതു്? വേല വെറുതെയാണോ? ക്ലാസ് 5 ആണു് വോട്ടിനിടുന്നതു്. ഈ നടപടിക്രമം ലോകത്തൊരിടത്തുമില്ല. ഇനിമേൽ ഒന്നു പറയാം. ക്ലാസ് 18-നെ സംബന്ധിച്ചാണു് In sub-clause 3 (b) for "he shall pay as purchase price in a lump" substitute "he shall pay to the Land Tribunal in a lump in such manner as may be prescribed. ഈ ... വകുപ്പാണു് ... ചെയ്തു ... പണം ... യാണു് ലാൻഡ് ട്രൈബ്യൂണലിൽ കെട്ടിവെക്കണമെന്നു്. ഏതു രീതിയിൽ കൊടുക്കണമെന്നു പറയുന്നതു് പിന്നെ പറഞ്ഞുകൊള്ളാമെന്നാണു് പറയുന്നതു്—"in such manner as may be prescribed". തിരിച്ചയച്ചിട്ടും ആദ്യം ബിൽ എഴുതിയ കാലത്തു് ലാൻഡ് ട്രൈബ്യൂണലിൽ കെട്ടണമെന്നുണ്ടായിരുന്നില്ല. ഉദ്ദേശ

LIBRARY ARCHIVES Kerala Legislative Assembly

ത്തിനു വിരുദ്ധമാണിതു്. 7-ാം ഭേദഗതിയും അതുമാതിരി തന്നെയാണു്. ക്ലാസ് 31-ൽ "ഒഴിക്കൽ അനുവദിച്ചിട്ടില്ല" എന്നു ചേർത്തിരിക്കുകയാണു്. അതു് അത്യാവശ്യം ചെയ്യേണ്ടതാണു്. ഇതിന്റെ അർത്ഥം മനസ്സിലാകുന്നില്ല. ക്ലാസ് 43-ൽ In Clause 43, in sub-clause (1) for owned by the intermediary or the cultivating tenant or his family" substitute 'owned by the intermediary or the cultivating tenant or where such intermediary or the cultivating tenant is a member of a family, by such family'. ഇതുകൊണ്ടു് വലിയ വ്യത്യാസം വരും. ഇതു ചേർക്കുന്നതുകൊണ്ടു് ഫലം വല്ലതുമുണ്ടോ? അതു് ചേർക്കാതിരിക്കു് ഈ ഭേദഗതി എന്തിനു അനുവദിക്കണം? In Clause 54, in sub-clause (5) for 'or the value of encumbrance as the case may be' substitute the value of encumbrance, maintenance or alimony' ആകുമോ? മെയിന്റനൻസ് എൻകംബ്രൻസാകുകയില്ല. അതുകൊണ്ടാണു് പുതുതായി മെയിന്റനൻസ് പറയുന്നതു്. ഇത്തരത്തിൽ ഇതു് പാസ്സാക്കുകയാണെങ്കിൽ ഒരു കോംപ്ലിക്കേഷൻ രണ്ടാം വായനയും മൂന്നാം വായനയും കഴിഞ്ഞതു കൊണ്ടുവരാതെ ഒന്നും പറഞ്ഞു് നിഷേധിക്കുവാൻ വന്നതാണു്. അതിന്റെ ഫലം അതായതു് മൂന്നാംവായനയിൽ കൊണ്ടുവന്നിട്ടുള്ള ഈ അമെൻഡുമെന്റു് പ്രയോഗത്തിൽ വലിയ ദോഷം ചെയ്യുമെന്നുള്ളതു തീർച്ചയാണു്. ഇന്നലെ കോപ്പിയിലെങ്കിലും ഇതു കിട്ടിയിരുന്നെങ്കിൽ ഇതിനെപ്പറ്റി പഠിച്ചു് കൂടുതലായി അഭിപ്രായം പറയാമായിരുന്നു. അതിനുള്ള അവസരംപോലും കിട്ടിയിട്ടില്ല. ഇതു പാസ്സാക്കിയാൽ ഈ ആക്ടു് നടപ്പിൽ വരുത്തുമ്പോൾ എങ്ങനെയെല്ലാം ബാധിക്കുമെന്നുള്ളതു് നിശ്ചയമില്ല. ഏതായിരുന്നാലും ഈ ബില്ലും ആക്ടു് നടപ്പിൽ വരുത്താനൊന്നാണോ എന്നു് എനിക്കു സംശയമുണ്ടു്. ഏതായാലും ഇതുമാതിരി ഒന്നും രണ്ടും വായന കഴിഞ്ഞതിനുശേഷം എല്ലാം കൊണ്ടുവന്നാലും എനിക്കു വിരോധമില്ല. ഇതു കൊണ്ടു് വലിയ ഉപകാരമുണ്ടാകുമെന്നു തോന്നുന്നില്ല.

In spite of all that I have said I congratulate the hon. Minister for the capacity, intelligence and merit which she has evinced in piloting this measure.

ശ്രീ. കെ. പി. ആർ ഗോപാലൻ: സർ, കേരളചരിത്രത്തിൽ, തങ്കലിപികളാൽ രേഖപ്പെടുത്താൻപോകുന്ന ഏററവും മഹനീയമായിട്ടുള്ള ഒരു സംഭവമാണു് കേരള കാർഷികബന്ധബിൽ ഈ നിയമസഭ പാസാക്കുന്നതു്. ഇതിൽ കേരളഗവണ്മെൻറിനേയും, പ്രത്യേകിച്ചു് റവന്യൂമന്ത്രിയേയും കേരളത്തിലെ വിവിധ കർഷകസംഘടനകളുടെ പേരിൽ ഞാൻ അഭിനന്ദിക്കുകയാണു്. കേരളത്തിലെ കർഷകരായ ഒരു വലിയ വിഭാഗത്തിനു് ഈ നിയമം ഏററവും സഹായകമാണെന്നുള്ള വസ്തുത ഈയവസരത്തിൽ കൂടുതൽ സന്തോഷത്തിനു വകനൽകുന്നതാണു്. ഗവണ്മെൻറുഭാഗത്തുനിന്നും ഈ നിയമം അവതരിപ്പിച്ചപ്പോഴും, ഇതു കമ്മ്യൂണിസ്ററുകാരുടെമാത്രം കുത്തകയാക്കാൻപാടില്ല, കറാച്ചി കാൺഗ്രസ്സുസമ്മേളനം തുടങ്ങി, മററു പല കാൺഗ്രസ്സ് സമ്മേളനങ്ങളിലും, അവസാനം നാഗപ്പൂർസമ്മേളനത്തിലും കാർഷിക നിയമത്തിൽ പരിഷ്കാരം വരുത്തേണ്ടതിൻെറ ആവശ്യകത ഉയർന്നിട്ടുണ്ടെന്നും, ഇപ്പോഴും കാൺഗ്രസ്സ് ഭരിക്കുന്ന മററു ചില സംസ്ഥാനങ്ങളിൽ അതിനുള്ള നടപടികളാരംഭിച്ചിട്ടുണ്ടെന്നും, കേരളത്തിൽ ഇന്നു കാൺഗ്രസ്സ് അധികാരത്തിൽ ഇരുന്നിരുന്നെങ്കിൽ ഇവിടെയും ഇങ്ങനെയൊരു നിയമം കൊണ്ടുവരുമായിരുന്നുവെന്നും ആ ഭാഗത്തുനിന്നും പലരും പറഞ്ഞുകേട്ടിരുന്നു. സർ, ആത്മാർത്ഥമായിട്ടു ഞാൻ പറയുകയാണു്; ഈ ബിൽ അവതരിപ്പിച്ച കാലം മുതൽ, ഇതിനെ തടസപ്പെടുത്താൻ, ഇതു പ്രയോഗത്തിൽ വരുത്താതിരിക്കാൻ, എങ്ങനെയെങ്കിലും കാലതാമസമുണ്ടാക്കി ഇതു പരാജയപ്പെടുത്താൻ അങ്ങേയററം പ്രവർത്തിച്ചിട്ടുള്ളവർ, ബോധപൂർവ്വം പ്രവർത്തിച്ചിട്ടുള്ളവരും, ബോധമില്ലാതെ, നേതൃത്വത്തെ ആശ്രയിച്ചുമാത്രം പ്രവർത്തിച്ചിട്ടുള്ളവരും ആ ഭാഗത്തുള്ള

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. പി. ആർ. ഗോപാലൻ]

വരുടെ കൂട്ടത്തിൽ ഉണ്ടെന്നുള്ളതു ഒരു വസ്തുതമാത്രമാണു്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുംമററും ബോധപൂർവ്വം ഈ ബില്ലിനെസംബന്ധിച്ച വസ്തുതകൾ ഈ നാട്ടിലെ ജനങ്ങളെ ധരിപ്പിച്ചിട്ടുള്ളതിന്റെ ഫലമായി, പ്രതിപക്ഷം ഈ ബിൽ പ്രയോഗത്തിൽവരുത്താൻ എതിരാണെന്നുള്ള കാര്യം നാട്ടുകാർ മനസിലാക്കിയതിന്റെ അടിസ്ഥാനത്തിൽ നാട്ടിലുണ്ടായിട്ടുള്ള പ്രഷറിന്റെ ഫലമായിട്ടു് ഈ നിയമം ഈ സെഷനിൽതന്നെ പാസാക്കണമെന്നുള്ള ഒരു താല്പര്യം ഈ ഗവണ്മെന്റിനുണ്ടാകുകയും, ഇതു് ഈ നിയമസഭയിൽതന്നെ പാസാക്കണമെന്നും, എത്ര ദിവസം നീണ്ടുനിന്നാലും ഇതു പാസാക്കിയിട്ടേ നിയമസഭ പിരിയാൻപാടുള്ളു എന്നും ധീരമായ ഒരു നിലപാടു് മുഖ്യമന്ത്രി എടുത്തതിന്റെ അടിസ്ഥാനത്തിൽ പ്രതിപക്ഷം ഇവിടെ ഇരിക്കാമെന്നു തീരുമാനിച്ചിരിക്കുകയാണു്. ഇതിന്റെ മൂന്നാംവായനനടത്തുന്ന ഈയവസരത്തിലും, എങ്ങനെയെങ്കിലും ഇതു നീട്ടിക്കൊണ്ടുപോകാനുള്ള ശ്രമം പ്രതിപക്ഷത്തു നിന്നും നടത്തിയിട്ടുണ്ടെന്നു കാണാൻ കഴിയും.

സർ, ഈയവസരത്തിൽ, എനിക്കു ശ്രീ. ചാഴിക്കാടന്റെ വാദഗതിയിൽ ഒരു പ്രത്യേകകൗതുകംതോന്നി. അദ്ദേഹം ഇപ്പോൾ ഇവിടെയില്ല. ശ്രീ. ചാഴിക്കാടൻ ഇപ്പോൾ നായർസമുദായത്തെ ഉദ്ധരിക്കാനായിട്ടു് ഒരുങ്ങി പുറപ്പെട്ടിരിക്കുകയാണു് ഒരു ക്രിസ്ത്യൻനേതാവായ ശ്രീ. ചാഴിക്കാടൻനായർ സമുദായത്തെ സഹായിക്കാൻ മുന്നോട്ടു വന്നിരിക്കുന്നതു കണ്ടപ്പോൾ, ഒരു നായരായിട്ടു ജീവിക്കണമെന്നാഗ്രഹിച്ചിട്ടില്ലാത്ത ഞാൻ, നമ്പൂരാണെങ്കിലും നായർക്കുവേണ്ടി വാദിക്കാൻ നിർബ്ബന്ധിതനായിപ്പോകുന്നു. ശ്രീ. ചാഴിക്കാടൻ നായരുടെ നേതാവാകാൻ ഞാൻ സമ്മതിക്കുകയില്ല. സർ, ഇന്നു കേരളത്തിനു പുറത്തുപോയി നോക്കിയാൽ എല്ലാ ഹോട്ടലിലും എച്ചിലില എടുക്കുന്ന നായരെ കാണാം. കേരളത്തിൽ അവരുടെ സാമുദായികമായ അവശതകൾകൊണ്ടു് വെളിയിൽപോയി എച്ചിലിലയെടുക്കുന്ന പണിയിൽ കഴിഞ്ഞുകൂടുന്ന അനവധി നായർയുവാക്കന്മാരെ, ഇന്നത്തെ ദയനീയവസ്ഥയിലേക്കു തള്ളിവിട്ട ഒരു വ്യവസ്ഥിതിക്കു മാററം വരുത്തുന്നതിനാണു് കാർഷികബന്ധബിൽ ഈ ഗവണ്മെന്റു് അവതരിപ്പിച്ചിരിക്കുന്നതു്. ഇതു കണ്ടിട്ടു് ശ്രീ. ചാഴിക്കാടൻ പറയുന്നതു് ഇതു നായർസമുദായത്തെ നശിപ്പിക്കാൻകൊണ്ടുവന്നിരിക്കുന്ന ബില്ലാണെന്നാണു്. ഈ ബില്ലിനെ പരാജയപ്പെടുത്താൻ ഇത്തരത്തിലുള്ള പ്രചരണങ്ങൾ മതിയാകുകയില്ല എന്നു ഞാൻ എന്റെ സുഹൃത്തുക്കളെ ഓർമ്മപ്പെടുത്തട്ടെ. നാട്ടിൽ ജീവിതമാർഗ്ഗമില്ലാതെ അന്യനാട്ടിൽപോയി എച്ചിലില എടുക്കുന്നവരെ, ഈ നാട്ടിലെ അഭിമാനിക്കുന്ന കർഷകരായി മാററുന്നതിനുള്ള ഒരു സംരംഭമാണു് ഈ നിയമംമൂലം ഞങ്ങൾ നടത്തുന്നതു്. ഇതിന്റെ ഗുണദോഷങ്ങൾ ഈ നാട്ടിലെ സാധാരണക്കാർക്കു വേണ്ടപോലെ മനസിലായിട്ടുണ്ടെന്നും ഞങ്ങൾ വിശ്വസിക്കുകയാണു്.

സർ, ഈ നിയമത്തിൽ ഭരണഘടനാവിരുദ്ധമായ വകുപ്പുകൾ ഉള്ളതു മാററുന്നതിനുവേണ്ടിയാണു് ഇതിനെ എതിർക്കുന്നതെന്നു ശ്രീ. പൊന്നറ ശ്രീധർ പറയുന്നു. പരിപാവനമായ ഇൻഡ്യൻ ഭരണഘടനയെ രക്ഷിക്കാൻ വേണ്ടിയാണു്, പ്ലാനിംഗ് കമ്മിഷന്റെ നിർദ്ദേശങ്ങൾക്കു വിധേയമായിട്ടു് ഇവിടെ കൊണ്ടുവന്നിട്ടുള്ള ഈ നിയമത്തെ ഇവർ എതിർക്കുന്നതു്. ഇതിന്റെ ആദ്യഘട്ടത്തിൽ പ്രതിപക്ഷനേതാവുതന്നെ പറഞ്ഞിട്ടുണ്ടു്; 'ഈ നിയമം നിങ്ങൾ പാസാക്കിക്കൊള്ളു, പാസാക്കിയിട്ടു് വീട്ടിൽപോയിരിക്കുകയേയുള്ളു; ഇതു പ്രയോഗത്തിൽ വരുത്താൻ ഞങ്ങൾ സമ്മതിക്കുകയില്ല. 'എന്നു്. ഇവരാണു ഭരണഘടനയുടെ ആരാധകന്മാർ. ഈ നിയമത്തിന്റെയും മററും പേരും പറഞ്ഞു് ഇവർ ഇപ്പോൾ മന്ത്രിസഭയെ മാററാനുള്ള ശ്രമം നടത്തുകയാണു്. ഒരു ബഹുജനപ്രക്ഷോഭണം. തിരഞ്ഞെടുപ്പുവഴി അധികാരത്തിൽ വന്ന ഈ ഗവണ്മെന്റിനെ മാററണമെങ്കിൽ തിരഞ്ഞെടുപ്പുവഴിതന്നെ മാററണം. സർ, ഒരു കാലത്തു്, ആയുധബലംകൊണ്ടു് അധികാരം "ഏറെറടുക്കാം, സോഷ്യലിസം നടപ്പാക്കാം എന്നു വിശ്വസിച്ചിരുന്ന ഒരു പാർട്ടിയാണു്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കമ്മ്യൂണിസ്റ്റ് പാർട്ടി. അവർ ഇപ്പോൾ ആയുധമില്ലാതെതന്നെ സോഷ്യലിസം നടപ്പാക്കാമെന്ന തത്വത്തിൽ വിശ്വസിച്ചിരിക്കുകയാണ്. അങ്ങനെ കേരളത്തിൽ തിരഞ്ഞെടുപ്പുവഴി കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ വന്നുചേർന്നിരിക്കുന്നു. ജനാധിപത്യസംപ്രദായത്തിൽ തന്നെ അവർ ഇന്നു ഭരണാധികാരം ഏറ്റെടുത്തിരിക്കുകയാണ്. മുൻപ് അക്രമത്തിൽ വിശ്വസിച്ചിരുന്ന ഒരു പാർട്ടി, ഇപ്പോൾ സമാധാനപരമായി സോഷ്യലിസം നടപ്പാക്കാമെന്നുള്ള ഒരു നയം സ്വീകരിക്കുമ്പോൾ, അങ്ങനെ അവർ ജനാധിപത്യവ്യവസ്ഥയിൽ ഭരണം നടത്തുമ്പോൾ, ഗാന്ധിശിഷ്യന്മാരായ കാൺഗ്രസ്സുകാർ, അക്രമരാഹിത്യസിദ്ധാന്തത്തിൽ അടിയുറച്ചുവിശ്വസിക്കുന്നവർ ആയുധമെടുത്തും കമ്മ്യൂണിസ്റ്റുകാരെ അധികാരത്തിൽനിന്നും മാററാൻ ശ്രമിക്കുകയാണ്. ശരിയായ തിരഞ്ഞെടുപ്പുവഴി, ഭൂരിപക്ഷം കിട്ടി. ഭരണാധികാരം കരസ്ഥമാക്കിയ ഒരു പാർട്ടിയെ, ജനാധിപത്യത്തിൽ കുത്തകാവകാശം സമ്പാദിച്ചിട്ടുള്ള കാൺഗ്രസ്സ് പാർട്ടി ഏതു മാർഗ്ഗവും സ്വീകരിച്ചു മറിച്ചിടാനാണു ഭാവമെങ്കിൽ, അതിനെ നേരിടേണ്ടതെങ്ങനെയെന്നു ഞങ്ങൾക്കറിയാം. തിരുവനന്തപുരം ഡിസ്ട്രിക്ട് കാൺഗ്രസ്സ് പ്രസിഡൻറിൻെറ വീട്ടിൽ ഇന്നലെ രാത്രി ഒരു ബാംബ് പൊട്ടിയതായി അറിഞ്ഞു; ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതു അറിഞ്ഞോ എന്നറിഞ്ഞില്ല. കാൺഗ്രസ്സുകാർ ഭരണകക്ഷിയോടു നിസ്സഹകരണം അനുഷ്ഠിക്കാൻ പോകുകയാണ്. ഈ ഗവൺമെൻറ് അധികാരത്തിൽ നിന്നും പോകുന്നതുവരെ സന്ധിയില്ലാത്ത ഒരു സമരത്തിനുതന്നെ അവർ തയ്യാറെടുക്കുകയാണ്. അവരൊക്കെ നിസ്സഹകരിച്ചാലും, എന്തെല്ലാം സമരമാർഗ്ഗങ്ങൾ സ്വീകരിച്ചാലും കമ്മ്യൂണിസ്റ്റ് പാർട്ടി അഞ്ചുകൊല്ലം ഭരിക്കാൻ തന്നെ തീരുമാനിച്ചിരിക്കുകയാണ്. അതിനാണ് അവരെ ഈ നാട്ടിലെ ഭൂരിപക്ഷം ജനങ്ങൾ അവരുടെ വിശ്വാസവും വോട്ടും നൽകി അധികാരത്തിലേററിയതു്. ഭരണഘടനാവിരുദ്ധമായിട്ടുള്ള വഴികളിൽക്കൂടി ഞങ്ങളെ മാററാനാണു ശ്രമിക്കുന്നതെങ്കിൽ നിങ്ങൾ ഭരണഘടനയെ ആദരിക്കുന്നില്ലെന്നാണു അതിൻെറ അർത്ഥം. ഇന്നു ന്യൂനപക്ഷങ്ങൾക്കു ഭരണഘടനയിൽ കാണുന്ന സംരക്ഷണം ഒരു ന്യൂനപക്ഷമായ മുസ്ലീംസമുദായത്തെസംബന്ധിച്ചിടത്തോളം പൂർണ്ണമായും ലഭിക്കുന്നതിനു് ഈ ഗവൺമെൻറ് അധികാരത്തിൽ ഇരിക്കുന്നിടത്തോളം കാലം സാധിക്കുന്നതാണ്. അവർ, കാൺഗ്രസിനോടുചേർന്നു് അവ്യവസ്ഥാപിത മാർഗ്ഗത്തിൽക്കൂടി ഗവൺമെൻറിനെ പരാജയപ്പെടുത്താൻ ശ്രമിക്കുമോ എന്നു ഞാൻ സംശയിക്കുന്നു.

സർ, ഈ രാജ്യത്തെ ജന്മികളെ ദേശസ്നേഹികളെന്നു സംബോധന ചെയ്തുകൊണ്ടു് ഈ ബില്ലിൻെറ മൂന്നാംവായനയുടെ വട്ടത്തിലും ചിലർ വാദിക്കുന്നതുകേട്ടു. ദേശാഭിമാനികളായ അവർക്കു ഇന്നുകിട്ടുന്ന മര്യാദപ്പാട്ടത്തിൻെറ പതിനാറിരട്ടി കാമ്പൻസേഷൻ കൊടുക്കുമ്പോൾ, അതുമൊത്തമായി കൊടുക്കുമ്പോൾ ഇത്ര ശതമാനം കട്ടുചെയ്യണമെന്നുള്ളതു്, കട്ടു ചെയ്യാതെ കൊടുക്കാൻ ആലോചിക്കാം, അവർ ആ തുക മുഴുവൻ ഗവൺമെൻറിനെ ഏല്പിച്ചു് ഏതെങ്കിലും വ്യവസായത്തിൽ മുടക്കുമോ എന്നൊരഭിപ്രായം ഞാൻ മുൻപു പറഞ്ഞതു ശരിയാണ്. ആ വസ്തുത ശ്രീ. കെ. ആർ. നാരായണൻ അദ്ദേഹത്തിൻെറ പ്രസംഗത്തിൽ പരാമർശിക്കുകയുണ്ടായി. ഞാൻ ഇപ്പോഴും അതു തന്നെ പറയുകയാണ്; ജന്മിമാർ ആ വക പണംമുഴുവൻ ഏതെങ്കിലും വ്യവസായത്തിൽ മുടക്കാൻ തയ്യാറാണെങ്കിൽ, അവരുടെ കാമ്പൻസേഷനിൽ ഒരു കുറവും കൂടാതെ കൊടുക്കുന്ന കാര്യം ആലോചിക്കാവുന്നതാണ്. ഇതു പറഞ്ഞതിനെപ്പററി നാട്ടിൽ തെററിദ്ധാരണപരത്തുമാറ്, ദുഷ്പ്രചരണങ്ങൾ നടത്താൻ ശ്രമിച്ചതു നന്നായില്ല. മറെറാരു കാര്യം ഇവിടെ ശ്രീ. കെ. ഹസ്സൻ ഗനിയും മററും പറഞ്ഞതു് കോവപ്പറേററീവ് അടിസ്ഥാനത്തിൽ കൃഷിനടത്തുന്നതിനെപ്പററിയാണ്. കാൺഗ്രസ്സ് സമ്മേളനത്തിൽ, നാഗപ്പൂർ പ്രമേയത്തിൽ ആവശ്യപ്പെടുന്നതുപോലെ, മിച്ചഭൂമി മുഴുവൻ കോവപ്പറേററീവ് അടിസ്ഥാനത്തിൽ കൃഷിനടത്തണമെന്നാണ് ആ ഭാഗത്തുനിന്നും ഉപദേശിക്കുന്നതു്. കറാച്ചി പ്രമേയത്തിലും, ഫെയിസപ്പൂർ പ്രമേയത്തിലും എല്ലാം അങ്ങനെ നിശ്ചയം പാസാക്കിയിട്ടുണ്ടെങ്കിലും, കാൺഗ്രസ്സിൻെറ നേതൃത്വം

[ശ്രീ. കെ. പി. ആർ. ഗോപാലൻ]

ശ്രീ. ജവഹർലാൽ നെഹ്റുവിനാണെങ്കിലും, ആ നയം നടപ്പിലാക്കാൻ ഇതുവരെ ഗവണ്മെന്റിന് സാധിച്ചിട്ടില്ലെന്നുള്ളതു ഒരു വസ്തുതയാണ്. അവിടെ [illegible] ജന്മിമാരുടെ അഭിപ്രായമാണ്; മുതലാളിമാരുടെ അഭിപ്രായമാണ്; താല്പര്യങ്ങൾ പ്രത്യേകം സംരക്ഷിക്കുന്നതിനു കാത്തിരിക്കുന്നവരാണ് കാൺഗ്രസ്സിൽ അധികവുമുള്ളതു്. കേരളത്തിൽ കാൺഗ്രസ്സ് മന്ത്രിസഭയായിരുന്നു അധികാരത്തിൽ ഇരുന്നതെങ്കിൽ ഇങ്ങനെയൊരു നിയമം ഇവിടെ കൊണ്ടുവരുമായിരുന്നില്ല. മിച്ചഭൂമി ഗവണ്മെന്റു ഏറ്റെടുത്തിട്ട് അതു ഭൂമിയില്ലാത്ത പാവങ്ങൾക്കായി വിതരണം ചെയ്യണമെന്നാണു വിചാരിക്കുന്നതു്. അങ്ങനെ അഞ്ചോ, പത്തോ സെന്റ ഭൂമിവീതം കിട്ടുന്നതു സഹകരണാടിസ്ഥാനത്തിൽ ഇപ്പോൾതന്നെ കൃഷിനടത്തണമെന്നു ഇത്ര തിടുക്കം കാണിക്കേണ്ട ആവശ്യമില്ല. തൽക്കാലം അവർക്കു ഭൂമി കിട്ടട്ടെ; സൗകര്യംപോലെ അവരെ സഹകരണബോധത്തിന്റെ അടിസ്ഥാനത്തിൽ, സംഘങ്ങൾ ഉണ്ടാക്കി പ്രവർത്തിക്കാൻ നമുക്കു ആവശ്യമായ പ്രചോദനം നൽകാം. അതെല്ലാം തൽക്കാലം വേണ്ടെന്നുവയ്ക്കുകയാണ്. ഉടനെ ഭൂമി വിതരണം ചെയ്യുകയെന്നതാണ് ആവശ്യം. ഈ രാജ്യത്തെ കർഷകർക്ക് സഹായകമായ ചില ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കാൻവേണ്ടി ഈ ഗവണ്മെന്റ ഒരു മഹത്തായ കാര്യത്തിൽ ഏർപ്പെട്ടിരിക്കുമ്പോൾ, പ്രതിപക്ഷങ്ങൾ ജാതിയുടെപേരിലും, സമുദായത്തിന്റെപേരിലും നാട്ടിൽ പ്രക്ഷോഭണങ്ങൾ അഴിച്ചുവിട്ട് ഈ ഗവണ്മെന്റ് അധികാരത്തിൽനിന്നും പോകണമെന്നുള്ള ലക്ഷ്യത്തിൽ പരിശ്രമിച്ചുതുടങ്ങിയിരിക്കുകയാണ്. സർ, ഞാൻ ഒന്നു പറയുകയാണ്, ഈ ഗവണ്മെന്റ് പോകുകയല്ല, പോകാൻ വന്നതല്ല. ഈ നാട്ടിലെ ജനങ്ങൾ അവരെ വിശ്വസിച്ച്, വോട്ടുനൽകി, അധികാരത്തിൽ കേറിയിരിക്കുകയാണ് മററാരെങ്കിലും പറഞ്ഞാൽ, പ്രക്ഷോഭണം ഉണ്ടാക്കിയാൽ പോകാനല്ല അവർ ഞങ്ങളെ അധികാരത്തിൽ കയററിയതു്. സംസ്ഥാനത്തെ തിരഞ്ഞെടുപ്പുവഴിയാണ അധികാരത്തിൽ വന്നതു്. അതു് ഒരു തമാശയല്ല. ഇപ്പോൾ നിങ്ങൾ പറയുന്നതു്, എങ്ങനെയെങ്കിലും ഒരു കക്ഷിയെ അധികാരത്തിൽനിന്നും മാററിയിട്ട്, ഇവിടെ പ്രസിഡന്റ ഭരണം വരുത്താമെന്നാണ്. അതു ജനങ്ങൾ ഇഷ്ടപ്പെടുന്ന ഒരു കാര്യമല്ല. നിങ്ങളുടെ ഭീഷണി കേട്ടിട്ട് രാജിവച്ചുപോകാൻ ഇവിടെയാരും തയ്യാറില്ല. ഈ ഭീഷണികൾ കേട്ട് നമ്പൂതിരിപ്പാട്ട് രാജിവച്ചുപോയാൽപിന്നെ അദ്ദേഹത്തെ ഈ രാജ്യത്തു കാണുകയില്ല; കൊന്നുകളയുമെന്നല്ല, അതിനല്ല ഈ നാട്ടിലെ ബഹുജനങ്ങൾ അവരുടെ വിശ്വാസമർപ്പിച്ചുകൊണ്ടു തിരഞ്ഞെടുത്തു് അധികാരത്തിൽ കയററിയിട്ടുള്ളതു്. അവരോടു സമാധാനം പറയേണ്ടിവരും. അതുകൊണ്ട് അങ്ങനെ മുഖ്യമന്ത്രി ചെയ്യുകയില്ലെന്ന വിശ്വാസം എനിക്കുണ്ട്. അഹിംസാസിദ്ധാന്തത്തിൽ വിശ്വസിക്കുന്ന കാൺഗ്രസ്സുകാർ ഇന്ന് ബോംബിടാനും അക്രമങ്ങൾ പ്രവർത്തിക്കാനും സന്നദ്ധരാകുകയാണ് ആയുധമെടുത്തവർ അതു താഴെവച്ചപ്പോൾ, അഹിംസാവാദക്കാർ അതു് ഏറെറടുത്തിരിക്കുകയാണ്. ഇൻഡ്യയിൽ ജനാധിപത്യം പരിപൂർണ്ണമായും സംരക്ഷിക്കുന്നതിനു മഹാനായ ജവഹർലാൽജി ആഹ്വാനം നടത്തുമ്പോൾ, അദ്ദേഹത്തിന്റെ അനുയായികൾ ഇവിടെ കേരളത്തിൽ, അക്രമത്തിലൂടെയും, ഹിംസയിലൂടെയും ജനാധിപത്യമര്യാദയിൽ അധികാരത്തിൽവന്ന പാർട്ടിയെ മറിച്ചിടാൻ സാഹസപ്പെടുകയാണ്. ഭരണഘടനയെ അങ്ങേയററം ബഹുമാനിക്കുന്നുവെന്നു പറയുന്ന എന്റെ സ്നേഹിതന്മാർ, പ്രധാനമന്ത്രിയുടെ ശിഷ്യന്മാരായ സ്നേഹിതന്മാർ പറയുന്നതുപോലെ സഹകരണപ്രസ്ഥാനത്തെ ഞങ്ങൾ ബഹുമാനിക്കാതിരിക്കുകയല്ല. പക്ഷേ, ഇന്ന് ഈ നിയമം മൂലം മിച്ചഭൂമി ഗവണ്മെന്റിനു കിട്ടുന്നതു് ഭൂമിയില്ലാത്ത കർഷകർക്കു കൊടുക്കണമെന്നുള്ളതാണ് ഞങ്ങളുടെ ഉദ്ദേശം. വളരെക്കാലമായി ഭൂമിയിൽ ഉടമാവകാശമില്ലാതെ കഴിഞ്ഞിരുന്ന പാവപ്പെട്ട കർഷകർക്കു കിട്ടുന്ന ഒരു തുണ്ടു ഭൂമി സഹകരണ അടിസ്ഥാനത്തിൽ കൃഷിചെയ്തു രാജ്യം നന്നാക്കണമെന്നുപറയുന്ന കാൺഗ്ര

LIBRARY ARCHIVES,Kerala Legislative Assembly

സ്സിലെയും, പി. എസ്സ്. പി. യിലെയും, ലീഗിലെയും സ്നേഹിതന്മാരോടു ഞാൻ പറയുന്നതു് നമുക്കു ഈ രാജ്യത്തെ ഭൂമി ഒന്നടക്കം സഹകരണാടിസ്ഥാനകൃഷിനടത്താൻ തയ്യാറാകാം, അതിനു ഈ പാർട്ടി അംഗങ്ങൾ സഹകരണം നൽകാമെന്നാണു്. ഞങ്ങൾ സഹകരണപ്രസ്ഥാനത്തെ എതിർക്കുകയില്ല, രാജ്യത്തു് ഉടനീളം എല്ലാ മണ്ഡലത്തിലും പ്രവർത്തിച്ചുകാണാൻ താല്പര്യമുള്ളവരാണു്. അതനുസരിച്ചുള്ള ഒരു നീക്കം ഈ രാജ്യത്തുണ്ടായിക്കാണാൻ ആഗ്രഹിക്കുന്നവരാണു്. ഭൂമി മുഴുവൻ സഹകരണാടിസ്ഥാനത്തിൽ കൃഷിനടത്താൻ നിങ്ങൾ തയ്യാറാകുമോ?

സർ, ഇവിടെ നടന്ന ചർച്ചകളിൽ അധികവും ആ ഭാഗത്തുനിന്നുംകേട്ട വാദങ്ങളിൽ വലിയ ജന്മിമാർക്കു കാമ്പൻസേഷൻ കൂട്ടികൊടുക്കുന്നതിനെപ്പററിയും, പ്ലാന്റേഷൻ കായൽനിലങ്ങൾ, തെങ്ങിൻതോപ്പുകൾ മുതലായവ പരിധിയിൽനിന്നും ഒഴിവാക്കുന്നതിനും, വലിയതോതിലുള്ള കൃഷികൾ പ്രോത്സാഹിപ്പിക്കുന്നതിനും ചില നിർദ്ദേശങ്ങൾ ആയിരുന്നു. പാവപ്പെട്ട കർഷകരുടെ സംരക്ഷണത്തിനുള്ള വ്യവസ്ഥകൾ എന്തെല്ലാം ഇതിൽ അടങ്ങിയിട്ടുണ്ടെന്നുനോക്കാതെ, മററുള്ളവർക്കു സൗകര്യം വർദ്ധിപ്പിക്കാനുള്ള വാദഗതിയായിരുന്നു ഉണ്ടായതു്. എന്റെ അഭിപ്രായത്തിൽ, ഈ നിയമത്തിൽ ഇനി എന്തെങ്കിലും ഭേദഗതി വരുത്തുമ്പോൾ, അതു ചെറുകിടക്കാർക്കു കൊടുക്കാനുള്ള കാമ്പൻസേഷൻ കുടിയാന്മാരെക്കൊണ്ടു കൊടുപ്പിക്കാതെ അതു സർക്കാർതന്നെ കൊടുക്കണമെന്ന തത്വം അംഗീകരിക്കുന്നരീതിയിലായിരിക്കണം. അങ്ങനെ സ്മാൾഹോൾഡേഴ്സിനെ സംരക്ഷിക്കാൻ ഇതിൽ ഇന്നു് ആവശ്യമായിട്ടുള്ള സംരക്ഷണം നൽകിയിട്ടുണ്ടു്. ഏതായാലും ഈ നിയമം നടപ്പിലാക്കാൻ അനുവദിക്കാതെ, പ്രചാരവേലനടത്തുകയും, ഈ മന്ത്രിസഭയെ അധികാരത്തിൽനിന്നുമാററാൻ ശ്രമിക്കുകയും ചെയ്താൽ, ഞങ്ങളെ മാററിയിട്ടു് നാളെ അധികാരത്തിൽവരുന്നവരെ ആ നിമിഷത്തിൽ തട്ടിദൂരെ തെറിപ്പിക്കാനുള്ള ശക്തി ഞങ്ങൾക്കുണ്ടെന്നും ഓർമ്മയിരിക്കട്ടെ! ആയുധംകൊണ്ടു ശക്തിനേടിയിട്ടുള്ള പാരമ്പര്യമുള്ള ഒരുപാർട്ടി ഇന്നു് ജനാധിപത്യത്തിൽ വിശ്വസിച്ചു് ഭരണംനടത്തുമ്പോൾ അക്രമത്തിൽക്കൂടി അവരെ മാററാൻ, അഹിംസയിൽ വിശ്വസിക്കുന്ന ഒരു രാഷ്ട്രീയപ്പാർട്ടി തയ്യാറായാൽ അതിനെ നേരിടേണ്ടതു് എങ്ങനെയെന്നു ഞങ്ങൾക്കു അറിയാം.

ശ്രീ. ടി. എ. തൊമ്മൻ: ഈ നിയമം ഇന്നെങ്കിലും പാസാക്കാൻ ബഹുമാനപ്പെട്ട മെമ്പർ സഹായിക്കുമോ?

ശ്രീ. കെ. പി. ആർ. ഗോപാലൻ: വളരെ തിരക്കു കാണും; മററന്നാൾ ഹർത്താൽ അല്ലേ? ഞാൻ അവസാനിപ്പിക്കുകയാണു്.

സർ, ഇതിന്റെ മെച്ചം ആർക്കൊക്കെയാണെന്നു അനുഭവംകൊണ്ടു ബോദ്ധ്യമാകാൻപോകുകയാണു്. ചില രാഷ്ട്രീയകക്ഷിയിലെ ചട്ടുകങ്ങളായി ചിലർ ഇതിന്റെ നേരേ പ്രതിഷേധം പ്രകടിപ്പിക്കുന്നെങ്കിലും യാഥാർത്ഥ്യം എല്ലാവർക്കും വഴിയേ ബോദ്ധ്യപ്പെടുന്നതാണു്. തെളിവെടുപ്പു സംബന്ധിച്ചു കോഴിക്കോട്ടുപോയപ്പോൾ ഒരു ക്രിസ്ത്യൻമെമ്പർ മൊഴിതന്നപ്പോൾ, ശ്രീ. രാഘവമേനോന്റെ ചോദ്യങ്ങൾക്കുമറുപടിയായിട്ടാണെന്നുതോന്നുന്നു അയാൾ പറഞ്ഞു, ഞങ്ങൾ മുൻപു് വിദ്യാഭ്യാസപ്രക്ഷോഭണത്തിനു് കൊടിയും പിടിച്ചു ജാഥയായി തിരുവനന്തപുരത്തു വന്നിരുന്നു, പക്ഷേ ഈ നിയമം പാസാക്കാൻ ഞങ്ങൾ അങ്ങേയററം ഗവണ്മെന്റിനെ സഹായിക്കുമെന്നു്. അങ്ങനെ സാധാരണജനങ്ങൾക്കുതന്നെ ഇതിന്റെ നല്ല വശങ്ങൾ ബോദ്ധ്യമായിട്ടുണ്ടു്. സർ, ഞാൻ അവസാനിപ്പിക്കുകയാണു്, എല്ലാവരും ഇതു പാസാക്കുന്നതിനു് സഹകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

Mr. Speaker : Order, order. Shri K. P. R. Gopalan, please conclude. We have to put the Bill to vote at 1 O' clock.

Shri R. Raghava Menon : Why not he stop ? He has been speaking provoking things.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: Shri Raghava Menon should not ask me to do it, because I know from the record of time taken by the hon. Members who have participated in the consideration of this Bill, that he has taken the maximum time. To Shri K. P. R. Gopalan I have allowed only 10 minutes.

Shri R. Raghava Menon: The matter he is speaking, is provoking. That is why I requested you to do that. I am not against his taking more time, if he wants.

Mr. Speaker: Order, order. Mr. Rahim, you can now speak. Please see that you finish the speech withni the shortest time.

ശ്രീ. എ. എ. റഹിം: സർ, വളരെയധികം ചർച്ചകൾക്കും, നടപടികൾക്കും ശേഷം, ഈ ബില്ലിന്റെ മൂന്നാം വായന നടത്താൻപോകുകയാണു്. ഏതാനും നിമിഷത്തിനുള്ളിൽ ഇതിന്റെ മൂന്നാംവായന കഴിയുന്നതാണു്. പക്ഷേ, ഇതു് മൂന്നാം വായനയ്ക്കു വന്ന സന്ദർഭത്തിലും ഇവിടെ നടന്ന ചർച്ചകളിൽ അധികസമയവും, അപ്പുറത്തിരിക്കുന്ന അംഗങ്ങൾ ഉപയോഗിച്ചതു്, ഈ ബില്ലിനെ സംബന്ധിച്ചിടത്തോളമുള്ള ന്യൂനതകൾ ചൂണ്ടിക്കാണിക്കാനോ, അല്ലെങ്കിൽ, ഇതു പ്രയോഗത്തിൽ വരുത്തുമ്പോൾ ഉണ്ടാകാവുന്ന വൈഷമ്യങ്ങൾ പരിഹരിക്കാനുള്ള മാർഗ്ഗങ്ങളെപ്പററി പറയാനോ, അതിനു വേണ്ടവഴി നിർദ്ദേശിക്കാനോ, ഇതു കഴിയുന്നതും വേഗം നടപ്പിൽവരുത്തുന്നതിനു് പ്രതിപക്ഷങ്ങളുടെ സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കാനോ അല്ല, നേരെ മറിച്ചു്, പ്രതിപക്ഷത്തെ അങ്ങേയററം ആക്ഷേപിക്കുവാനാണു്. ഈ നിയമത്തിനു വിരുദ്ധമായ ഒരു നിലപാടാണു് പ്രതിപക്ഷം സ്വീകരിച്ചിട്ടുള്ളതെന്നു് ആവർത്തിച്ചാവർത്തിച്ചു് പറഞ്ഞു് ചിത്രീകരിക്കുന്നതിനാണു്. കമ്മ്യൂണിസ്റ്റു പാർട്ടിയുടെ ചരിത്രം പരിശോധിച്ചുനോക്കിയാൽ ഏതൊരു നിയമനിർമ്മാണം എടുത്തുനോക്കിയാലും, അതു് ഇവിടത്തെ ജനങ്ങളുടെ രക്ഷയേക്കാൾ, രാജ്യക്ഷേമത്തെക്കാൾ പാർട്ടി പ്രചരണത്തിനുള്ള ഉപാധിയായിട്ടാണു കണക്കാക്കിയിട്ടുള്ളതെന്നു എല്ലാവർക്കും ബോദ്ധ്യമാകുന്നതാണു്. ഈ ബിൽ അവതരിപ്പിച്ചതും, ഇതിനു ഭേദഗതികൾ കൊണ്ടുവന്നതും, എല്ലാംതന്നെ പരിശോധിച്ചാൽ, എല്ലാററിലും കമ്മ്യൂണിസ്റ്റുപാർട്ടിയുടെ പ്രചരണപരമായ ഒരു സ്റ്റണ്ടു് നിഴലിച്ചുനിൽക്കുന്നതു കാണാം. ഇവിടെ പ്രസംഗിച്ച ശ്രീ. കെ. പി. ആർ., ഈ. പി. ഗോപാലനും പ്രസംഗിച്ചപ്പോൾ ഈ ഭാഗത്തിരിക്കുന്നവരെ ആക്ഷേപിച്ചു സംസാരിക്കുകയുണ്ടായി. വാസ്തവത്തിൽ, ഈ നിയമം സംബന്ധിച്ചു പ്രതിപക്ഷം സ്വീകരിച്ചിട്ടുള്ള നിലപാടു് ഏററവും സഹായകമായിരുന്നുവെന്നു് റവന്യൂമന്ത്രി സമ്മതിക്കുമെന്നാണു് എന്റെ വിശ്വാസം. പ്രതിപക്ഷത്തുനിന്നും ഈ ബില്ലിന്റെ ആദ്യഘട്ടം മുതൽ, അവസാനംവരെ എല്ലാവിധത്തിലും സഹായകമായ ഒരു നിലപാടു് സ്വീകരിച്ചിരുന്നുവെന്നു് എനിക്കു് ഉറപ്പിച്ചു പറയുവാൻ സാധിക്കും. സെലക്റ്റ കമ്മിററിയിൽ മൂന്നുമന്ത്രിമാരുൾപ്പെടെ ഉണ്ടായിരുന്ന പ്രമുഖാംഗങ്ങൾ ഈ ബില്ലിൽ കാര്യമായ പല മാററവും വരുത്തിയിട്ടുണ്ടു്. പക്ഷേ, ഈ ബിൽ അവഗാഢമായി ചർച്ച ചെയ്യാനോ, ഇതിൽ വേണ്ടിടത്തോളം ഭേദഗതി വരുത്താനോ വേണ്ടിടത്തോളം സമയം ഇല്ലായിരുന്നുവെന്ന വസ്തുത നാം വിസ്മരിച്ചുകൂടാ.

ശ്രീമതി കെ. ആർ. ഗൗരി: എങ്ങനെ സമയമില്ലായിരുന്നു എന്നു മനസ്സിലായില്ല.

ശ്രീ എ. എ. റഹിം: സാധാരണമായി ചർച്ച നടന്നുകൊണ്ടിരിക്കുമ്പോൾ, കഴിയുന്നതുംവേഗം ചർച്ചകൾ അവസാനിപ്പിക്കണം, ഈ ബിൽ, കഴിയുന്നതുംവളരെ വേഗം നിയമസഭയിൽ അവതരിപ്പിച്ചു പാസാക്കണമെന്നുള്ള അടിസ്ഥാനത്തിലായിരുന്നു ചർച്ച നടത്തിയിരുന്നതു്. ഞാൻ ആ മനോഭാവത്തെ എതിർക്കുകയല്ല. ഇതു കഴിയുന്നിടത്തോളം വേഗം നിയമസഭയിൽ

LIBRARY ARCHIVES Kerala Legislative Assembly

അവതരിപ്പിച്ചു പാസ്സാക്കി എടുക്കണമെന്നും ഈ രാജ്യത്തെ കർഷകർക്കും, കർഷകത്തൊഴിലാളികൾക്കും ഇതുമൂലം എന്തെങ്കിലും ഗുണം ഉണ്ടാക്കിക്കൊടുക്കണമെന്നും മററു പാർട്ടികൾക്കും താൽപര്യമുണ്ടായിരുന്നതുകൊണ്ടാണു്, ചർച്ചകൾക്ക സമയം വേണ്ടിടത്തോളം കിട്ടിയില്ലെങ്കിലും, ഇന്നത്തെ നിലയിൽ കുറെയെല്ലാം കുററവും കുറവുകളും ഉണ്ടെങ്കിലും ഇതു് സെലക്ററ കമ്മിററി റിപ്പോർട്ടു സഹിതം അവതരിപ്പിക്കാൻ ഇടയായതു്. സെലക്ററ കമ്മിററി റിപ്പോർട്ടിൽനിന്നും ഇതിൽ ചില മാററങ്ങൾ വരുത്തിയിട്ടുണ്ടു്. ആ മാററങ്ങളെല്ലാം ഈ രാജ്യത്തെ കർഷകർക്കു് പ്രയോജനകരമാണെന്നു് അഭിപ്രായമില്ല. എന്നാൽ, പല മാററങ്ങളും വളരെയധികം പ്രയോജനകരമായിട്ടുണ്ടു്. അങ്ങനെ നല്ല ഭേദഗതികൾ ഇതിൽ വരുത്താൻ പ്രധാന കാരണം പ്രതിപക്ഷത്തിന്റെ വിമർശനവും, ന്യായയുക്തമായ ഭേദഗതികളും, നല്ല നല്ല നിർദ്ദേശങ്ങളുമാണെന്നു പറയാതെ നിവൃത്തിയില്ല. ഒരവസരത്തിൽ, ശ്രീ. രാഘവഗോപാലൻ നായർ സൂചിപ്പിക്കുകയുണ്ടായി, ഈ ഭാഗത്തു നിന്നും ഭേദഗതികൾ അവതരിപ്പിച്ചാൽ, അതു പിന്നെ അവതരിപ്പിക്കാതെ പിൻവലിക്കുന്ന ഒരു നടപടി സ്വീകരിച്ചിരുന്നുവെന്നു്. ഞാൻ പറയുന്നതു് അങ്ങനെയുള്ള സംഭവങ്ങൾ അധികവും ഗവൺമെൻറുഭാഗത്തുനിന്നാണു് ഉണ്ടായിട്ടുള്ളതെന്നാണു്.

ഈ ബിൽ അവതരിപ്പിക്കുന്നതിനു് മുമ്പുതന്നെ ഉള്ള സ്വത്തുക്കൾ വിററു കാശാക്കിയവരും അതുപോലെ തന്നെ ഉള്ള സ്വത്തുക്കൾ ബില്ലിന്റെ പരിധിയിൽ പെടാത്ത പ്രകാരം രക്ഷപ്പെടാൻ കഴിവുള്ള നടപടികൾ സ്വീകരിച്ചവരും അവിടെയാണിരിക്കുന്നതെന്നു ഞാൻ ചൂണ്ടിക്കാണിക്കുകയാണു്. അങ്ങനെയുള്ളവർക്ക സദുദ്ദേശമാണോ ഉണ്ടായിരുന്നതെന്നു പുറത്തുള്ള ആളുകൾ മനസ്സിലാക്കുമെന്നു ഞാൻ ഓർമ്മിപ്പിക്കുന്നു. ഈ ബിൽ പാസ്സാകുന്നതോടുകൂടി കർഷകജനതയുടെ കയ്യിൽ ഭൂമി വരാൻ പോകുന്നു എന്നുള്ള പഴയ പാട്ടു സഫലമാകാൻ പോകുന്നില്ലെന്നു ഞാൻ ആദ്യമേ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഈ ബില്ലിന്റെ അടിസ്ഥാനത്തിൽ എന്തു മാത്രം മിച്ചഭൂമി കിട്ടുമെന്നുള്ളതിനു് ശരിയായ കണക്കുകൾ ഇവിടെ ഇല്ല. ലാൻഡു ഹോൾഡിംഗ്സിനെപ്പററിയുള്ള ഒരു സെൻസസ്സ് ഈ ഗവൺമെൻറ എടുത്തിട്ടില്ല. അതിനു ശേഷം വേണം ഈ ബിൽ കൊണ്ടുവരേണ്ടതെന്നു് ഈ ഭാഗത്തുനിന്നും ആവശ്യപ്പെട്ടപ്പോൾ അതു മനഃപൂർവ്വമായി കാലതാമസം വരുത്താനാണെന്നുള്ള ഒരാക്ഷേപം പുറപ്പെടുവിക്കുമെന്നുള്ളതുകൊണ്ടാണു് അതിനു് നിർബ്ബന്ധിക്കാതിരുന്നതു്. അങ്ങനെയൊരു സെൻസസ്സ് എടുക്കാതെ എങ്ങനെ ഇതു പ്രായോഗികമാക്കാൻ കഴിയും. ശ്രീ. വിശ്വനാഥൻ ഇവിടെ പറയുകയുണ്ടായി നാലഞ്ചു കൊല്ലങ്ങൾക്കകം ഇതു പ്രായോഗികമാക്കാൻ കഴിയുകയില്ലെന്നു്. നാലഞ്ചു കൊല്ലം കഴിയുമ്പോൾ ഇന്നുള്ള എത്രയോ മൈനർമാർ മേജരാകുകയും ഇന്നു മേജരായി അവിവാഹിതരായിട്ടുള്ളവർ വിവാഹിതരാകുകയും ചെയ്യും. അങ്ങനെ വരുമ്പോൾ ഇന്നു് ഒരേക്കർ വച്ചിട്ടുള്ള മൈനർക്ക ഏഴര ഏക്കറും, ഏഴര ഏക്കർ വച്ചിട്ടുള്ള പ്രായപൂർത്തിയായ വിവാഹിതർക്ക 15 ഏക്കറും കൊടുക്കേണ്ട അവസ്ഥയിൽ മിച്ചഭൂമി വളരെ ലഭിക്കുമെന്നു തോന്നുന്നില്ല. എന്നിരുന്നാലും നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം വളരെ ആവശ്യമായ ഒരു ബിൽ പാസ്സാക്കിയെടുക്കാൻ കഴിഞ്ഞതു് കമ്മ്യൂണിസ്ററ പാർട്ടിക്കു് ഒരു നേട്ടമായി അഭിമാനിക്കാൻ കഴിയും. ഈ ബിൽ കൊണ്ടുവന്നതിലും അതു് ഇത്ര വേഗം പാസ്സാക്കിയെടുക്കാൻ താൽപ്പര്യം കാണിച്ചതിലും ഞാൻ റവന്യൂ മന്ത്രിയെ അഭിനന്ദിക്കുകയാണു് ഇതു പാസ്സാക്കിയശേഷം, നടപ്പിലാക്കുന്നതിനു് നിരവധി വൈഷമ്യങ്ങൾ വരാൻ ഇടയുണ്ടെന്നും അതു പരിഹരിക്കുന്ന കാര്യത്തിൽ രാഷ്ട്രീയ ലക്ഷ്യം കാണരുതെന്നും പൊതുജനങ്ങൾക്കു് ഗുണകരമായ രീതിയിലുള്ള സമീപനം ആയിരിക്കണം സ്വീകരിക്കേണ്ടതെന്നും ഞാൻ അറിയിക്കുകയാണു്. ഒരു ബിൽ പ്രസവിക്കാൻ കഴിഞ്ഞു എന്നുള്ളതല്ല അതിനെ മാനം മര്യാദയായി വളർത്തിയെടുക്കുന്നതിലാണു് രാജ്യത്തിനു് പ്രയോജനം സിദ്ധിക്കുന്നതെന്നു മനസ്സിലാക്കണം. ലാൻഡു ട്രിബ്യൂണലും ലാൻഡു് ബോർഡും രാഷ്ട്രീയമായ നിലയിൽ നിന്നകന്നു ഉത്തരവാദിത്വബോധത്തോടുകൂടി പ്രവർത്തിക്കണമെന്നു പ്രാർത്ഥിക്കുകമാത്രമേ നമുക്കു നിവൃത്തിയുള്ളൂ. അതി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എ. എ. റഹിം]

ലെല്ലാം കക്ഷിരാഷ്ട്രീയങ്ങൾ ഉണ്ടാകുമോ എന്നും അടുത്ത തെരഞ്ഞെടുപ്പിൽ പഞ്ചായത്തുകൾ ആരുടെ കയ്യിലേയ്ക്കു പോകുമെന്നും കണ്ടറിയേണ്ട സംഗതികളാണ്. ബഹുജനപ്രക്ഷോഭണത്തെപ്പറ്റി ഞങ്ങൾ തെരഞ്ഞെടുപ്പിൽകൂടി അധികാരത്തിൽ പ്രവേശിച്ചതായതുകൊണ്ട് 5 കൊല്ലം അധികാരത്തിൽ ഇരിക്കാൻ അവകാശമുണ്ടെന്നാണ് പറയുന്നത്. ഇള പ്രഖ്യാപിക്കത്തക്ക തരത്തിൽ ഇത്രയധികം മുഖ്യമന്ത്രി ഭയന്നതിൽ ഞാൻ അതിശയിക്കുന്നു. ശ്രീ. കെ. പി. ആർ. ഗോപാലൻ മുഖ്യമന്ത്രി രാജിവയ്ക്കാൻ തയാറാകുന്നതെന്നു പറയുമ്പോൾ മുഖ്യമന്ത്രി രാജിവയ്ക്കാൻ വെമ്പൽകൊള്ളുന്നു എന്ന് തോന്നിപ്പോകുന്നു. വേല്യരാഷയാത്ര നടത്തുമ്പോൾ അങ്ങ് ധീരതയോടുകൂടി ഭരിച്ചുകൊള്ളണമെന്ന് പറഞ്ഞില്ലെങ്കിൽ അദ്ദേഹത്തിന്റെ ധീരത കുറഞ്ഞുപോകുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നത് ഒരു തിരഞ്ഞെടുപ്പിൽകൂടിയാണെന്നു ഞാൻ സമ്മതിക്കുന്നു. വ്യവസ്ഥാപിതമാർഗ്ഗത്തിൽകൂടി ഈ ഗവണ്മെന്റ് അധികാരത്തിൽ വരികയും ആ മാർഗ്ഗങ്ങളിൽകൂടി ഭരണഘടനയനുസരിച്ച് ഈ രാജ്യം ഭരിക്കുകയും ചെയ്യുന്നിടത്തോളം കാലം ഈ ഗവണ്മെന്റിന് നിലനിൽക്കാൻ അവകാശമുണ്ട്. പക്ഷേ വ്യവസ്ഥാപിതമാർഗ്ഗത്തിൽകൂടിയാണ് അകത്തു കയറിയതെങ്കിലും ഗവണ്മെന്റ് കള്ളന്മാരുടേയും കൊള്ളക്കാരുടേയും ചൂഷകരുടേയും ഗവണ്മെന്റായാൽ ആ ഗവണ്മെന്റിനെ 5 വർഷവും വച്ചുവാഴിക്കാൻ ഈ രാജ്യത്തെ ജനാധിപത്യത്തിൽ വിശ്വസിക്കുന്നവർക്ക് സാദ്ധ്യമല്ല. ജനാധിപത്യത്തിൽ വിശ്വസിക്കുന്ന ആളുകളിൽകൂടി ജനശക്തി ഉയർന്ന് ജനാധിപത്യത്തിന്റെ അടിസ്ഥാനത്തിൽത്തന്നെ അവക്കളെ നിശ്ചയിക്കാൻ കഴിവുണ്ടെന്നു വിശ്വസിക്കുന്നു. വ്യവസ്ഥാപിതമാർഗ്ഗത്തിൽകൂടി അധികാരത്തിൽ കയറിയെന്നുള്ളതുകൊണ്ട് എന്തും ചെയ്യാം അതെല്ലാം സഹിച്ചുകൊള്ളണമെന്നുള്ളത് ഒരു ജനാധിപത്യരാജ്യത്തും നടക്കുകയില്ല. ഈ രാജ്യത്തെ വർഗ്ഗീയവാദികളുടെ ചട്ടുകമായി കോൺഗ്രസ്സ് പ്രവർത്തിക്കുന്നുവെന്ന് ശ്രീ. കെ. പി. ആർ. ഗോപാലൻ പ്രസംഗിക്കുന്നതു കേട്ടു. അങ്ങനെ പ്രവർത്തിക്കാൻ കോൺഗ്രസ്സ് ആഗ്രഹിക്കുന്നില്ല. ഈ രാജ്യത്തു മന്നത്തു പത്മനാഭൻ അഴിച്ചുവിട്ടിട്ടുള്ള പ്രക്ഷോഭണത്തെപ്പറ്റി ഇവിടെ പ്രതിപാദിക്കുകയുണ്ടായി. അദ്ദേഹം അഴിച്ചു വിട്ടിരിക്കുന്ന പ്രക്ഷോഭണം വിദ്യാഭ്യാസബില്ലിനെതിരാണെന്നും റിസർവേഷനെതിരാണെന്നുമുള്ള വാദഗതികൾക്കു ഇന്ന് വിലയില്ലാതെ വരുന്നു. അദ്ദേഹം അഴിച്ചുവിട്ടിരിക്കുന്ന പ്രക്ഷോഭണം ... ...

Mr. Speaker: I am not curtailing the right which you have. But please look at the time.

ശ്രീ. എ. എ. റഹിം: അദ്ദേഹം അഴിച്ചുവിട്ടിരിക്കുന്ന പ്രക്ഷോഭണത്തിന് ഇത്രമാത്രം ജനങ്ങളുടെ പിൻതുണ ലഭിക്കുന്നതുകൊണ്ടും ഇത്രമാത്രം ജനരോഷം ഗവണ്മെന്റിനെതിരായി ആളിക്കത്തുന്നതുകൊണ്ടും അതിന്റെ വസ്തുതകൾ മനസ്സിലാക്കി അതിനെ നേരിടാതിരിക്കുന്നതു വളരെ ഖേദകരമാണ്. ജനങ്ങളുടെ അഭിപ്രായം കണക്കിലെടുത്തു, ഇന്നു നിലവിലുള്ള സ്ഥിതിഗതികൾ ശരിയായി മനസ്സിലാക്കി ജനങ്ങൾക്കു തൃപ്തികരമായി ഭരണം നടത്താൻ ഒരു വ്യവസ്ഥാപിതഗവണ്മെന്റ് എപ്പോഴും ആലോചിക്കേണ്ടതാണ്. ഇങ്ങനെയുള്ള പ്രവർത്തനങ്ങൾ സ്വീകരിച്ച് ഈ ഗവണ്മെന്റ് നന്നാകാൻ ആഗ്രഹിക്കുകയാണ്. ശക്തിപ്രയോഗം കൊണ്ട് അടിച്ചമർത്തുമെന്നു പറയുകയും ഞങ്ങൾക്ക് എക്കാലവും ഭരിക്കാൻ അവകാശമുണ്ടെന്നു പറയുകയും ചെയ്യുന്നതു ശരിയല്ലെന്നാണ് എന്റെ അഭിപ്രായം. ഈ വസ്തുതകളെല്ലാം കണക്കിലെടുത്തുകൊണ്ട് നമ്മുടെ രാജ്യത്തു വളരെയധികം ദൂരവ്യാപകഫലങ്ങളുണ്ടാകുന്ന ഒരു ബില്ലാണ് നാം പാസ്സാക്കാൻ പോകുന്നത്. ഈ ബില്ലിന്റെ പ്രവർത്തനം ജനങ്ങളെ ഏകദേശംതന്നെ സാമ്പത്തികമായ നില അഭിവൃദ്ധിപ്പെടാൻ പര്യാപ്തമാകട്ടെ എന്നും, ഈ ബില്ലിന്റെ പ്രവർത്തനം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടു് ഈ രാജ്യത്തെ കർഷകജനതയ്ക്കു് പ്രത്യേകമായ പുരോഗതി ഉണ്ടാകട്ടെ എന്നും പ്രാർത്ഥിക്കുകയാണു്. അതിനു വേണ്ട സഹകരണം ഞങ്ങൾ നൽകാൻ തയ്യാറാണു്. ഈ ബിൽ പാസ്സാക്കാൻ കാണിച്ച മിടുക്കിനു് റവന്യൂ മന്ത്രിയെ അഭിനന്ദിക്കുകയും അതിനു് വേണ്ടിടത്തോളം സാവകാശം നൽകിയ ബഹുമാനപ്പെട്ട സ്പീക്കറെ അഭിനന്ദിക്കുകയും ചെയ്തുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീമതി കെ. ആർ. ഗൗരി: ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുള്ള വാദങ്ങൾക്കു് മറുപടി പറയുന്നതിനു് മുമ്പു് ഈ ബിൽ പാസാക്കിയെടുക്കുന്നതിനു വേണ്ടി ഈ നിയമസഭയിലെ മെമ്പറന്മാരുടെ ഭാഗത്തു നിന്നും അതുപോലെ തന്നെ നിയമസഭാ സെക്രട്ടറിയേററു് ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്നും അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള സഹകരണത്തിനു് എനിക്കുള്ള കൃതജ്ഞത ഞാൻ ആദ്യമായി രേഖപ്പെടുത്തിക്കൊള്ളട്ടെ. ഇവിടെ ഈ ബില്ലിനെ സംബന്ധിച്ചു് സംസാരിച്ചപ്പോൾ ബില്ലിനെപ്പററി വിദഗ്ദ്ധോപദേശം കിട്ടിയിട്ടില്ല, എന്നുള്ള ആരോപണം ഇവിടെ ഉന്നയിക്ക ഉണ്ടായി. ഒരു കാര്യം നിയമസഭയെയും ബഹുമാനപ്പെട്ട ജനങ്ങളെയും അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ ബില്ലിനു് ഈ ഗവൺമെൻറിനു് കിട്ടാവുന്ന ഏററവും വിദഗ്ദ്ധമായ ഉപദേശം അഡ്വക്കേററ് ജനറലിൽ നിന്നും ലാ ഡിപ്പാർട്ടുമെൻറിൽ നിന്നും കിട്ടിയിട്ടുണ്ടു്. ഈ ബിൽ സെലക്ററ് കമ്മററിയ്ക്കു അയച്ച ആ കാലം മുതൽ പാസാകുന്ന ഇന്നത്തെ ഈ ദിവസംവരെ ബില്ലു് ഭരണഘടനാവിധേയമായി നല്ലതുപോലെ ഡ്രാഫ്ററ് ചെയ്തു ഒരു നല്ല ബില്ലാക്കാൻ ലാ സെക്രട്ടറിയും, ജായിൻറ സെക്രട്ടറിയും, ഡെപ്യൂട്ടി സെക്രട്ടറിയും എല്ലാം ഞാൻ ബുദ്ധിമുട്ടിയിട്ടുള്ളതുപോലെതന്നെ ബുദ്ധിമുട്ടിയിട്ടുണ്ടെന്നും എന്നും അവരുടെ സേവനം ലഭിച്ചുവെന്നും നിയമസഭയെ അറിയിക്കുകയും അവരുടെ സേവനത്തിനു് നന്ദി പറയുകയും ചെയ്യുന്നു. കരടു ബില്ലു തയ്യാറാക്കുന്ന കാലം മുതൽ ഇന്നുവരെ അവരുടെ ഉപദേശവും സഹകരണവും ലഭിച്ചിട്ടുണ്ടു്. ഇതു സംബന്ധിച്ചു് ഇക്കഴിഞ്ഞ രണ്ടു ദിവസത്തെ ചർച്ചകൾ നടന്നപ്പോൾ ഞാൻ ശ്രീ. കെ. ആർ നാരായണനോടു ചില ചോദ്യങ്ങൾ ചോദിച്ചതു് ഒരു നിരൂപണബുദ്ധിയോടുകൂടിയാണെന്നു് ശ്രീ. കെ. കെ. വിശ്വനാഥനും, ശ്രീ. കെ. എം. ജാർജ്ജും മററും പറയുകയുണ്ടായി. ശ്രീ. കെ. ആർ നാരായണൻ അദ്ദേഹം കൊണ്ടുവന്ന ഭേദഗതികളും കാൺഗ്രസ് ഭാഗത്തുനിന്നു് കൊണ്ടുവന്ന ഭേദഗതികളുമെല്ലാം ഈ നാട്ടിലെ കുടികിടപ്പുകാർക്കു് കൂടുതൽ ആനുകൂല്യം കിട്ടണമെന്നുള്ള നിലയിലായിരുന്നു എന്നു് പ്രസംഗിച്ചപ്പോൾ അതു ശരിയല്ലെന്നും തെളിവുകൾക്കു് വിരുദ്ധമാണെന്നും ഞാൻ പറഞ്ഞു. അതു് ശരിയല്ലെന്നു പറഞ്ഞതു് പ്രസംഗം കേട്ട ഓർമ്മയിൽ നിന്നു മാത്രമല്ല. എൻെറ മുമ്പിലുള്ള നിയമസഭയിലെ ചർച്ച സംബന്ധിച്ച നിയമസഭാസെക്രട്ടേറിയേററ തയ്യാറാക്കിയ സ്വിനാപ്സിസ് നോക്കിക്കൂടിയാണു്. ശ്രീ. കെ. എം. ജാർജ്ജും, അലക്സാണ്ടർ പറമ്പിത്തറയും, കെ. ആർ. നാരായണനും ഭേദഗതികൾ കൊണ്ടു വന്നതു് തീർച്ചയായും കുടികിടപ്പുകാർക്കു് കൂടുതൽ ആനുകൂല്യം കിട്ടത്തക്കവിധത്തിലല്ല. ശ്രീ. കെ. എം. ജാർജ്ജ കൊണ്ടുവന്ന ഭേദഗതി ഇതാണു്.

Clause 35 sub-clause 1(4). "Instead of the words "within one mile" substitute "within five miles"

കുടികിടപ്പുകാരനെ മാററിത്താമസിപ്പിക്കുമ്പോൾ അവക്കു സ്ഥലം കൊടുക്കുന്നതു് ഒരു മൈലിനകമെന്നുള്ളതു് 5 മൈലിനകമെന്നാക്കണമെന്നാണു്. അതു കുടികിടപ്പുകാരനു് അനുകൂലമല്ല അതു് അയാളുടെ തൊഴിലിനു് വിഘ്നം വരുത്തും. ശ്രീ. അലക്സാണ്ടർ പറമ്പിത്തറയുടെ ഭേദഗതി ഇതായിരുന്നു.

In clause 35, add another sub-item (v) to sub clause (i) add as follows;—

[ശ്രീമതി കെ. ആർ. ഗൗരി]

(v) that the kudikidappukaran commits waste or mischief in respect of the property in which the kudikidappu is situate"

വേസ്റ്റോ ഉണ്ടാക്കുകയാണെങ്കിൽ കുടികിടപ്പുകാരെ ഇറക്കണമെന്നാണ്. ഇതു് കുടികിടപ്പുകാരനെ ദ്രോഹിക്കാനാണ്. ശ്രീ. കെ. ആർ. നാരായണൻെറ ഭേദഗതി മേജർ മുനിസിപ്പാലിറ്റികളിൽ വൈക്കവും കൂടി ചേർക്കണമെന്നായിരുന്നു. ഈ ഭേദഗതി കൊണ്ടു മാത്രമല്ല, ശ്രീ. കെ. ആർ. നാരായണൻെറ പ്രസംഗവും കുടികിടപ്പുകാർക്കു കൂടുതൽ ആനുകൂല്യം കൊടുക്കുന്നതിനു് അനുകൂലമല്ലായിരുന്നു എന്നു മാത്രമല്ല, എതിരുമായിരുന്നു. തെളിവായി സിനോപ്സിസിലെ ഒരു ഭാഗം ഞാൻ വായിക്കുകയാണ്. ശ്രീ. കെ. ആർ. നാരായണൻെറ പ്രസംഗത്തിൻെറ ഒരു ഭാഗം ചുരുക്കിയെഴുതിയതു് ഞാൻ വായിക്കുന്നു.

"The member objected to the inclusion of the relative of the real Kudikidappukaran within the meaning of the term. That provision would certainly be creating loopholes in the enactment. He supported an amendment moved to add as one of the conditions for eviction, the wanton destruction by the Kudikidappukaran caused to the property.

അദ്ദേഹം ശ്രീ. പറമ്പിത്തറയുടെ ഭേദഗതിയെ അനുകൂലിച്ചതു് കുടികിടപ്പുകാരനെ ദ്രോഹിക്കാനാണ്. വേസ്റ്റിൻെറ വ്യാഖ്യാനം ഈ നാട്ടിൽ കോടതികൾ ചെയ്തിട്ടുള്ളതു് ഈ സഭയ്ക്കു അറിവുള്ളതാണ്. അങ്ങനെ കുടികിടപ്പുകാരനെ ഇറക്കിവിടണമെന്നു അദ്ദേഹം പ്രസംഗിച്ചു. അതു കഴിഞ്ഞു കുറെ എഴുത്തുകളും സമ്മർദ്ദങ്ങളുമെല്ലാം വന്നപ്പോൾ അദ്ദേഹം അതു പറഞ്ഞില്ലെന്നു നിയമസഭയിൽ തന്നെ പറഞ്ഞു അതു സ്വാഭാവികം മാത്രമാണ്. സന്ദർഭത്തിനനുസരിച്ചു് അങ്ങോട്ടുമിങ്ങോട്ടും ചേരുന്നതു് അദ്ദേഹത്തിനു് പുത്തരിയുമല്ല. പറഞ്ഞതു് തെറ്റാണെന്നും തോന്നി, പിന്നെ അതു് നിഷേധിച്ചതിൽ ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്. അതുകൊണ്ടു ഈ നിയമസഭയിലുള്ളവരെല്ലാം ഈ ബില്ലിനെതിരായിരുന്നുവെന്നോ ബില്ലു് നന്നാക്കുന്നതിനു ശ്രമിച്ചില്ലെന്നോ ഞാൻ പറയുന്നതായി പരിഗണിക്കരുതു്. ഈ നിയമസഭയുടെ എല്ലാ ഭാഗത്തുനിന്നും ഈ ബില്ലു പൂർവ്വാധികം നന്നാക്കാൻ ചെയ്തിട്ടുള്ള സേവനങ്ങൾക്കു് ഞാൻ കൃതജ്ഞത രേഖപ്പെടുത്തുകയാണ്.

പ്രതിപക്ഷത്തുനിന്നും ആരെങ്കിലും ഭേദഗതി കൊണ്ടുവരികയാണെങ്കിൽ മിനിസ്റ്റർ അതു സ്വന്തം ഭേദഗതിയാക്കുന്നതിനു് ഒരു ശ്രമം നടത്തുമെന്നു ഇവിടെ ഒരാരോപണം ഉണ്ടായി. പ്രതിപക്ഷത്തുനിന്നും കൊണ്ടുവന്ന ഭേദഗതികൾ നോക്കി ഞാൻ എൻെറ ഭേദഗതിയായി അയച്ചിട്ടുണ്ട്. കാരണം അതു് എൻെറതാക്കാനല്ല അതു ഭേദഗതി ബില്ലിൽ ചേർക്കേണ്ടതാണെന്ന നിർബ്ബന്ധം കൊണ്ടാണ്. ആ ഭേദഗതി അയച്ച മെമ്പർ സ്ഥലത്തില്ലെങ്കിൽ ആ ഭേദഗതി തന്നെ അവതരിപ്പിക്കാൻ കഴിയാതെ വരുമെന്നുള്ളതു കൊണ്ടാണ്. അങ്ങനെ ഒന്നുരണ്ടു പ്രാവശ്യം സംഭവിക്കുകയും ചെയ്തു. ശ്രീ. നാരായണക്കുറുപ്പിൻെറ ഒരു ഭേദഗതി ഞാൻ ഉൾക്കൊള്ളിച്ചില്ല. അദ്ദേഹം സഭയിൽ എപ്പോഴും കാണുമെന്നുള്ളതു കൊണ്ടാണ്. പക്ഷെ, ആ ഭേദഗതി എടുത്തപ്പോൾ അദ്ദേഹം സഭയിൽ ഇല്ലായിരുന്നു. ഭേദഗതി എൻെറതായി മൂവ് ചെയ്യാൻ സ്പീക്കർ അനുവദിച്ചില്ല. നമുക്കു അതു ചേർക്കാൻ സാധിച്ചില്ല. അതുപോലെ ശ്രീ. കെ. സി. എബ്രഹാം കൊണ്ടുവന്ന ഒരു ഭേദഗതി അവസാന നിമിഷം അദ്ദേഹം മൂവ് ചെയ്തില്ല. അതും ചേർക്കാൻ കഴിഞ്ഞില്ല. അതുപോലെ മേജർ മുനിസിപ്പാലിറ്റികളുടെ കൂട്ടത്തിൽ പാലക്കാട്ടു ചേർക്കാൻ സാധിച്ചില്ല. ആ നിലയിൽ ബില്ലിൽ ചേർക്കേണ്ട എല്ലാ ഭേദഗതികളും ചേർക്കുന്നതിനുള്ള ശ്രമം നടത്തിയിട്ടുണ്ട്. അതു വിട്ടുപോകാതിരിക്കാൻ ഞാൻ കരു

LIBRARY ARCHIVES Kerala Legislative Assembly

തൽ എടുത്തിരുന്നു. എന്റെ ചുമതല ഞാൻ നിറവേററുകയായിരുന്നു. ഭേദഗതി പ്രതിപക്ഷത്തുനിന്നു കൊണ്ടുവന്നോ ഈ ഭാഗത്തു നിന്നു കൊണ്ടുവന്നോ എന്നു നോക്കിയല്ല, ചെയ്തിട്ടുള്ളതു്. ബില്ലു് നന്നാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയായിരുന്നു. ഗവണ്മെൻറു് പറയുന്നതു മാത്രം ശരിയാണെന്നുള്ള വൈരാഗ്യത്തോടു നിന്നു എന്നുള്ളതല്ല പരമാർത്ഥം. സ്വീകരിക്കേണ്ടതെല്ലാം സ്വീകരിക്കുകയും സ്വീകരിക്കാൻ പാടില്ലാത്തതു് തള്ളുകയും ചെയ്തിട്ടുണ്ടു്. മൂന്നാം വായനയ്ക്കു മുമ്പു ഒരു ദിവസം ബിൽ ആകെ നോക്കുന്നതിനു് എനിക്കു സമയം തരണമെന്നു് ഞാൻ അങ്ങയോടു അഭ്യർത്ഥിച്ചതും ഈ ഉദ്ദേശത്തിലാണു്. എന്തെങ്കിലും ഒമിഷൻ വന്നിട്ടുണ്ടെങ്കിൽ അതിലേയ്ക്കു അവസാനമായി ചെയ്യേണ്ടതു് ചെയ്യുന്നതിനും അങ്ങനെ ബില്ലു് പൂർവ്വാധികം മെച്ചപ്പെടുത്തുവാൻ ചെയ്യാവുന്നതു ചെയ്യു നിയമസഭയോടും ജനങ്ങളോടും എന്റെ കടമ ചെയ്യുക എന്നുള്ളതു മാത്രമായിരുന്നു. എന്തെങ്കിലും ന്യൂനതകൾ ഈ ബില്ലിലുണ്ടെങ്കിൽ അതു പരിഹരിക്കുന്നതിനുള്ള സൗകര്യം ലഭിക്കണമെന്ന ഉദ്ദേശത്തോടുകൂടിയാണു് അങ്ങനെ ഞാൻ ആവശ്യപ്പെട്ടതു്.

ഞാനിപ്പോൾ കൊണ്ടുവന്നിരിക്കുന്ന ഭേദഗതികൾ കാൺസിക്കൊൻഷ്യലോ ഫാർമലോ ആയിട്ടുള്ള ഭേദഗതികളല്ലെന്നു പറഞ്ഞാൽ അതു ശരിയല്ല. ഉദാഹരണമായി ക്ലാസ്സ് 2 (29) ൽ കാണം ഡീഡിനെപ്പററി പറയുന്നുണ്ടു്. അതിനെ സംബന്ധിച്ചു് കൊണ്ടുവന്നിട്ടുള്ള ഭേദഗതി കാൺസിക്കൊൻഷ്യലായിട്ടുള്ളതാണു്. അതായതു് കാണത്തിന്റെ നിർവചനത്തിൽ മററു ടെനൻസീസ് ചേർക്കുകയും, കാണം തന്നെ ഡീഡു് പ്രകാരം മാത്രമല്ല ഡിക്രിയോ ആർഡർപ്രകാരമോ ഉണ്ടാകുമെന്നുള്ളതു കൊണ്ടുമാണു്. അതുപോലെ 76-ാം വകുപ്പനുസരിച്ചു് ഹൈക്കോടതിയ്ക്കു റിവിഷൻ അധികാരം കൊടുത്തിട്ടുണ്ടു്. അപ്പോൾ പേർസണാ ഡിസിഗ്നേററ എന്ന വാക്കു തെററാണു്. അതുകൊണ്ടാണു് ആ ഭേദഗതി അയച്ചിരിക്കുന്നതു്. അതു കാൺസിക്കൊൻഷ്യനാണു്. ബില്ലു നന്നാക്കുന്നതിനുവേണ്ടി ആവശ്യമെന്നു തോന്നുന്ന വ്യത്യാസങ്ങൾ വരുത്തേണ്ടിവരും. ചില ന്യൂനതകൾ പരിഹരിക്കുന്നതിനുവേണ്ടി വരുത്തീട്ടുള്ള മാററങ്ങളല്ലാതെ ബില്ലിന്റെ തത്വത്തിൽ യാതൊരു മാററവും വരുത്തിയിട്ടില്ല സർ, ഈ ഭേദഗതികളെല്ലാംതന്നെ അങ്ങയുടെ പരിശോധനയ്ക്കായി മുൻകൂട്ടി അയച്ചിരുന്നു. അങ്ങു നോക്കിയതിനു ശേഷമാണു് അനുവദിച്ചതു് എന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ. കെ. കെ. വിശ്വനാഥൻ : പറഞ്ഞ ഭേദഗതികൾക്കു വീണ്ടും ഭേദഗതികൾ കൊണ്ടുവന്നിരിക്കുന്നു, പിന്നെയും കൊണ്ടുവന്നിരിക്കുന്നുവെന്നു്; ഞാൻ അതു സമ്മതിക്കുന്നു. എന്നാൽ പല വിധത്തിലുള്ള സങ്കീർണ്ണപ്രശ്നങ്ങളാണു് നാം ഇതിൽ കൈകാര്യം ചെയ്യുന്നതു്. അതെല്ലാവരും സമ്മതിക്കും. വളരെയെല്ലാം നോക്കിയിട്ടാണു് ഈ ബില്ലു തന്നെ ഉണ്ടാക്കിയതു്. അതിനുശേഷം സെലക്ടു കമ്മിററി വേണ്ട തരത്തിൽ നോക്കിയിട്ടുണ്ടു്. ശ്രീ. എ. എ. റഹിം ഇവിടെ പറയുകയുണ്ടായി, സെലക്ടു കമ്മിററിയ്ക്കു ഈ ബില്ലിനെപ്പററി നോക്കാൻ സമയം കിട്ടിയിട്ടില്ലെന്നു്. ഞാൻ അതു സമ്മതിക്കുന്നില്ല. സെലക്ടു കമ്മിററി ഈ ബിൽ വേണ്ടപോലെ പരിശോധിച്ചു് നോക്കിയിട്ടുണ്ടു്. മൂന്നു നാലു പ്രാവശ്യം സെലക്ടു കമ്മിററി ഈ ബിൽ പരിശോധിച്ചു നോക്കിയതിനുശേഷമാണു് ഇവിടെ കൊണ്ടുവന്നതു്. സഭയിൽ ഉണ്ടായ ചർച്ചകളുടെ അടിസ്ഥാനത്തിലും മെമ്പറന്മാർ പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങളുടെ വെളിച്ചത്തിലും ഭരണഘടനാപരമായി അനുഷ്ഠിക്കേണ്ട തത്വങ്ങൾ സ്വീകരിച്ചും ചില ഭേദഗതികൾ വരുത്തിയിട്ടുണ്ടു്. ബഹുമാനപ്പെട്ട പ്രതിപക്ഷ അംഗങ്ങളിൽ ചിലർ കൊണ്ടുവന്നിട്ടുള്ള ഭേദഗതികളിൽ ചിലതു് അതേപടി അംഗീകരിച്ചിട്ടുണ്ടു്. ചിലതെല്ലാം മാറേറണ്ടതായി വന്നിട്ടുണ്ടു്. ഈ ബില്ലിലെ സങ്കീർണ്ണസ്വഭാവം വച്ചുകൊണ്ടു അതിന്റെ നടത്തിപ്പിനാവശ്യമാണെങ്കിൽ ഇനിയും ചില മാററങ്ങൾ വരുത്തേണ്ടതായി വന്നേയ്ക്കാം. അപ്പോൾ ഞാനതു മാററുകയില്ല എന്നു ശഠിക്കുന്നില്ല. കൂടുതൽ ജനങ്ങൾക്കു ഉപകാരം കിട്ടത്തക്കവിധത്തിൽ പ്രായോഗികമായി നടപ്പിൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആര്‍. ഗൗരി]

വരുത്തുമ്പോഴുള്ള ബുദ്ധിമുട്ടുകള്‍ മാററാനും ഒരു പക്ഷേ ബില്‍ പ്രവര്‍ത്തനമണ്ഡലത്തില്‍ വരുമ്പോള്‍ ഉള്ള ബുദ്ധിമുട്ടുകള്‍ മാററാനും ഭേദഗതി ആവശ്യമായേക്കാം. അതു് ഇതിന്റെ സങ്കീര്‍ണ്ണതകൊണ്ടാണു്, ഗവണ്മെന്റിന്റെ വീഴ്ചകൊണ്ടല്ല, സഭയുടെ വീഴ്ചകൊണ്ടല്ല.

സര്‍, ശ്രീ. ടി. എ. തൊമ്മന്‍, ശ്രീ. എം. നാരായണക്കുറുപ്പ്, ശ്രീ. ഇ. പി. പൗലോസ് മുതലായവരെല്ലാവരും ഈ നിയമത്തിന്റെ നിയമവശങ്ങള്‍ ശരിയാക്കുന്നതിനുവേണ്ടി വളരെയേറെ ശ്രമിച്ചിട്ടുണ്ടു്. ആ വിഷയത്തില്‍ അവരുടെ സഹകരണം വേണ്ടുവോളം എനിക്കു ലഭിച്ചിട്ടുണ്ടു്. ഞാന്‍ അവരോടു് കൃതജ്ഞത രേഖപ്പെടുത്തുന്നു. അങ്ങനെയുള്ള സഹകരണങ്ങളെല്ലാം ഉണ്ടായിരുന്നാലും ഇനിയും ചില പഴുതുകള്‍ ഈ നിയമത്തില്‍ കണ്ടേയ്ക്കാം. നടപ്പിലായി കഴിയുമ്പോള്‍ ചില ഭേദഗതികള്‍ ചെയ്യേണ്ടിവന്നാല്‍ അതു് ചെയ്യേണ്ടിവരും. ഈ ബില്‍ അങ്ങേയററം നന്നാക്കി തീര്‍ക്കുന്നതിനു് എല്ലാഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള സഹകരണങ്ങള്‍ക്കു ഞാന്‍ നന്ദി പറഞ്ഞുകൊള്ളുന്നു.

ഈ ബില്ലില്‍ ഗവണ്മെന്റിനു് ചില പ്രത്യേക അധികാരങ്ങള്‍ കൊടുക്കുന്ന വ്യവസ്ഥയുണ്ടു്. ആ അധികാരം ഈ ഗവണ്മെന്റു്, ഗവണ്മെന്റിന്റെ പാര്‍ട്ടിയ്ക്കു വേണ്ടി ഉപയോഗപ്പെടുത്തുന്നതിനായി വച്ചിട്ടുള്ളതാണെന്ന അഭിപ്രായം ഇവിടെ കേള്‍ക്കയുണ്ടായി. ഇവിടെ മാത്രമല്ല, സഭയ്ക്കു പുറത്തും അങ്ങനെ അഭിപ്രായമുള്ളതായി കേട്ടു. ഏതു നിയമമുണ്ടാക്കുമ്പോഴും ഈ മാതിരി ചില നിക്ഷിപ്താധികാരങ്ങള്‍ ഗവണ്മെന്റിനു് വയ്ക്കാറുണ്ടു്. മററു സംസ്ഥാനത്തുള്ള ബില്ലുകളിലും ഇതു കാണാം. ഇന്‍ഡ്യയുടെ മററു സംസ്ഥാനങ്ങളില്‍ ഈ മാതിരി നിയമങ്ങള്‍ ഉണ്ടാക്കിയപ്പോള്‍ ഗവണ്മെന്റിനു് ചില നിക്ഷിപ്താധികാരങ്ങള്‍ നല്‍കിയിട്ടുള്ള വകുപ്പുകള്‍ കാണാവുന്നതാണു്. നമ്മുടെ ബില്ലില്‍ ജനാധിപത്യപരമായ രീതിയില്‍ ഗവണ്മെന്റു് നോട്ടിഫിക്കേഷന്‍ പുറപ്പെടുവിച്ചാല്‍ പത്തുദിവസം അതു സംബന്ധിച്ചുള്ള ചട്ടങ്ങള്‍ നിയമസഭയില്‍ വയ്ക്കുക എന്നുള്ള നടപടിയാണു് ഇതില്‍ നാം സ്വീകരിച്ചിട്ടുള്ളതു്. മററു സംസ്ഥാനങ്ങളിലുള്ള നിയമങ്ങളില്‍ ഇതുപോലുമില്ല. ഒന്നു രണ്ടുദാഹരണങ്ങള്‍ ഞാന്‍ സഭയില്‍ വായിക്കാം. The Hyderabad Tenancy and Agricultural Lands Bill-ല്‍ ഫാമിലിഹോള്‍ഡിംഗ്സിനെപ്പററി പറയുന്നുണ്ടു്. ആ സന്ദര്‍ഭത്തില്‍ പ്രസ്തുത ബില്ലില്‍ പറഞ്ഞിരിക്കുന്നതു് ഇങ്ങനെയാണു്.

"Government may by Notification in the Jarida specify and delimit areas each of which shall constitute a local area for the purpose of this Chapter.

Subject to and in accordance with the provisions of this section the Government shall determine in the manner prescribed for all or any class of land in any local area, the area of a family holding which a family of five persons including the agriculturist himself, cultivates personally according to local conditions and practices and with such assistance as is customary in agricultural operations and which area will yield annually a produce the value of which, after deducting fifty per cent therefrom as cost of cultivation is Rs. 800 according to the price levels prevailing at the time of determination.

The Govennment shall determine the extend of land which shall be regarded as a family holding for each class in each kind of soil in all the local areas which may be determined for the state subject to the limits specified below, shall notify in the

LIBRARY ARCHIVES Kerala Legislative Assembly

Jarida the 'local areas' and the extents so determined not later than six months from the date on which the Hyderabad tenancy and Agricultural lands (Amendment) Act, 1954, comes into force and shall lay a copy of the Notification before the Legislative Assembly if it is in session, and if it is not in session when it next reassembles.

* * *

Provided that the Government may, by general or special order direct that the limits of the family holdings specified in this sub-section, shall for any local area be varied if the Government is satisfied that such variation is necessary or expedient for ensuring that the value of produce after deducting fifty per cent therefrom as cost of cultivation is Rs. 800.

ഇതിലും, ഇതിന്റെ ബാക്കിയുള്ള പല ഭാഗങ്ങളിലും ഗവണ്മെന്റിനു് പ്രത്യേകം ചില അധികാരങ്ങൾ കൊടുക്കുന്ന വകുപ്പുകൾ കാണാം. ഇതു പോലെ ബാംബെ ടെനൻസി ആക്റ്റു് നോക്കിയാൽ അതിലും കാണാം. ഉദാഹരണത്തിനു് ആ ആക്റ്റിൽ "ബാക്കു്വേഡു് ഏരിയാ" എന്നുള്ളതിന്റെ നിർവചനം ഞാനിവിടെ വായിക്കാം.

"Backward area" means any area declared by the State Government to be a backward area, being an area in which, in the opinion of the State Government, socially, economically and educationally backward classes of citizens predominate; and includes an area declared to be a scheduled area under paragraph 6 of the Fifth Schedule to the Constitution of India

ഇതിലെല്ലാം ചില അധികാരങ്ങൾ ഗവണ്മെന്റിനു് കൊടുത്തിരിക്കുകയാണു്. അതിൽത്തന്നെ വേറെയൊരു വകുപ്പിൽ,

> "Notwithstanding any law for the time being in force, usage or custom or the terms of contract or grant, when the State Government is satisfied that on account of the neglect of a landholder or disputes between him and his tenants, the cultivation of his estates has seriously suffered, or when it appears to the Government that it is necessary for the said purpose or for the purpose of ensuring the full and efficient use of land for agriculture to assume management of any landholder's estate, a notification announcing such intention shall be published in the official Gazette."

എന്നും പറയുന്നുണ്ടു്. ഏതെങ്കിലും വിധത്തിൽ ഭൂമിയുടെ മാനേജ്മെന്റു് ഏറ്റെടുക്കണമെന്നു് ഗവണ്മെന്റിനു് തോന്നുകയാണെങ്കിൽ ഗസററു് നോട്ടിഫിക്കേഷൻ മുഖാന്തിരം അങ്ങനെ ചെയ്യാമെന്നു പറഞ്ഞിരിക്കുകയാണു്. അതുപോലെ ബിഹാർ ലെജിസ്ലേഷനിൽ ഇന്റർമീഡിയറിസിന്റെ അവകാശം ഇല്ലാതാകുന്നതു് ഇതുപോലൊരു നോട്ടിഫിക്കേഷൻപ്രകാരമാണു്. ഞാനതു വായിക്കാം.

"Bihar Land Reforms Act."

(1) Without prejudice to the provisions in the last preceding section, the State Government may at any time, by notification, declare that the interests of all intermediaries in the whole State have passed to and become vested in the State.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

(2) It shall be lawful for the State Government if it thinks fit to issue from time to time a notification of the nature mentioned in sub-clause (1) in respect of the intermediary interest situate in a part of the State specified in the notification and on publication of such notification all intermediary interests situate in such part of the State shall have passed to and become vested in the state.

(3) The notification referred to in sub-section (i) or (ii) shall be published in the official Gazette.

ഇന്ന് നിലവിലിരിക്കുന്ന രണ്ടുമൂന്നു ആക്ടുകൾ ഞാൻ ഉദ്ധരിച്ചുവെന്നേയുള്ളു. ഈ മാതിരിയുള്ള ചില പ്രത്യേക അധികാരങ്ങൾ നിയമത്തിന്റെ നടത്തിപ്പിനുവേണ്ടി ഗവണ്മെന്റിന് കൊടുത്തിട്ടുണ്ടെന്നു കാണാം. ഈ അധികാരം ആ ഗവണ്മെന്റുകൾ ഗവണ്മെന്റിന്റെ പാർട്ടിക്കുവേണ്ടി ദുരുപയോഗപ്പെടുത്തുവാനാണ് എന്ന ആരോപണം ഞാൻ ഉന്നയിക്കുന്നില്ല. ആവശ്യമെന്നുകണ്ടാൽ ഉപയോഗിക്കേണ്ട അധികാരം നിക്ഷിപ്തമാക്കേണ്ടതിനാലാണ് ആ വകുപ്പുകൾ ഉൾക്കൊള്ളിച്ചത്. മററു സംസ്ഥാനനിയമങ്ങളിൽ നോട്ടിഫിക്കേഷൻ നിയമസഭയുടെ മുമ്പിൽ വയ്ക്കണമെന്നുപോലുമില്ല. നമ്മുടെ നിയമത്തിലാണെങ്കിൽ ഗസററ് നോട്ടിഫിക്കേഷൻ സഭയുടെ അംഗീകാരത്തിനുവേണ്ടി പത്തുദിവസം സഭയുടെ മുമ്പാകെ വയ്ക്കണമെന്നു പറഞ്ഞിട്ടുണ്ട്. അതേപ്പററി ചർച്ച ചെയ്തു തീരുമാനിക്കാം. എന്നിട്ടും ആ അധികാരം ഗവണ്മെന്റിന് ദുരുപയോഗപ്പെടുത്തുന്നതിനാണെന്നു പറയുന്നു. പണ്ടൊക്കെ, സവർണ്ണരെന്നും, അവർണ്ണരെന്നും രണ്ടു വിഭാഗക്കാരുണ്ടായിരുന്നല്ലോ. അതുപോലെ സവർണ്ണരാകുന്ന കാൺഗ്രസ്സ് ഭരിക്കുന്ന സംസ്ഥാനങ്ങളിൽ ഇത്തരം അധികാരങ്ങൾ ദുരുപയോഗപ്പെടുത്തുകയില്ല. നേരെ മറിച്ച് അവർണ്ണരാകുന്ന കമ്മ്യൂണിസ്ററുകാർ ഭരിക്കുകയാണെങ്കിൽ അധികാരം ദുരുപയോഗപ്പെടുത്തുമെന്ന് ആവർത്തിച്ചാവർത്തിച്ചു പറയുകയാണ്. കാൺഗ്രസ്സ് പറയുന്നത് സംസ്ഥാനഗവണ്മെന്റുകൾക്കുള്ള അധികാരം കാൺഗ്രസ്സിനാണെങ്കിൽ ഉപയോഗിക്കാം. കമ്മ്യൂണിസ്ററ് ഗവണ്മെന്റാണെങ്കിൽ പാടില്ല. സർ, കാൺഗ്രസ്സുകാരാണ് കക്ഷിപക്ഷപാതം കാണിക്കുന്നത്. സർ, ഇവിടെ എനിക്കു ഒന്നേ പറയുവാനുള്ളു. കണ്ണാടി എടുത്തു നോക്കിയാൽ കാണുന്ന രൂപം അവരവരുടേതാണ്. അതിൽ കാണുന്ന മുഖം അന്യന്റേതു് എന്നു കരുതി തുപ്പിയിട്ടു കാര്യമില്ല. അധികാരം ഗവണ്മെന്റിനു കൊടുക്കുമ്പോൾ കമ്മ്യൂണിസ്ററുകാർക്കുവേണ്ടി ഭൂമി കൊടുക്കുവാൻ ആ അധികാരം ദുരുപയോഗപ്പെടുത്തുമെന്ന വ്യാഖ്യാനം ഞാൻ നിഷേധിക്കുകയാണ്. നിയമം കൈകാര്യം ചെയ്യുമ്പോൾ യാതൊരു പാർട്ടി പരിഗണനയും ഉണ്ടാകുകയില്ല എന്നും, ബില്ലിന്റെ തത്വം ശരിയായി നടപ്പിലാക്കാൻ മാത്രമെ ഗവണ്മെന്റ് വിനിയോഗിക്കുകയുള്ളു എന്നും സഭയ്ക്കു ഉറപ്പുതരികയാണ്.

ലാൻഡു ട്രിബ്യൂണൽ ഉണ്ടാക്കുന്നതിനെ സംബന്ധിച്ചുള്ള വ്യവസ്ഥയെപ്പററിയുള്ള പര്യാലോചനയിലും, ഇങ്ങനെയൊരാരോപണം കൊണ്ടുവന്നു. ലാൻഡു ട്രിബ്യൂണൽ ഉണ്ടാക്കിയിരിക്കുന്നതു് കമ്മ്യൂണിസ്ററുകാർക്ക് കൊടുക്കാനാണെന്നു പറഞ്ഞു. ലാൻഡു ട്രിബ്യൂണലിന്റെ രചന നമുക്കു നോക്കാം. രണ്ടു മെമ്പറന്മാർ പഞ്ചായത്തു മെമ്പറന്മാർ തിരഞ്ഞെടുക്കുന്ന രണ്ടുപേരാണ്. ഒരുപക്ഷെ, വിമർശകർ ഇന്നു പഞ്ചായത്തിൽ കമ്മ്യൂണിസ്ററുകാർക്ക് ഭൂരിപക്ഷം കിട്ടും എന്നു ദീർഘദൃഷ്ടിയോടുകൂടി പറഞ്ഞതായിരിക്കുമോ എന്നെനിക്കറിവില്ല. പഞ്ചായത്തുകളിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന രണ്ടാളുകൾ കമ്മ്യൂണിസ്ററുകാരാകണമെന്നില്ല. ഭൂരിപക്ഷം മെമ്പറന്മാർ അങ്ങനെ തിരഞ്ഞെടുക്കുന്ന രണ്ടുപേർ ചേർന്ന് മൂന്നംഗമുള്ള ലാൻഡു ട്രിബ്യൂണലിൽ മെജോറിററി തീരുമാനിക്കുന്നതാണ് ന്യായം എന്നു പറഞ്ഞിരിക്കുകയാണ് ഇതു്

ഇന്നത്തെ ഗവൺമെന്റിന് എന്തെങ്കിലും ഇൻററസ്ററ ഉണ്ടായിട്ടില്ല. അതു പോലെ ലാൻഡുബോർഡിന്റെ ഘടനയെപ്പററിയും വിമർശനം ഉണ്ടായി. മഹത്തായ ഒരു കാര്യം നടപ്പിലാക്കുന്നതിനുവേണ്ടി ആവിഷ്ക്കരിച്ചിരുന്ന ബില്ല് ചെറിയ നിസ്സാരക്കാര്യങ്ങൾ ചൊല്ലി എതിർക്കുന്നതു ശരിയല്ല. കമ്മ്യൂണിസ്ററുകാർ അവരുടെ കൂടെ നടക്കുന്ന ആളുകൾക്ക് ഓരോരുത്തർക്കും ഭൂമി പതിച്ചുകൊടുക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ആ വ്യവസ്ഥ വച്ചിരിക്കുന്നതെന്നു പറഞ്ഞാൽ അതിനെന്തു മറുപടിയാണ് പറയേണ്ടതെന്ന് അറിവില്ല. കറാച്ചി മുതൽ നാഗപ്പൂർവരെയും, ആവടിമുതൽ ഇങ്ങോട്ടും കൊണ്ടു നടക്കുന്ന കാൺഗ്രസ്സിന്റെ കാർഷിക നയപരിപാടികളിലുൾപ്പെട്ട ഒന്നായിരിക്കുമോ ഈ വിധത്തിലുള്ള നിസ്സാര നിരൂപണങ്ങൾ എന്നും അറിഞ്ഞില്ല. ഇങ്ങനെ എല്ലാം പറയുന്നതു്, ഇത്ര മഹത്തായ ഒരു നിയമത്തെപ്പററിയാണെന്നുകൂടി ഓർമ്മിക്കുമ്പോൾ പുറമെ കറാച്ചി പ്രമേയത്തിലും, നാഗപ്പൂർ പ്രമേയത്തിലും മററും എന്തെല്ലാം പറഞ്ഞിരുന്നാലും ഈ ബില്ലിനോടുള്ള വിരോധംകൊണ്ടാണ് ഇതു പറയുന്നതെന്നു പറഞ്ഞാൽ അതിൽ പരിഭവിക്കേണ്ട കാര്യമില്ല. ഈ ബിൽ നടപ്പിൽവന്നുകാണ്മാൻ ഞാൻ മാത്രമല്ല, ശ്രീ. വിശ്വനാഥൻ ഉൾപ്പെടെ കാൺഗ്രസ്സിൽപ്പെട്ട പലയാളുകൾക്കും ആഗ്രഹമുണ്ടെന്ന് എനിക്കറിയാം. ഈ രാജ്യത്തുള്ള കൃഷിക്കാർ ഇതു പാസ്സാക്കുവാനും നടപ്പിൽ വന്നുകാണുവാനും വളരെ വിലകൊടുത്തവരാണ്. ശ്രീ. രാഘവമേനോനെപ്പോലെയോ, അല്ലെങ്കിൽ ശ്രീ. ഗോപിനാഥപിള്ളയെപ്പോലെയോ ഉള്ളവർക്ക് ഈ ബിൽ നടപ്പിൽ വരരുതെന്നു തീർച്ചയായ ആഗ്രഹമുണ്ടെങ്കിലും കാൺഗ്രസ്സിലെ പല മെമ്പറന്മാർക്കും അവരുടെ ആ വീറോടുകൂടി ഈ ബില്ലിനെ എതിർക്കാൻ സാദ്ധ്യമല്ല. കാൺഗ്രസ്സിനുത്തന്നെ പുരോഗതിക്കാർ ഇല്ലെന്നല്ലാ ഞാൻ പറയുന്നതു്.

പക്ഷെ ഒരു കാര്യം തീർത്തുപറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. കാക്കയും വന്നു മാമ്പഴവും വീണതല്ല ഈ ബില്ല്. കമ്മ്യൂണിസ്ററുകാർ ഈ രാജ്യം ഭരിക്കുന്നില്ലായിരുന്നെങ്കിൽ ഇപ്പോൾ ഇങ്ങനെയൊരു ബിൽ ഇവിടെ പാസ്സാക്കുവാൻ സാധിക്കുകയില്ലായിരുന്നു എന്ന് ഞാൻ ധൈര്യമായി പറയുകയാണ്. കമ്മ്യൂണിസ്ററ പാർട്ടിയല്ല, മറെറതെങ്കിലും ഒരു പാർട്ടിയാണ്, മറെറതെങ്കിലും ഗവൺമെന്റാണ് ഇവിടെ ഉണ്ടായിരുന്നതെങ്കിൽ ഇത്തരത്തിൽ ഒരു ബിൽ പാസ്സാക്കുവാൻ സാധിക്കുമായിരുന്നില്ല. അനുഭവത്തിൽകൂടി ഇതു പറയുകയാണ്. പി. എസ്സ്. പി. ഭരിച്ചിരുന്ന കാലത്തു് ഒരു ബിൽ ഇവിടെ കൊണ്ടുവന്നു. അസംബ്ലിയിൽ അവതരിപ്പിച്ചുകഴിഞ്ഞ ഉടനെ ആലപ്പുഴ കുഞ്ചുപിള്ളനഗറിൽവച്ച് അരക്ഷിതാവസ്ഥയുടെ പേരിൽ ആ ഗവൺമെന്റിനെ മാററുന്നതിനുവേണ്ടി പ്രമേയംവന്നു. അതുവരെ നിരാക്ഷേപമായി നൾകിയിരുന്ന പിൻതുണ പിൻവലിക്കപ്പെട്ടു. ശ്രീ. എ. എ. റഹീം മന്ത്രിയായിരുന്ന കാൺഗ്രസ്സ് ഭരണകാലത്തു് ഇതുപോലെ പി. എസ്സ്. പി. അവതരിപ്പിച്ച ബില്ല് സീലക്ററ്കമ്മിററിവരെ ആയപ്പോൾ ബില്ല് പാസ്സാകാതിരിക്കുവാൻ ഗവൺമെന്റ് അവനെ ഇല്ലാതാക്കി. ആ മന്ത്രിസഭ രാജിവയ്ക്കേണ്ടിവന്നതു് കമ്മ്യൂണിസ്ററുകാരുടെ എതിർപ്പുകൊണ്ടല്ല. ഇന്നു് മി. മന്നത്തു പത്മനാഭന്റെ വലംകയ്യായി നിൽക്കുന്ന മി. മക്കപ്പുഴ വാസുദേവൻനായരും മി. ചന്ദ്രശേഖരപി[illegible]യുമെല്ലാം കമ്മ്യൂണിസ്ററുകാരല്ല. കാൺഗ്രസ്സുകാരായിരുന്നു. അവരെല്ലാമായിരുന്നു അന്നത്തെ മന്ത്രിസഭയ്ക്കു് എതിരും—ബില്ല് പാസ്സാക്കാതിരിക്കുന്നതിനു് ശ്രമിച്ചവരും. കാൺഗ്രസ്സിനും പി. എസ്സ്. പി. ക്കും അവരുടെയി[illegible]യിൽത്തന്നെ ഉണ്ടായിട്ടുള്ള എതിർപ്പുകൊണ്ടു് സാധിക്കാൻ കഴിയാതിരുന്നതു് ഞങ്ങൾക്കു കഴിഞ്ഞു. ഞങ്ങളുടെയിടയ്ക്കിൽ യാതൊരു ഭിന്നിപ്പുമില്ലാ[illegible] പാർട്ടിയുടെ മുഴുവൻ ശക്തിയും നിലനിർത്തിക്കൊണ്ടുതന്നെ ഞങ്ങൾക്ക[illegible]. ഇതു് കമ്മ്യൂണിസ്ററ പാർട്ടിയുടെ നേട്ടമായി ഞാൻ [illegible]കയാണ്. ഈ പാർട്ടിയല്ലാതെ മറെറാരു പാർട്ടിക്കും നമ്മു[illegible]ത്തു് ഇതുപോലൊരു ബില്ല് പാസ്സാക്കുവാൻ സാധിക്കുകയുമില്ല. [illegible]ഇതുപോലൊരു ബില്ല് പാസ്സാകാൻ സഹായിക്കയും അതിനുവേണ്ടി ക്ലേശ[illegible] സഹിക്കയും വളരെപ്പേർ രക്തസാക്ഷികളാകുകയും ചെയ്ത കമ്മ്യൂണിസ്ററ പാർട്ടിയിൽ അംഗമായിരിക്കുന്നതു തന്നെ ഞാൻ ഒരു ബഹുമാനമായി കരുതുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

ഈ ബില്ലിനു കിട്ടേണ്ട സഹകരണം എവിടെനിന്നായാലും കിട്ടണമെന്നുള്ള ആഗ്രഹത്തോടുകൂടിയാണ് എതെല്ലാം പ്രകോപനങ്ങൾ ഉണ്ടായിട്ടും ഞാൻ മുഴുവൻ സഹിച്ചിവിടെ ഇരുന്നതു്. നമ്മുടെ നാട്ടിനു് ആവശ്യമുള്ള രീതിയിൽ ഈ ബിൽ ശരിയാക്കി എടുക്കുന്നതിനുവേണ്ടി ആരുടേയെല്ലാം സഹകരണം ഗവണ്മെൻറിനു് കിട്ടണമോ, അതു കിട്ടുന്നതിനുവേണ്ടിയാണു് ഗവണ്മെൻറു് അങ്ങനെ ശ്രമിച്ചതു്. ശ്രീ. ചാഴിക്കാടൻെറ പ്രസംഗം ഞാൻ അത്ര കാര്യമായി എടുക്കാറില്ല. അദ്ദേഹം സാധാരണ പല അർത്ഥത്തിലും, പലതും ഇവിടെ പറയാറുണ്ടു്. പക്ഷെ, സമുദായത്തിൻെറ പേരിൽ ഒരു കലാപം അഴിച്ചുവിട്ടിരിക്കുന്ന ഈ സന്ദർഭത്തിൽ ഈ ബിൽ കൊണ്ടുവന്നിരിക്കുന്നതു് നായന്മാരെ നശിപ്പിക്കാൻവേണ്ടിയാണെന്നും, കുറച്ചു ക്രിസ്ത്യാനികളെ നശിപ്പിക്കുവാൻവേണ്ടിയാണെന്നും, ഈഴവരെ സഹായിക്കുന്നതിനുവേണ്ടിയാണെന്നും അദ്ദേഹം ഈ നിയമസഭയിൽവച്ചു് പറഞ്ഞതു് വാസ്തവത്തിൽ സങ്കടകരമാണു്. ഇത്ര മഹത്തായ ബില്ലിനെപ്പററി അദ്ദേഹം ഇങ്ങനെ പറയേണ്ടതില്ലായിരുന്നു. ദേശീയപ്രസ്ഥാനത്തിനുവേണ്ടി മാത്രമല്ല, ഇവിടെ നടന്നിട്ടുള്ള എല്ലാ പ്രസ്ഥാനങ്ങളിലും ഈ രാജ്യത്തെ കർഷകരെ അണിനിരത്തുവാൻ സാധിച്ചിട്ടുള്ളതു് കർഷകരുടെ ചില അവകാശങ്ങൾ മുന്നിൽവച്ചു പ്രവർത്തിച്ചതുകൊണ്ടാണു്. ഈ നാട്ടിലെ കർഷകർ ദീർഘകാലമായി ആഗ്രഹിച്ചുകൊണ്ടിരിക്കുന്ന ഒരു കാര്യമാണു് ഇന്നു ഈ ബില്ലുകൊണ്ടു് സാധിച്ചിരിക്കുന്നതു്. കാൺഗ്രസ്സുകാർ പത്തുകൊല്ലം ഈ രാജ്യം ഭരിച്ചിട്ടും, ഇതു് നടപ്പിലാക്കുവാൻ സാധിക്കാഞ്ഞതുകൊണ്ടാണു് കഴിഞ്ഞ തിരഞ്ഞെടുപ്പിൽ കാൺഗ്രസ്സിനു കർഷകർ വോട്ടുചെയ്യാതിരുന്നതു്. പലസ്ഥലത്തും ഇതുപോലൊരു നിയമം കാൺഗ്രസ്സുകാർ പാസ്സാക്കിയിട്ടുണ്ടെങ്കിലും ഇവിടെ ഒരു നിയമം പാസ്സാക്കുവാൻ കാൺഗ്രസ്സിനു കഴിഞ്ഞിട്ടില്ല. കാൺഗ്രസ്സിൻെറ അകത്തു് സ്വാധീനശക്തിയുള്ള ആളുകൾ ഇങ്ങനെയൊരു ബിൽ പാസ്സാക്കുന്നതിനു എതിരായിരുന്നു. അതുകൊണ്ടാണു അവർക്കു നിയമം പാസ്സാക്കുവാൻ കഴിയാതെപോയതു്. കാൺഗ്രസ്സിനെ അധികാരത്തിൽനിന്നും പുറംതള്ളിയതു ഇങ്ങനെയൊരു നിയമം പാസ്സാക്കാഞ്ഞതിൻെറ പേരിലാണു്. സ്ഥാപിതതാല്പര്യക്കാരുടെ കയ്യിൽനിന്നുംപോയ അധികാരം വീണ്ടെടുക്കുന്നതിനുവേണ്ടി പല അടവുകളും അവർ പ്രയോഗിക്കാറുണ്ടു്. അതിലൊന്നാണു് ഇവിടെ അഴിച്ചുവിട്ടിരിക്കുന്ന വർഗ്ഗീയകലാപം. ഈ ബിൽ നായന്മാർക്കു് എതിരാണെന്നു പറഞ്ഞു. സർ, എത്ര നായർക്കു് എതിരാണു്? എത്ര ക്രിസ്ത്യാനിക്കു് എതിരാണു്? ജനസംഖ്യയെടുത്തു് നോക്കിതട്ടിച്ചാൽ ഇതിൻെറ കള്ളി പുറത്തുവരും. കയ്യിലിരിക്കുന്ന അധികാരങ്ങളും അവകാശങ്ങളും പോകുമ്പോൾ പലരും ഇതുപറയും. ഇതു് പള്ളി നശിപ്പിക്കാനാണെന്നു പറയുന്നില്ലേ. അർത്ഥമില്ലാത്ത വാക്കുകളാണു്. ഈ നാട്ടിലെ കൃഷിക്കാരൻ ഇതിനെല്ലാം മറുപടി കൊടുത്തുകൊള്ളുമെന്നതു് എനിക്കു തീർച്ചയാണു്. ഇതെല്ലാം പറഞ്ഞു് ഈ ബിൽ നടപ്പിലാക്കാതിരിക്കുന്നതിനുവേണ്ടി പ്രവർത്തിക്കുന്ന മന്നത്തു പത്മനാഭനെ മി. റഹീമിനെപ്പോലുള്ള കാൺഗ്രസ്സ് നേതാക്കൾ വിമോചനനേതാവായി അംഗീകരിക്കുമ്പോൾ കാൺഗ്രസ്സിൻെറ ഗതികേടു് എന്തായിരിക്കും എന്നുള്ളതു് കണക്കിലെടുക്കാവുന്നതാണു്. മന്നത്തു പത്മനാഭൻ ആദ്യം സംവരണത്തെ എതിർത്തു. പിന്നീടു ബില്ലിനെ എതിർത്തു. അതിനുശേഷം ഗവണ്മെൻറിനെ എതിർത്തിരിക്കുകയാണു്. ഇങ്ങനെ ഗവണ്മെൻറിൻെറ നേരെ സമരത്തിനിറങ്ങിയിരിക്കുന്ന മന്നത്തു പത്മനാഭനു് ഇവിടത്തെ കാൺഗ്രസ്സ് കൂട്ടു നിൽക്കുകയാണു്. ഗവണ്മെൻറിൻെറ നേരെ സമരത്തിനി[illegible]യിരിക്കുന്ന മന്നത്തു പത്മനാഭനെ വിമോചനനേതാവു് എന്നൊക്കെ [illegible]് കാൺഗ്രസ്സാണു്. അപ്പോൾ കാൺഗ്രസ്സ് ഈ ബില്ലിനെതിരാണു് [illegible]ം ചീഫ് മിനിസ്റ്റർ സംസാരിച്ചെങ്കിൽ തെററന്താണു്? എന്നാൽ [illegible]ൺഗ്രസ്സുകാരും ആണെന്നു ഞാൻ പറയുന്നില്ല. കാൺഗ്രസ്സ് പാർട്ടിയി[illegible]ലയാളുകളും ഈ ബില്ലു് നടപ്പിലാകരുതെന്നു ആഗ്രഹിക്കുന്നവരാണ്[illegible] എന്നാൽ ചില നല്ല കാൺഗ്രസ്സുകാർ ഈ ബിൽ നടപ്പിലാക്കുന്നതിനു് അ[illegible]കൂലികളാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. വിശ്വനാഥൻ: നല്ല കമ്മ്യൂണിസ്റ്റുകാർ കമ്മ്യൂണിസ്റ്റ് ഗവണ്മെന്റ് രാജിവയ്ക്കണമെന്നു പറയുന്നതും ഞങ്ങൾ അറിയുന്നുണ്ടു്.

ശ്രീമതി കെ. ആർ. ഗൗരി: അങ്ങനെയുള്ള കമ്മ്യൂണിസ്റ്റുകാർ ഞങ്ങളുടെ പാർട്ടിയിലുണ്ടെങ്കിൽ അവരെ ഈ രാജ്യത്തെ ജനങ്ങളുടെ ശത്രുവായി ഞങ്ങൾ കണക്കാക്കും. പാർട്ടിയിൽനിന്നും പുറത്തു കളയുകയും ചെയ്യും. കാൺഗ്രസ്സുകാരനായ നിങ്ങൾക്കു് നടപ്പിലാക്കുവാൻ സാധിക്കാത്തതു് ഞങ്ങൾക്കു് സാധിച്ചു എന്നു ഞാൻ അവകാശപ്പെടുകയാണു്.

ശ്രീ. കെ. കെ. വിശ്വനാഥൻ: അതുകൊണ്ടാണു് ശ്രീ. സി. എച്ച്. കണാരൻ തനിച്ചു് വോട്ടു ചെയ്തതു്.

ശ്രീമതി കെ. ആർ. ഗൗരി: പാർട്ടിയുടെ തീരുമാനത്തിനെതിരായി കണാരൻ ഒരു നിലയെടുക്കുകയാണെങ്കിൽ അതിനെടുക്കുവാനുള്ള നടപടികൾ വേറെയുണ്ടു്.

ശ്രീ. കെ. കെ. വിശ്വനാഥൻ: സിലക്ട് കമ്മിററിയിൽ കോറമില്ലാതെ വരുന്നതിനുവേണ്ടി, കമ്മ്യൂണിസ്റ്റ് പാർട്ടിയിൽപ്പെട്ട ചില മെമ്പറന്മാർ കമ്മിററിയിൽ ഹാജരാകാതിരുന്നുവെന്നു ശ്രീ. പട്ടം താണുപിള്ള ഇവിടെ പറഞ്ഞിട്ടുള്ളതായി അറിയാമോ?

ശ്രീമതി കെ. ആർ. ഗൗരി: ശ്രീ. പട്ടം താണുപിള്ള പലതും പറഞ്ഞിട്ടുണ്ടു്. സിലക്ട് കമ്മിററിയിലെ രഹസ്യങ്ങൾ പുറത്തു പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല.

ശ്രീ. എ. എ. റഹിം: 1960-നുമുമ്പു് ഈ നിയമം നടപ്പിലാക്കണമെന്നുള്ള കാര്യത്തിൽ കാൺഗ്രസ്സിനു നിർബന്ധമുണ്ടു്.

ശ്രീമതി കെ. ആർ. ഗൗരി: നിങ്ങളുടെ കൂട്ടത്തിൽ ചിലയാളുകൾ ഈ ബില്ലിനെതിരാണെന്നു ഞാൻ പറയുകയാണു്. മി. രാഘവമേനോൻ ഈ ബില്ലിനു് അനുകൂലിയാണെന്നു് നിങ്ങൾ പറയുമോ? Delete clause 1—87 എന്ന ഭേദഗതി കൊടുത്ത ഗോപിനാഥപിള്ള അനുകൂലമാണോ?

ശ്രീ. ആർ. രാഘവമേനോൻ: ഞാൻ ഈ ബില്ലിനു മുഴുക്കെ എതിരല്ല. ഒന്നുരണ്ടു ക്ലാസ്സുകൾകൂടി ഇതിൽ വേണമെന്നു ഞാൻ പറയുകയാണു്. അതു് പതിനഞ്ചു കൊല്ലമായിട്ടു ഞാൻ പറഞ്ഞുവരികയാണു്.

ശ്രീമതി. കെ. ആർ. ഗൗരി: അദ്ദേഹത്തിനുതന്നെ ഒടുവിൽ മാനസാന്തരം വന്നതുകൊണ്ടു് ഈ ബിൽ ശരിയായി നടപ്പിലാകുമെന്നു് ഞാൻ പൂർണ്ണമായി വിശ്വസിക്കുകയാണു്.

ഈ ബില്ലിൽ ഉൾക്കൊള്ളുന്ന ചില വ്യവസ്ഥകൾ ഈ നാട്ടിൽ മതസ്ഥാപനങ്ങൾ നിലനിൽക്കുന്നതിനു് എതിരാണെന്നു് ഇവിടെ പറയുകയുണ്ടായി. മതസ്ഥാപനങ്ങളെ സംബന്ധിച്ച വ്യവസ്ഥകളെ കാൺഗ്രസ്സ് പാർട്ടിയും, പി. എസ്സ്. പി. യും ആരും എതിർക്കുമെന്നു് എനിക്കു തോന്നുന്നില്ല. മതസ്ഥാപനങ്ങളുടെ കീഴിലുള്ള കുടിയാന്മാർക്കു് പരിധിവരെയുള്ള ഭൂമി വിലക്കു വാങ്ങുവാൻ അവകാശം കൊടുത്തിട്ടുള്ളതാണു് ഒന്നു്. ആ വ്യവസ്ഥയെ ആരും എതിർക്കുമെന്നു് തോന്നുന്നില്ല. ബില്ലിൽ ഇന്നുള്ള വ്യവസ്ഥകളുടെ ഫലമായി മതസ്ഥാപനങ്ങളുടേയും, വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും, ധർമ്മസ്ഥാപനങ്ങളുടേയും പ്രവർത്തനങ്ങൾ മന്ദീഭവിച്ചുപോകുവാൻ ഇടയുണ്ടെന്നും, അതു് കരുതിക്കൂട്ടി ചെയ്തിരിക്കുകയാണെന്നും ഇവിടെ പറയുകയുണ്ടായി. മതസ്ഥാപനങ്ങൾക്കു് പരിധി നിർണ്ണയിച്ചിരിക്കുന്നതു് ഇപ്രകാരമാണു്. ഇന്നു് അവയുടെ കൈവശം എത്ര ഭൂമിയുണ്ടെങ്കിലും അതു് വച്ചുകൊണ്ടിരിക്കാൻ അനുവദിക്കും. ഇന്നുള്ള ഭൂമിക്കു് പരിധി ബാധകമല്ല. ആവക സ്ഥാപനങ്ങളിൽ മേലിലുണ്ടാകുന്ന അക്വിസിഷനെപ്പററി മാത്രമാണു് ഈ ബില്ലിലെ പരിധി ബാധകമായിരിക്കുന്നതു്. അവർക്കു് ഇപ്പോൾ കിട്ടിവരുന്ന സംഖ്യയിൽനിന്നു് ഈ സ്ഥാപനങ്ങളുടെ കാര്യം ഒരു മുടക്കവുംകൂടാതെ നടത്തുവാൻ സൗകര്യം ചെയ്തുകൊടുത്തിട്ടുണ്ടു്. മതസ്ഥാപനങ്ങൾ നശിച്ചുപോകാതിരിക്കുന്നതിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

യാണ് ചില വ്യവസ്ഥകൾ ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതെന്നു പ്രത്യേകം ഓർക്കേണ്ടതുണ്ട്. അതുകൊണ്ട് മതസ്ഥാപനങ്ങൾക്ക് ഒരിക്കലും എതിരല്ല ഈ ബിൽ എന്നുള്ളതു് തെററിദ്ധാരണ നീക്കാൻ ഞാൻ പ്രസ്താവിക്കുകയാണ്.

ഈ ബില്ലിനെപ്പററി ഇവിടെ നടന്ന പ്രസംഗങ്ങൾ കേട്ടപ്പോൾ ഇനിയും പലർക്കും ചില വകുപ്പുകളെ സംബന്ധിച്ച് സംശയങ്ങൾ ഉണ്ടെന്നുതോന്നും. ശ്രീ. വയലാ ഇടിക്കുളവരെയുള്ള ചില ആളുകൾ ചില പാട്ടുകൾ ഇവിടെ പാടി "നമ്മൾകൊയ്യും വയലെല്ലാം, നമ്മുടേതാകും പൈങ്കിളിയേ" എന്നായിരുന്നു അദ്ദേഹത്തിന്റെ ഈരടി. ഈ വാക്ക സാഫലമായില്ലാ എന്നു പറഞ്ഞ അദ്ദേഹം ബില്ലിലെ എല്ലാ വകുപ്പുകളും പരിശോധിച്ചുകാണാൻ ഇടയില്ല. പക്ഷെ, മി. വിശ്വനാഥൻ ആ പാട്ടിലെ അന്വർത്ഥം സഫലീകരിച്ചു എന്നു പറഞ്ഞതു ശരിയല്ല. ഈ ബില്ലിന്റെ ചർച്ചയിൽ സജീവമായി പങ്കെടുത്ത ആളാണ് അദ്ദേഹം. ഇതു നടന്നു കാണണമെന്ന് ആഗ്രഹിക്കുന്ന ഒരാളായിട്ടാണ് ഞാൻ അദ്ദേഹത്തെ കണക്കിലെടുത്തിരിക്കുന്നതു്. ഇതിന്റെ അർത്ഥം കൃഷിക്കാരെ സംബന്ധിച്ച് നൂറു ശതമാനവും ശരിയായിരിക്കുകയാണ്. കൃഷിക്കാരനായ കുടിയാൻ കൃഷി ചെയ്യുന്ന വയൽ വാങ്ങുന്നതിനുള്ള വ്യവസ്ഥയെ ഇതിലുള്ളൂ, കൃഷിക്കാരന്റേതാകും വയലുകൾ.

ശ്രീ. കെ. കെ. വിശ്വനാഥൻ: ഞങ്ങളുടെ വയലെല്ലാം ഞങ്ങളുടേതാകും എന്നു പറയുന്നതു് കർഷകത്തൊഴിലാളികളെ ഉദ്ദേശിച്ചാണ്. അവർ കൃഷി ചെയ്തിരുന്ന ഭൂമി അവരുടേതാകും എന്നാണ് പറഞ്ഞതു്.

ശ്രീമതി കെ. ആർ. ഗൗരി: കർഷകരെ സംബന്ധിച്ചിടത്തോളം അവരിൽ നൂറു ശതമാനത്തിനും ഭൂമി വാങ്ങിക്കാം.

ശ്രീ. ടി. എ. തൊമ്മൻ: സർ, ഏതു സമയംവരെ ഇരിക്കുമെന്ന് അറിഞ്ഞാൽകൊള്ളാം.

ശ്രീമതി കെ. ആർ. ഗൗരി: സർ, 15 മിനിട്ടുകൂടി എനിക്കുവേണം. കർഷകത്തൊഴിലാളികളുടെ കാര്യത്തിൽ ബാക്കിയുള്ള ഭൂമിയാണ് ഉദ്ദേശിച്ചിരിക്കുന്നതു്. ബാക്കിവരുന്ന ഭൂമി കർഷകത്തൊഴിലാളികൾക്കല്ലാതെ പിന്നെയാർക്കാണ് അസൈൻ ചെയ്തുകൊടുക്കുന്നതു്. മിച്ചഭൂമി കുടികിടപ്പുകാർക്ക് കൊടുത്തുകഴിഞ്ഞതിനുശേഷം ബാക്കിയുള്ളതു് കർഷകത്തൊഴിലാളികൾക്ക് കൊടുക്കുന്നതാണ്. ഈ രാജ്യത്തെ കർഷകത്തൊഴിലാളികളാണ് വാസ്തവത്തിൽ കുടികിടപ്പുകാർ. മിച്ചംവരുന്ന ഭൂമി അവർക്ക് കൊടുക്കണമെന്നുള്ള നിലയിലാണ് ബില്ലിലെവ്യവസ്ഥ. കുടികിടപ്പുകാരനായ കർഷകത്തൊഴിലാളിക്ക് ആദ്യപരിഗണന. ബാക്കിയുള്ള ഭൂമിയിൽ 50 ശതമാനവും കർഷകത്തൊഴിലാളിക്ക്. ഇങ്ങനെയാണ് അസൈൻമെൻറിന്റെ പ്രയോറിട്ടി പോകുന്നതു്. നമ്മുടെ സീലിംഗിനു് എടുത്ത ഫാമിലി ഡെഫനിഷൻ മിച്ചഭൂമി കുറച്ചിട്ടുണ്ട്. പക്ഷെ കിട്ടുന്ന ഭൂമി, ഭൂമിയില്ലാതെ ഉപജീവനം കഴിയുന്ന കർഷകത്തൊഴിലാളിക്ക് കൊടുക്കുമെന്ന വ്യവസ്ഥ ചേർത്തിട്ടുണ്ട്.

അതുപോലെ ഏററവും വലിയ വേറൊരു ആരോപണം കൊണ്ടുവന്നതു് നാഗപ്പൂർ പ്രമേയത്തിന്റെ അടിസ്ഥാനത്തിലാണ്. നാഗപ്പൂർ പ്രമേയത്തെ കമ്മ്യൂണിസ്റ്റുകാർ സ്വാഗതം ചെയ്യുകയും, അതു അവിടെ നടപ്പിലാക്കണമെന്ന് ആഗ്രഹിക്കുകയും ചെയ്തിട്ട് കോവാപ്പറേററീവ് സൊസൈററികൾക്ക് മിച്ചഭൂമി കൊടുക്കുന്നതിനെ എതിർക്കുകയാണെന്ന് പറയുകയുണ്ടായി. നാഗപ്പൂർ പ്രമേയം മുഴുവൻ കമ്മ്യൂണിസ്റ്റുപാർട്ടി അനുകൂലിക്കുന്നുവെന്നു ഞാൻ പറയുന്നില്ല. അതിന്റെ നല്ലവശങ്ങൾ അനുകൂലിക്കുന്നു. ആ പ്രമേയം നമ്മുടെ നാട്ടിൽ എങ്ങനെ നടപ്പിലാക്കാം, എന്നുള്ളതിനെക്കുറിച്ച് ഗവൺമെൻറ് ആലോചിച്ചാണ് കോവാപ്പറേററീവ് സ്കീം നടപ്പിലാക്കുന്നതിനു് വകുപ്പുണ്ടാക്കിയതു്. കായൽനിലവും, കോൾനിലവും 20 ഏക്കർ കൂടുതലുണ്ടെങ്കിൽ അതു് കോവാപ്പറേററീവ് സൊസൈററികൾക്ക് കൊടുക്കണമെന്നു് മി. ശ്രീധർ പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ നമ്മൾ അംഗീകരിച്ചിരിക്കുന്ന ക്ലാസിൽ കോൾനിലവും, കായലും, അതിന്റെ വിസ്തീർണ്ണംപോലും നോക്കാതെ കോവാപ്പറേറ്റിവിന് പതിച്ചുകൊടുക്കുക എന്ന വ്യവസ്ഥ ചെയ്തിരിക്കുകയാണ്. കോവാപ്പറേറ്റീവ് സ്ക്കീമിന് അതുകൊണ്ട് എങ്ങനെ എതിരാകാനാണ്.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഈ കോൾനിലവും, കായൽനിലവും 20 ഏക്കറില്ലെങ്കിലും സഹകരണാടിസ്ഥാനത്തിൽ കൃഷി ചെയ്യാൻ കൊടുക്കമെന്നാണ് പറഞ്ഞത്.

ശ്രീമതി കെ. ആർ. ഗൗരി: അങ്ങനെയാണ് അതു നാം അംഗീകരിച്ചതു്. പിന്നെ മിച്ചഭൂമി തുണ്ടുതുണ്ടായിട്ടാണ് നമ്മുടെ നാട്ടിൽ ലഭിക്കുവാൻ പോകുന്നതു്. നമ്മുടെ നാട്ടിന്റെ പരിതസ്ഥിതി വച്ചുകൊണ്ടാണ്, ഞാൻ പറഞ്ഞതു്. അങ്ങനെ അങ്ങുമിങ്ങുമായി തുണ്ടുതുണ്ടായി ലഭിക്കുന്ന ഭൂമികൾ കോവാപ്പറേറ്റീവ് അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് കൃഷി ചെയ്യാൻ എങ്ങനെ സാദ്ധ്യമാകും എന്നു നാം ആലോചിക്കണം. അതുമാത്രമല്ല, അങ്ങനെ കോവാപ്പറേറ്റീവ് അടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിനുവേണ്ടിയുള്ള താല്പര്യം കിസാൻസംഘടനയിൽനിന്നും, കർഷക സംഘടനയിൽനിന്നും ഉണ്ടായിവരേണ്ടതാണ്. അല്ലാതെ നിയമപ്രകാരം അവരെ അതിൽ നിർബന്ധിക്കുകയല്ലാ വേണ്ടതെന്നുള്ളതാണ് ഗവണ്മെന്റിന്റെ അഭിപ്രായം. ഈ കോവാപ്പറേറ്റീവ് അടിസ്ഥാനത്തിൽ കൃഷി നടത്തണമെന്നുള്ളതു് നാഗപ്പൂർ സമ്മേളനത്തിൽ പാസ്സാക്കിയ പ്രമേയമനുസരിച്ചാണ്.

സർ, അതോടൊപ്പംതന്നെ ഈ ബില്ലിനെക്കുറിച്ച് ആ ഭാഗത്തുനിന്നും പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങളെപ്പറ്റി കൂടുതലായിട്ട് ഒന്നും ഞാൻ പറയുന്നില്ല. പലരും വച്ചുപാതിയെ സംബന്ധിച്ചും മററും ഇവിടെ പറഞ്ഞു. ഇങ്ങനെ പല വ്യവസ്ഥകൾ സംബന്ധിച്ചും കൊണ്ടുവന്നിട്ടുള്ള ഭേദഗതികൾ ഗവണ്മെന്റിന് സ്വീകരിക്കാവുന്നതു് സ്വീകരിച്ചു. നിവൃത്തിയില്ലാത്തതു തള്ളിക്കളഞ്ഞു. വളരെ ഭേദഗതികൾ അംഗീകരിച്ചിട്ടുണ്ട്. പല ഭേദഗതികളുടെയും സ്പിരിററ് അംഗീകരിച്ച് പുതിയതായി കൊണ്ടുവന്നു. ഈ ബില്ല് ഒരു നല്ല ബില്ലാക്കുവാൻ എന്നാൽ കഴിവതു് ഞാൻ ശ്രമിച്ചിട്ടുണ്ട്. പ്രതിപക്ഷ പാർട്ടികളായ കാൺഗ്രസ്സ്, പി. എസ്. പി.; മുസ്ലീംലീഗ് എന്നീ പാർട്ടികളിൽ പല മെമ്പറന്മാരും ഈ ബില്ല് നല്ലതാക്കാൻ അവരുടെ കഴിവുകൾ സംഭാവന ചെയ്തിട്ടുണ്ട്. അവരുടെ സഹകരണത്തിന് ഒന്നുകൂടി ഞാൻ നന്ദി രേഖപ്പെടുത്തുകയാണ്. പ്രതിപക്ഷപാർട്ടികളുടേയും ബഹുജനങ്ങളുടേയും ഇന്നുവരെയുണ്ടായിട്ടുള്ള സഹകരണം ഈ ബിൽ നടപ്പിലാക്കുന്നതിനും ഉണ്ടാകുമെന്നു ഞാൻ പ്രതീക്ഷിക്കുകയാണ്. ഇതു് നടപ്പിലാക്കുന്ന അവസരത്തിലും അവ ഗവണ്മെൻറ് വിലമതിക്കുന്നതാണ്. മഹത്തായ ഈ ബില്ല് പാർട്ടിതാല്പര്യത്തിനായി ഉപയോഗിക്കും എന്ന് ആരെങ്കിലും വിചാരിക്കുന്നുണ്ടെങ്കിൽ അതു തെററാണെന്ന് ഒന്നുകൂടി ഞാൻ ആവർത്തിക്കുകയാണ്. ഈ ബില്ല് ഇന്നു പാസ്സാകുന്നതേയുള്ളു. ഈ ബില്ലിനു് പ്രസിഡൻറിന്റെ അനുമതി വേഗം കിട്ടുന്നതിനുവേണ്ടി എല്ലാ വിഭാഗക്കാരുടെയും സഹകരണം ഞാൻ അഭ്യർത്ഥിക്കുകയാണ് ഈ ബില്ലിന്റെ എല്ലാപതനത്തിലും എന്നേയും, ഗവണ്മെൻറിനേയും സഹായിക്കുന്ന എല്ലാ സാമാജികന്മാരോടും, ഉദ്യോഗസ്ഥന്മാരോടും ഞാൻ ഒരിക്കൽകൂടി നന്ദി പറയുകയാണ്. ഈ ഭാരിച്ച ചുമതല, വളരെ ക്ഷമയോടും, കാര്യക്ഷമതയോടുംകൂടി നടത്തിത്തന്നതിൽ സർ, അങ്ങയോടും ഞാൻ ഒരിക്കൽകൂടി നന്ദി രേഖപ്പെടുത്തുകയാണ്. മഹത്തായ ഈ കൃത്യത്തിന്റെ ഒരു ഭാഗംമാത്രമേ നാം ചെയ്തിട്ടുള്ളു. ഈ ബിൽ നടപ്പിലാക്കേണ്ട ചുമതല നമുക്കെല്ലാക്കും ഉള്ളതാണ്. ഈ ബില്ലിന്റെ വിജയം നടത്തിപ്പിലാണ്. ഈ നാട്ടിലെ കൃഷിക്കാരോടു് നാം ചെയ്തിരിക്കുന്ന പ്രതിജ്ഞ നമ്മുടെ ദേശീയ സമരത്തിലും, അതിനുശേഷവും കൃഷിക്കാർക്കുവേണ്ടി ജീവാർപ്പണം ചെയ്ത രക്തസാക്ഷികളുടെ ആ മഹത്തായ ആജ്ഞ നിറവേററുന്നതിനുള്ള ശക്തി ഈ നാട്ടിലെ എല്ലാ നല്ലയാളുകളിൽനിന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്. എന്റെ കൃത്യം നിറവേററുന്നതിന് സഹായിച്ച എല്ലാവർക്കും, ഒന്നുകൂടി കൃതജ്ഞത രേഖപ്പെടുത്തിക്കൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: Now you may move your amendments one by one,

Shri E. P. Poulose: Sir, before that I just wish to state something only generally in regard to these amendments.

My point of order still remains, Sir. I think I need not raise it at every stage. If these amendments are merely formal and verbal, Mr. Speaker, Sir, you can do that after the Bill is passed. But if they are of a substantial nature, this Assembly is not competent to go through the amendments at this stage. I want to bring it to your notice,

ശ്രീമതി കെ. ആർ. ഗൗരി: ഈ ഭേദഗതികൾ സംബന്ധിച്ച്..................

Mr. Speaker: Please wait. I am surprised at Shri E. P. Poulose having raised that for ever so many reasons, which I do not want to discuss now. But, then, the point of order raised revolves upon whether the amendments moved by the hon. Minister can be brought within the scope of sub-rule (4) of Rule 100. Rule 100 relates to the final passing of Bills. What has to be done and can be done is stated there. In that rule it is definitely stated "to such a motion (i.e. motion regarding the final passing of the bill) no amendment may be moved which is not either formal, verbal or consequential upon an amendment made after the Bill was taken into consideration". If I understand it correctly, Mr. Poulose's point of order seems to be that none of the amendments now tabled by the Minister is either formal, verbal or consequential. I can perfectly appreciate the position that the 18 amendments tabled by the hon. Minister at the third reading stage are not verbal or consequential; but whether they are 'formal' is a matter to be decided by me. And that word 'formal' has got ever so many interpretations. I looked into the rulings and I have found the clear position that the word 'formal' can be interpreted to mean that the amendments should not relate to matters which are foreign to the discussion at the second reading stage. I have very carefully and with due respect to the rights and privileges of this House and of every Member of this House gone through these amendments and have come to the irresistible conclusion that none of these amendments is foreign to the discussion at the second reading stage. I do not want to take up these amendments one by one and dilate upon them.. But I will mention one or two. In some of the sections the words "and any local a u t h o r i t y" has been added as a result of amendments already accepted. Whether that idea is to be imported into other sections is a matter to be decided by this House. Similarly, in section 2(29) the omission of the words "in a Kanom deed" is likely to be misunderstood. This omission is necessary, because in the definition clause regarding kanam, i. e., clause 2(18) ever so many other documents have been described as coming within the term 'kanam'. So, the words "in a kanam deed", if they were to remain in that sub-clause (29) of clause 2 will create difficulty. To obviate trouble and remove difficulties,

LIBRARY ARCHIVES Kerala Legislative Assembly

certain amendments have been brought. Shri Sreedhar was arguing one position and he was quoting ever so many amendments, one after the other. I admit that some of these amendments are neither verbal nor consequential.

Shri Ponnara G. Sreedhar: According to me, they are neither verbal, consequential or formal. They are substantial.

Mr. Speaker: None of the amendments is substantial; even then, I did not want to stand against the right of the Minister to move them. I still thought that without much debate these amendments could be moved at this stage and got passed. That was what I thought.

On the point of order raised by Shri E. P. Poulose, I feel that these amendments are of a formal nature; but then I do not mean to exercise that right. The hon. Revenue Minister will move for the suspension of Rule 100 (4) in order to be allowed to move these amendments.

Smt. K. R. Gouri: Sir, I move that rule 100, sub-rule (4) may be suspended to enable me to move these amendments.

The motion was put and carried.

Sub-rule 100(4) was suspended.

Smt. K. R. Gouri: Sir, I move—

In clause 2, in sub-clause (29) omit "in a Kanom deed".

അങ്ങ് കാണം ഡീഡ് എന്നു പറഞ്ഞതു് ഡിക്രി അല്ലെന്നും ഡീഡ് അല്ലെന്നും പറഞ്ഞു. അതുകൊണ്ടാണ് അതു എടുത്തുകളയണമെന്നു പറഞ്ഞതു്. അതു സബ്സ്റ്റാൻഷ്യൽ ആയിട്ടുള്ളതൊന്നുമല്ല. അതുപോലെ കാണമല്ലാത്തതും Definition-ൽ വരുന്നുണ്ട്.

The amendment was put and carried.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഒരു പക്ഷെ റൂൾ 100 (4) സസ്പെൻഡ് ചെയ്താൽതന്നെയും ഈ കൊണ്ടുവന്നിരിക്കുന്ന ഭേദഗതികളെക്കുറിച്ച് അമെൻഡ്മെൻറ് മൂവ് ചെയ്യാൻ ഉള്ള സമയം കൊടുത്തല്ലാതെ ചെയ്യുന്നതു ശരിയായിരിക്കുകയില്ല.

Mr. Speaker: Of course, if any hon. Member wants to exercise his right of moving amendments to these amendments, he will be allowed to do that. In that case, we will sit in the afternoon also.

Shri E. P. Poulose: It is not that we want to move amendments. If such amendments are to be moved, the proper procedure is to recommit it for further consideration before the motion for final passing is moved. That is one thing.

LIBRARY ARCHIVES Kerala Legislative Assembly

[Shri E. P. Poulose]

The other question is, in fact some of these amendments have been stressed by me and other hon. Members, for example, to the provision for hearing of appeals as persona designata. But then, ever so many arguments were adduced by the other side that Art. 227 will come to the rescue and there will be appeals and all that. And after consistently resisting our arguments, they are now having the opinion from some other people at this last stage and bringing in an amendment after flouting the opinion from this side. That is why I raised this point.

Smt. K. R. Gouri : Sir, I move :

In clause 2, in sub-clause (32) in the second proviso for "nilam" occurring in the first place, substitute "any nilam", and after "single paddy crop", add "which shall be the principal crop".

നിലമെന്നുള്ളിടത്തു any എന്നുകൂടി ചേർക്കണമെന്നുള്ളതാണ്. അതിനു മുമ്പിലത്തെ line-ൽ any എന്നുണ്ട്. അതു് classify ചെയ്യാനാണ്. അതുപോലെ which shall be the principal crop എന്നായെങ്കിലേ അർത്ഥം വ്യക്തമാകുകയുള്ളു.

The amendment was put and carried.

Smt. K. R. Gouri : Sir, I move :

In clause 2, in sub-clause (40) for "odacharthudar", substitute "odacharthudar or a person claiming under an odacharthudar referred to in section 4".

Besides Odacharthudars, persons claiming under them are given fixity under section 4. That is the reason for this amendment.

The amendment was put and carried.

Smt. K. R. Gouri : Sir, I move :

In clause 7, in sub-clause (6) after "Government" add "and any local authority".

ലോക്കൽ അതാറിട്ടി എന്നുള്ളതു മററുള്ള എല്ലാ വകുപ്പിലും ചേർത്തിട്ടുണ്ട്. This is an omission.

The amendment was put and carried.

Smt. K. R. Gouri : I move :

In clause 7, in sub-clause (7) for "the Subordinate Judge or the Principal Subordinate Judge as the case may be, of the Subordinate Judge's Court having jurisdicition over the area in which the holding is situate. He shall hear the appeal as persona designata and his decision thereon shall be final", substitute—"the Court of the Subordinate Judge having jurisdiction over the area in which the holding is situate. The decision of the Court on such appeal shall be final subject to the provisions of section 76".

LIBRARY ARCHIVES Kerala Legislative Assembly

Note:—Amendments similar to this with suitable modifications will be necessary in clauses 10 (10), 16, 18(10), 36(5), 51(1) and 66 consequent on the addition of clause 76.

ക്ലാസ് 76 അംഗീകരിച്ചതുകൊണ്ട് അതിന്റെ കൺസിക്വൻഷ്യൽ ആയിട്ട് ഈ അമെന്റ്മെന്റ് കൊണ്ടുവന്നതാണ്.

The amendment was put and carried.

Smt. K. R. Gouri: I move:

In clause 18, in sub-clause (3) (b) for "he shall pay as purchase price in a lump", substitute "he shall pay to the Land Tribunal in a lump in such manner as may be prescribed.

This is intended only to make things more explicit.

The amendment was put and carried.

Smt. K. R. Gouri: I move:

In clause 18, in sub-clause (5) (b) for "contract rent" where the expression occurs for the first time, substitute "contract rent or where fair rent has been fixed in respect of the holding under any law in force immediately before the commencement of this Act, such fair rent".

ക്ലാസ് 18-ൽ സ്റ്റാറ്റം ഹോൾഡറിനെ സംബന്ധിച്ച് പല വകുപ്പുകളും എഴുതി ചേർത്തിരിക്കുകയാണ്. ഫെയർ റെന്റ് എന്നുള്ളത് ഈ സ്ഥലത്ത് വിട്ടുപോയതാണ്. അതു ചേർക്കുന്നതാണ്.

The amendment was put and carried.

Smt. K. R. Gouri: Sir, I move:

In clause 18, in sub-clause (8) for "establish his claims" substitute "establish his objections and claims".

The amendment is made in view of the changes we adopted in the sections from 38 to 54. There might be objections besides claims.

The amendment was put and carried.

Smt. K. R. Gouri: I move:

In clause 18, in sub-clause (8) first part, add "within such time as may be specified".

The amendment was put and carried.

Smt. K. R. Gouri: I move:

In clause 31, for "the rights of the Government", substitute "the rights of the Government and any local authority".

This is also an omission and is just like other amendments moved by me before.

The amendment was put and carried.

Smt. K. R. Gouri: I move:

LIBRARY ARCHIVES Kerala Legislative Assembly

[Smt. K. R. Gouri]

In clause 43, in sub-clause (1) for "owned by the intermediary or the cultivating tenant or his family", substitute "owned by the intermediary or the cultivating tenant or where such intermediary or the cultivating tenant is a member of a family, by such family".

This is only explanatory.

Mr. Speaker: What is the difference? Anyway, if you want the amendment, let it be put.

The amendment was put and carried.

Smt. K. R. Gouri: I move:

In clause 45, in sub-clause (1) (i) for "the Malabar Tenancy Act, 1929", substitute "any law in force before the commencement of this Act", and in clause (iii) of the Explanation to that sub-clause, for "the Malabar Tenancy Act, 1929", substitute "any law in force before the commencement of this Act", and for "the said Malabar Tenancy Act", substitute "such law".

By this amendment, we are just adopting the phraseology used in other sections, viz; "any law in force before the commencement of this Act."

The amendment was put and carried.

Smt. K. R. Gouri: I move:

In clause 52, for "The Compensation shall be the amount calculated on the basis of the scales specified in Schedule II", substitute "The compensation shall be the aggregate of—

(i) the value of structures, wells and embankments of a permanent nature situated in the land and belonging to the landowner or the intermediary, as the case may be, and

(ii) the percentage of the value of interest of the land owner or the intermediary in respect of the land and the improvements other than those falling under clause (i) according to the scales specified in schedule II".

This change is consequential to the amended clause 63. Further the intention of the Assembly had not come out in the clause. So it has become necessary to redraft it. Mr. Thomman said that by this amendment tenant will be forced to pay more. That is not correct. The clause deals with compensation given by the Government.

LIBRARY ARCHIVES Kerala Legislative Assembly

The amendment was put and carried.

Smt. K. R. Gouri: I move:

In clause 54, in sub-clause (5) for "or the value of encumbrance as the case may be", substitute "the value of encumbrance, maintenance or alimony".

This also is intended to fill in an omission. "Maintenance or alimony" occur in other places.

The amendment was put and carried.

Smt. K. R. Gouri: I move:

In clause 58, in the Explanation to sub-clause (3) for "at the commencement of this Act", substitute "on the date notified under sub-section (1) of section 59".

This change is necessary as ceiling will be made applicable under a notification to be issued under Section 57. This position has been accepted orally,

The amendment was put and carried.

Smt. K. R. Gouri: I move the following also. All these relate to clause 61.

In clause 61, in the proviso to sub-clause (1) for "or section 15" substitute "or surrendered or purchased under section 18", and for "to be resumed", substitute "to be resumed or surrendered".

In clause 61, in sub-clause (2) in Explanation I, after "indicated', add "as far as practicable".

In clause 61, in sub-clause (3), after "final settlement" add "purchase".

These amendments are also intended to make things clearer.

The amendments were put and carried.

The question that the Kerala Agrarian Relations Bill, 1957 be finally passed was put and carried.

The Bill was passed.

Mr. Speaker: The House will now adjourn *sine die*.

The Assembly adjourned *sine die* at 1·20 p.m.

Note:—Under Rule 102 of the Rules of Procedure and Conduct of Business in the Kerala Legislative Assembly, the following patent errors were corrected by the Speaker:

1. In clause 18 (8) for the words 'within such time as may be specified' the words 'within such time as may be prescribed' shall be substituted.

LIBRARY ARCHIVES Kerala Legislative Assembly

33671

2. In clause 18 (12) for the words 'the provisions of sections 41 to 55' the words 'the provisions of sections 43 to 55' shall be substituted.

3. In clause 48, for the words 'provided' the word 'prescribed' shall be substituted.

4. In clause 59 (2) for the word 'Act' occurring in two places, the word 'section' shall be substituted.

5. In the proviso to clause 61 (1) after the word 'resumed' the words 'or surrendered or purchased' shall be inserted.

6. In clause 61 (2) for the word 'Act' the word 'section' shall be substituted.

7. In clause 87, for the words 'Kerala Court Fees and Suits Valuation Act', the words 'Court Fees Act for the time being in force' shall be substituted.

8. In clause 95 (3), in line 2, for the word 'but' the words 'pursuant to, which' shall be substituted.

NOTIFICATION

No. 88-LA1/59. *11th June 1959.*

In exercise of the powers conferred by sub-clause (a) of clause 2 of Article 174 of the Constitution of India, as amended. the Governor of the State of Kerala hereby prorogues the First Session in 1959 of the Kerala Legislative Assembly with effect from the 11th June 1959.

ഭേദഗതി വരുത്തപ്പെട്ട ഇൻഡ്യൻ ഭരണഘടന 174-ാം വകുപ്പ് 2-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണ്ണർ കേരള നിയമസഭയുടെ 1959-ലെ പ്രഥമ സമ്മേളനം 1959 ജൂൺ 11-ാം തീയതിമുതൽ ഇതിനാൽ സമാപിപ്പിച്ചിരിക്കുന്നു.

By order of the Governor,
D. TIRUMALAI,
Ag. Secretary,
Legislative Assembly.

Legislature Secretariat,
Trivandrum.

LIBRARY ARCHIVES Kerala Legislative Assembly